ഭാഗം
7

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം



# കോവിഡ് 19
# കവിതകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള
ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച
കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

അക്ഷരവൃക്ഷം
കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് 19 കവിതകൾ

## ഭാഗം 7

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

പ്രസിദ്ധീകരണം
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

മേയ് 2020

*Pubilished by :* **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scert@kerala.gov.in
Phone : 0471 - 2341883, Fax : 0471 - 2341869

*Technical Support :* **Kerala Infrastructure and Technology for Education (KITE)**
Poojappura, Thiruvananthapuram 695012, Kerala

**Cover:** N. T. Rajeev, GHSS, Thariode, Wayanad

**Layout:** Dileep R. S, Mahadevan C. and Sudheer A.
**Printed at** SCERT Press
CC - By - SA - 3.0 license
Department of Education, Government of Kerala



**പിണറായി വിജയൻ**
മുഖ്യമന്ത്രി

**കേരള സർക്കാർ**

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001

നം.410/പ്രസ്/സി.എം.ഒ/2020. മെയ് 25, 2020.


## സന്ദേശം

അക്ഷരവൃക്ഷം സൃഷ്ടികളുടെ ആറും ഏഴും ഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ആരവങ്ങളില്ലാത്ത ഈ അവധിക്കാലത്ത് നമ്മുടെ കുട്ടികൾ തയാറാക്കിയ കഥകളും കവിതകളും ലേഖനങ്ങളും വായിക്കുമ്പോഴുണ്ടാകുന്ന ആഹ്ലാദവും ആവേശവും ചെറുതല്ല. ഭാവനയും ഭാഷാപ്രയോഗവുമുൾപ്പെടെയുള്ള ശേഷികൾ ആർജിക്കുന്നതിലും പ്രകടിപ്പിക്കുന്നതിലും ലോകോത്തര നിലവാരം പുലർത്തുന്നവരാണ് നമ്മുടെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നവരെന്ന് അവ വ്യക്തമാക്കുന്നു. പ്രശ്നങ്ങൾ ആഴത്തിൽ പഠിക്കാനും ദീർഘവീക്ഷണത്തോടെയുള്ള പരിഹാരങ്ങൾ നിർദേശിക്കാനും അവർക്ക് കഴിയുന്നു. കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്തിന്റെ ഗുണമേന്മയും കരുത്തും അടയാളപ്പെടുത്തുന്ന നാഴികക്കല്ലുകളിലൊന്നായി അക്ഷരവൃക്ഷം രചനകൾ നിലനിൽക്കും.

അവധിക്കാലത്തെ ഇത്തരം പ്രവർത്തനങ്ങൾ നൽകിയ ആത്മവിശ്വാസത്തോടെയാണ് നാം പുതിയ അധ്യയന വർഷത്തിലേക്ക് കടക്കുക. ഇപ്പോഴത്തെ സാഹചര്യത്തിൽ കുട്ടികൾ വിദ്യാലയങ്ങളിൽ നേരിട്ടെത്താതെ തന്നെ പഠനപ്രവർത്തനങ്ങൾ പലതും നടത്തേണ്ടി വരും. അത്തരം പ്രവർത്തനങ്ങൾക്ക് ഊർജമാകുന്നതാകും ഈ പദ്ധതിയുടെ വിജയം. അക്ഷരവൃക്ഷത്തിലേക്ക് സൃഷ്ടികൾ അയച്ച എല്ലാ കൂട്ടുകാരെയും സ്നേഹപൂർവം അഭിനന്ദിക്കുന്നു. ഈ പ്രവർത്തനം വേഗത്തിലും വിജയകരമായും നിർവഹിച്ച പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രവർത്തകർക്കെല്ലാം അനുമോദനങ്ങൾ.

പിണറായി വിജയൻ

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in



Break the chain

കൈവിടാതിരിക്കാം...
കൈ കഴുകൂ...

ആമുഖം

പൊതുവിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ **'അക്ഷരവൃക്ഷം'** എന്ന പേരിൽ വിദ്യാർഥികളുടെ സർഗസൃഷ്ടികളുടെ ആറാമത്തെയും ഏഴാമത്തെയും സമാഹാരം പ്രകാശിപ്പിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. പ്രതിസന്ധിയുടെ പുതിയ കാലത്ത് വിദ്യാർഥികൾ ലോകത്തെയും മാനവജീവിതത്തെയും വിശ്വപ്രകൃതിയെയും എങ്ങനെ നോക്കിക്കാണുന്നു എന്നതിന്റെ നേർസാക്ഷ്യങ്ങൾ ഇതിലുണ്ട്. ഒന്നിൽ നിന്നും മാറിനിൽക്കാതെ യാഥാർഥ്യങ്ങളെ സധൈര്യം നേരിടുന്നതിന്റെയും ഭാവിയെ ഇച്ഛാശക്തിയോടെ അഭിമുഖീകരിക്കുന്നതിന്റെയും സൂചനകൾ ഇതിൽ കാണാം. ജാഗ്രതയോടെ ജീവിതത്തെ അഭിമുഖീകരിക്കാനുള്ള ശ്രദ്ധയും ഉൾക്കാഴ്ചയുമാണ് ഇതിലൂടെ പങ്കുവയ്ക്കുന്നത്. പരിമിതമായ സ്വാതന്ത്ര്യം മാത്രം അനുഭവിച്ച് വീട്ടുകൾക്കുള്ളിൽ കഴിയുമ്പോഴും ലോകത്തെ സൂക്ഷ്മമായി നിരീക്ഷിക്കാനും വിശകലനം ചെയ്യാനും ഇന്ദ്രിയങ്ങളെ യാഥാർഥ്യബോധത്തോടെ തുറന്നുപിടിക്കാനുമുള്ള സന്ദേശമാണ് ഇത് നൽകുന്നത്.

വിദ്യാർഥികളുമായി നിരന്തരം ബന്ധപ്പെടാനും അവരെ ക്രിയാത്മകമായി ബന്ധിപ്പിക്കാനും കഴിയുക എന്നത് നമ്മുടെ വിദ്യാഭ്യാസ രംഗത്തെ മികവിനെയാണ് കാണിക്കുന്നത്. നാം ആർജിച്ചിട്ടുള്ള വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വിദ്യാർഥികളെ ഇങ്ങനെ സർഗാത്മകമായി സജ്ജീകരിക്കാൻ ശ്രമിച്ച അധ്യാപകരുടെയും രക്ഷിതാക്കളുടെയും സന്നദ്ധതയും താത്പര്യവും ഏറെ ആഹ്ളാദം ജനിപ്പിക്കുന്നു.

അകന്നിരിക്കുമ്പോഴും അകലാതിരിക്കാനും വേറിട്ടു കഴിയുമ്പോഴും സാമൂഹികബന്ധം നിലനിർത്താനും ഒറ്റപ്പെടുമ്പോഴും കൈത്താങ്ങാകാനും ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കും. വിദ്യാർഥികളിൽ ആത്മവിശ്വാസവും ഇച്ഛാശക്തിയും ശുഭപ്രതീക്ഷയും വളർത്താൻ ഇത്തരം പ്രവർത്തനങ്ങൾക്കു കഴിയട്ടെ.

ആശംസകളോടെ,

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ

# അതിജീവിക്കും നാം...

കാലങ്ങളേറെ താണ്ടി വരുമച്ഛന്റെ
സ്നേഹത്തിനും അതിരു കൽപ്പിച്ചു
മാറിലുറങ്ങും കുഞ്ഞു പൈതലിനെപോലും
ദൂരെ നിന്നു കാണുവാൻ വിധിച്ചു
നമ്മളൊരിക്കലും ഒറ്റയ്ക്കല്ല
ഒത്തൊരുമിച്ചു തന്നെ ജീവിക്കും
ജാഗ്രതയാണുത്തമം എന്നോർമ്മിച്ച്
ഈ കൊറോണക്കാലവും
അതിജീവിക്കും നാം

**നജ ഫാത്തിമ**
നാലാം തരം ജി.വി.എച്ച്.എസ്.എസ് ഹേരൂർ മീപ്രി
മഞ്ചേശ്വരം ഉപജില്ല, കാസർഗോഡ്

# സാംക്രമികരോഗം

മാലോകരെ നിശ്ചലമാക്കിയ മഹാമാരി...
അരികിലുള്ളവനെ അകറ്റിനിർത്തിയവൻ നീ
അകലെയുള്ള മിത്രങ്ങളെ തളച്ചിട്ടതും നീ
പള്ളിക്കൂടങ്ങൾ വിജനമാക്കിയതും നീ...
ആരാധനാലയങ്ങൾ ശൂന്യമാക്കിയതും നീ...
കളിസ്ഥലങ്ങളെ അപ്രസക്തമാക്കിയതും നീ........
ജീവൻ ത്യജിച്ചവർ ലക്ഷങ്ങളാണ്
നിൻ മുന്നിൽ...
ജീവച്ഛവമായതും ലക്ഷങ്ങളാണ്
നിൻ മുന്നിൽ
നിലയ്ക്കട്ടെ നിൻ സംഹാരതാണ്ഡവം
തിരികെത്തരൂ ആ സുവർണ്ണകാലം.

**മുഹമ്മദ് ജസീൽ കുന്നത്ത്**
2 C ജി യു പി സ്കൂൾ ക്ലാരി
വേങ്ങര ഉപജില്ല, മലപ്പുറം

# വൈറസ്

നീ,
നിപ്പയുടെ വേഷമണിഞ്ഞു
ഞങ്ങളറിയാതെ കൂടെ കൂടിയപ്പോൾ
തിരിച്ചറിഞ്ഞു നിൻ പൊയ്മുഖം
അന്ന് പടിയിറക്കിയതാണ് നിന്നെ
കോവിഡിന്റെ വേഷമണിഞ്ഞു വീണ്ടും
ഞങ്ങളുടെ വാതിൽപ്പടികളിൽ മുട്ടുമ്പോൾ
ഞങ്ങൾ അതിനകത്ത് നിശ്ചലമാണ്
നിന്നോട് നിസ്സഹകരണമാണ്
നിനക്ക് പോകാം
കൂട്ടുകൂടാൻ ഒരുത്തനുമില്ലിവിടെ
ഞാനില്ല
എന്റെ കുടുംബമില്ല
എന്റെ നാടില്ല
എന്റെ ഭരണകൂടമില്ല
നീ വൈറസ്, കൊടിയ ശത്രുവാണെല്ലാവർക്കും

**റാഫിദ മൊയ്തു**
10 C ക്രസെന്റ് എച്ച്.എസ്സ്.വാണിമേൽ
നാദാപുരം ഉപജില്ല
കോഴിക്കോട്

# കച്ചവടമില്ലാ കാലം

കച്ചവടമില്ലാ കാലം വേലയും കൂലിയുമില്ലാതെ
മനുഷ്യൻ വീട്ടിലിരിപ്പൂ,...............
മനുഷ്യൻ കൂട്ടിലിടും പട്ടിയും പൂച്ചയും
ഉല്ലാസഭരിതനായി കറങ്ങിനടപ്പൂ..........
അവരെ പിടിച്ചിടും മനുഷ്യനോ മൃത്യുവിൽ
ഭയന്ന് വീട്ടിരിപ്പൂ................
മനുഷ്യൻ കൊമ്പുവെട്ടിയ മരം മന്ദസ്മിതവുമായി
തഴച്ചു വളർന്നീടുന്നു.............
അവരെ മുറിക്കും മനുഷ്യനോ അവർ തൻ ഫലങ്ങൾ
കഴിച്ചു വിശപ്പകറ്റുന്നു.....................
കച്ചവടമില്ലാ കാലം വേലയും കൂലിയുമില്ലാതെ
മനുഷ്യൻ വീട്ടിലിരിപ്പൂ,...............
പണത്തിൻ പിന്നാലെയോടി മനുഷ്യൻ
ശുചിത്വത്തെ സ്മരിക്കുന്നില്ല...................
ശുചിത്വം മറന്ന മനുഷ്യനോ ടാപ്പിൽ നിന്ന്
കൈയെടുക്കാൻ പറ്റുന്നുമില്ല
ഭൗതികസുഖത്തിൽ രസിച്ചുനടന്ന് മനുഷ്യൻ
ദൈവത്തെ വിസ്മരിക്കുന്നു
ദൈവത്തെ മറന്ന മനുഷ്യനോ ഇപ്പോൾ
കൈ മടക്കുന്നുമില്ല
ഈ കച്ചവടമില്ലാ കാലം മനുഷ്യന്
ഒരു ഗുണപാഠകാലം

**നവാലു റഹ് മാൻ.പി.വി**
9 B ഗവ.ടെക്നിക്കൽ ഹൈസ്കൂൾ, തോട്ടട
കണ്ണൂർ സൗത്ത് ഉപജില്ല
കണ്ണൂർ

# വാർത്തിടാം
# പുതിയ കേരളം

മഹാമാരി നാളിലും നാമൊന്നായി
പൊരുതിടാം...
പതറാതെ വിജയിച്ചിടാം ജാഗ്രത തൻ
മാർഗമായ്...
പൊരുതിടാം ഉണർവിനായി
പതറിടാതെ കരുതലിൻ കേരളം
തകർന്നതില്ല
തോറ്റതില്ല നമ്മളേത് മഹാമാരിക്ക് മുന്നിലും
നേരിടും നമ്മളീ കോവിഡും
കണ്ണ്ചിമ്മാതെ നമ്മെ നോക്കീടുന്ന
ധീരരെ ...
ചൊല്ലിടാം നന്ദിവാക്കൊരായിരം ...
തോൽക്കുവാനായ് പിറന്നതില്ലീ നമ്മളീ മണ്ണിലും
ജയിച്ചിടാം നമ്മളീ കോവിഡിന് മുന്നിലും
നിപ്പായും പ്രളയവും ജയിച്ച നമ്മളീ
കോവിഡും ജയിച്ചിടും ജാഗ്രത തൻ
മാർഗമായ്
ഒരുപാടു നാൾ വാണിടാൻ ഒഴിവാക്കാം
യാത്രകളും
ഉറ്റവർക്കായ് പാലിക്കാം അകലവും
കൈകഴുകിടാം നല്ല പുലരിക്കായ് ...
ജാഗ്രത ...ജാഗ്രത ...

**മുബീന**
8B ഗവ എച് എസ് എസ് ശാസ്താംകോട്ട
ശാസ്താംകോട്ട ഉപജില്ല
കൊല്ലം

# കരളുറപ്പോടെ മുന്നോട്ട്

ജനിച്ചതെന്നു നീ? അറിയില്ലയെങ്കിലും
ജനുവരിയിലെന്നു പറയുന്നു ചിലർ
ഡിസംബറിൻ കുളിർ മഞ്ഞിൻ പുതപ്പിലോ?
കുരുന്നു കുഞ്ഞായ് കൊറോണ പിറന്നത്?
ജനിച്ചതെങ്ങു നീ? അറിയില്ല എങ്കിലും...
ചീന നാട്ടിലെ വൻമതിൽ കെട്ടിലോ?
ചാവടുത്തൊരു വവ്വാലിനുള്ളിലോ?
ഉലകം മുടിക്കുവാൻ, നീ ഉയിർ കൊണ്ടത്
ഹരിത കമ്പളം ചാർത്തി നിൽക്കുന്നൊരീ
ഹൃദയഹാരിയാം സ്നേഹാർദ്ര ഭൂമിയിൽ
മരണനൃത്തം ചവിട്ടി നീ എന്തിനോ
കാതങ്ങളനവധി താണ്ടി നീ ഇങ്ങെത്തി?
മർത്ത്യ ജാലത്തെ കണ്ണീരിലാഴ്ത്തുവാൻ
സ്വസ്ഥ ജന്മങ്ങൾ ശിഥിലമാക്കീടുവാൻ
പക്ഷേ: കോവിഡ്, നീ ഒന്നറിഞ്ഞീടുക........
ഇറ്റലിയല്ലിത് യു.എസ്സുമല്ലിത്
നിൻ ജന്മദേശം വുഹാനു മല്ലിത്
ഇന്നോളം നീ പാർത്ത മാളോരുമല്ലിത്
കരളുറപ്പിന്റെ കഥകൾ പലവുരു
പ്രളയകാലത്ത് പാടിപ്പതിഞ്ഞവർ
നിനക്കു മുന്നെ നിൻ ചേച്ചിയാം നിപ്പ യെ
ഉരുക്കു മുഷ്ടിയാൽ പൊരുതി ജയിച്ചവർ
ഐകമത്യം മഹാബലമെന്നൊരു
നല്ല മുത്തശ്ശിച്ചൊല്ലിൽ വളർന്നവർ
ഒറ്റക്കെട്ടായി നിന്നെ തകർക്കുവാൻ
ഒറ്റയ്ക്കൊറ്റയ്ക്ക് വീട്ടിലിരിപ്പവർ
അതിജീവനത്തിന്റെ മന്ത്രാക്ഷരമായ്
മാലാഖമാർ സാന്ത്വനമേകവേ
നില തെറ്റി, അടി പറ്റി നീ പിടയുന്നതും
വേരറ്റ് തിരി കെട്ട് നീ അണയുന്നതും
കണ്ട് ....

ഒരു ഫീനിക്സ് പക്ഷിയായ് ഒരു നവജ്യോതിയായ്
ഉയർന്നു പൊങ്ങുവാൻ എൻ പ്രിയകേരളം
നൻമ തൻ നാളം കെടാതെ തെളിക്കുവാൻ
കരളുറപ്പോടെ എൻ പ്രിയകേരളം.....
കരളുറപ്പോടെ എൻ പ്രിയ കേരളം

**അനുപ്രിയ .ജെ**
8 T പി.കെ.എം.എം.എച്ച്.എസ്.എസ് എടരിക്കോട്
വേങ്ങര ഉപജില്ല, മലപ്പുറം

# കൗതുകം നിറഞ്ഞ ദിനങ്ങൾ

അമ്മതൻ ചിൻമുദ്രയാണീ ദിനങ്ങൾ
അച്ഛന്റെ ഉപദേശപൂരിതമീ ദിനങ്ങൾ!
എത്ര ലഘുവാണീ ജീവിതം.
കൗതുകം നിറഞ്ഞ ദിനങ്ങൾ തൻ
സന്തോഷവേളകളിൽ
കോവിഡെന്നൊരു ശത്രുവിന്നാഗമനം.
ജാഗ്രതയെ കൂട്ടാക്കിയതിജീവിക്കാം
അതൊന്നുമാത്രമേ വജ്രായുധം.
ഭയം വേണ്ട ജാഗ്രത മതിയെന്ന മഹാവാക്യം
ലോകമാം അമ്മതൻ
സിരകളിലുയരുന്നു
അതിജീവിക്കും ഞാൻ എൻ
ശത്രുവിൻ പീഡകളിൽ നിന്ന്...!

**അക്ഷര ഓമനക്കുട്ടൻ**
7 ബി.എച്ച്.എച്ച്.എസ്.എസ്
മാവേലിക്കര ഉപജില്ല
ആലപ്പുഴ

# കണ്ണികൾ തകർക്കാം

അടച്ചു പൂട്ടിയ കടകൾ കാണാം
അകന്നു നിൽക്കും ബന്ധം കാണാം
തെരുവുകളിലെങ്ങും ശാന്തത കാണാം
ഹൃദയം തകരും വാർത്തകൾ കേൾക്കാം
ലോകം കീഴടക്കിയ മർത്യാ നീ ഓർത്തിരുന്നോ
ലോകം നടുക്കും വൈറസിനെ കുറിച്ച്

ജാതിയില്ലാ, മതമില്ല വൈറസിന് മുമ്പിൽ
സമ്പന്നരില്ലാ, ദരിദ്രരില്ലാ
കത്തിയമർന്ന ശവശരീരങ്ങൾ എങ്ങും മൂകത പകരുന്നു

വിദ്യനേടി,തൊഴിലുകൾ നേടി
ഉയർന്ന പദവി നേടിയ മർത്യാനീയറിഞ്ഞില്ല
നിന്റെ കോട്ടിനുള്ളിൽ ഒളിഞ്ഞിരുന്ന
ലോകം നടുക്കും വൈറസിനെ

വിദ്യ നേടിയ വിദ്യാർഥികൾ
കഴിവുകൾ തെളിയിക്കാൻ കാത്തിരിക്കവെ
ഹൃദയം നടുക്കും വാർത്തകൾ കേൾക്കാം

തൂലികകൾ വിറയ്ക്കുന്നു
ഹൃദയം തകരുന്നൂ
കണ്ണുകൾ നിറയുന്നു
കാലത്തിന്റെ ഓർമകൾ ഹൃദയത്തിന്റെ മുറിവുകളായ്

സ്വന്തം ജീവൻ വകവയ്ക്കാതെ
മാലാഖമാർ കൈയും വായും മൂടിക്കെട്ടി
പ്രതീക്ഷ നൽകും കണ്ണുകൾ കാണാം
ഇത്തിരി നേരം ഒത്തിരി കാര്യം
ഒത്തിരി ജീവന്റെ തുടിപ്പുകൾ കാണാം

കാക്കിക്കുള്ളിലെ ഹൃദയം കാണാം
സ്നേഹത്തിന്റെ വാക്കുകൾ കേൾക്കാം
രോഷം മൂത്തവർ ക്ഷമിച്ചു നിൽക്കും ശാന്തത കാണാം

നാം ചിന്തിക്കുക, മനസിലാക്കുക
നമ്മൾ അറിയുക, ശുചിത്വം പാലിക്കുക
നമ്മൾ നമ്മളെത്തന്നെ സൂക്ഷിക്കുക
അറുത്തുമാറ്റൂ വൈറസിൻ കണികയെ
മറ്റുള്ളവരെ പഴിചാരാതെ

സ്വർഗം പോലൊരു ഭൂമിയെ
നമ്മൾ സ്നേഹത്തിന്റെ പനിനീർ കൊണ്ട്
ശുചിത്വത്തിന്റെ തേരുകൾ കൊണ്ട്
മനുഷ്യത്വത്തിന്റെ കാവൽ കൊണ്ട്
സ്നേഹത്തിന്റെ പൂക്കൾ കൊണ്ട്
ശുചിത്വത്തിന്റെ കതിരുകൾ കൊണ്ട്
നമുക്കൊന്നായ് കൈകോർക്കാം

**നിജിൽ സജി.പി**
10 A ജി.വി.എച്ച്.എസ്.എസ് ഹേരൂർ മീപ്രി
മഞ്ചേശ്വരം ഉപജില്ല
കാസർഗോഡ്

# പൂരം

ആനകളില്ലാത്ത
അമ്പാരിയില്ലാതെ
ആളുകളില്ലാതെ
ആഘോഷമില്ലാതെ
ആദ്യമായി
അമ്പലമുറ്റവും
പൂരപ്പറമ്പും.
ഇലഞ്ഞിത്തറമേളത്തിന്
ഇനിയും ആളുകൾ കൂടാൻ
ഇനിയൊരുവർഷം കാക്കണം
ഇനിയൊരു പൂരത്തിനായ്.

**അജിലാൻ**
6 A മേനപ്രം ഈസ്റ്റ് യു.പി സ്കൂൾ
ചൊക്ലി ഉപജില്ല, കണ്ണൂർ

# വെറും നിസ്സാരൻ

മനുഷ്യാ നീ വെറും നിസ്സാരൻ!
ഭൗതിക വൈദഗ്ദ്ധ്യത്തിൽ
അഹങ്കരിക്കുന്ന മനുഷ്യാ
നീവെറുമൊരുനിസ്സാരൻ ...
പണത്തുട്ടിൽ മാത്രം നോട്ടമിടുന്ന
മനുഷ്യാ നീ വെറുമൊരു പാഴ്ജന്മം
പ്രകൃതിയുടെ അനന്തതയിൽ
നീ വെറുമൊരു പാമരൻ...
ഈ ഭൂഗോളത്തിൽ ഉന്മത്തനായി വിഹരിക്കുന്ന
നീ അറിയുമോ പ്രപഞ്ച സത്യങ്ങൾ?
സാങ്കേതിക ഉയർച്ചയിലും വളർച്ചയിലും
അഹങ്കരിക്കുന്ന നീ
പേടിക്കുന്നു, വിറയ്ക്കുന്നു, തളരുന്നു
അദൃശ്യമാമൊരു ചെറുവൈറസിനെ
അജയ്യനെന്ന് ഉൽഘോഷിക്കുന്നു നീ
അഹന്തമങ്ങി വിറങ്ങലിച്ചിരിക്കുന്നു.....
പ്രപഞ്ചത്തെക്കുറിച്ച് പഠിച്ച നീ
അനുദിനം ഭൂമിയെ കൊന്നു കൊണ്ടിരിക്കുന്നു...
ഈ പാപക്കറകൾ നിന്റെ തന്നെ
ഘാതകരായി പുനർജ്ജനിക്കുന്നു
ക്രോധത്തിനോ അഹങ്കാരത്തിനോ
നിന്നെ രക്ഷിപ്പാനാവില്ല
സ്നേഹം കൊണ്ടും ഒരുമ കൊണ്ടും
കീഴടക്കുവിൻ ധരണിയെ..
നിന്റെ ചേതന ഉണരേണ്ടിയിരിക്കുന്നു
വെട്ടിപ്പിടിക്കാനല്ല കൂട്ടിപ്പിടിക്കാൻ
സ്നേഹത്തിൻ വില അറിയുവാൻ
ഒരു കെടാദീപമായി അതിനെ
കാത്തുസൂക്ഷിക്കാൻ
കർമ്മനിരതരാവാം നമുക്ക്
നല്ലൊരു നാളേക്കായി...
മനുഷ്യാ നീ മനനം ചെയ്യുമോ
ഉണരുമോ ഇനിയെങ്കിലും?

**ശ്രാവണ എസ്**
9 Q ജി.വി.എച്ച്.എസ്.എസ്. പയ്യോളി,
മേലടി ഉപജില്ല, കോഴിക്കോട്

# മഴനോവ്

മുഖം കറുപ്പിച്ച് നിൽക്കുന്ന
ഇരുണ്ട കണ്ണുകളോട്
മഴ ചൊല്ലി:
ഇനിയെങ്കിലുമെന്നെ തുറന്നു വിടണേ.....
ജനൽ പഴുതിലൂടവൾ പലതും കണ്ടു
വായ മൂടിക്കെട്ടിയതിനാൽ
എല്ലാം ഉള്ളിലൊതുക്കി
വേദനകളെ കടിച്ചമർത്തി
വിതുമ്പി നിൽക്കുക മാത്രം....
യന്ത്രനഖങ്ങളാൽ കുത്തിക്കീറിയ
ചിതലരിച്ചൊരു പാഴ്ചിത്രം പോൽ
വസുധ മൂകശാന്തമായ് തേങ്ങുന്നു.....
കനൽച്ചൂടിനെ ഉള്ളിലൊളിപ്പിച്ച
കരിക്കട്ട പോൽ
അകം വെന്ത്
നീര് വറ്റി
നിറം മാറി
വരണ്ട് വിണ്ടുകീറിപ്പോയവൾ.....
ആർത്തിപൂണ്ട കറുത്ത കൈകൾ
നഖമുനകളാൽ കോറിവരച്ച
ഹൃദയ ഭിത്തിയിൽ
ചോരച്ചാലുകൾ പടരുന്നു.....
വഴിതെറ്റിപ്പോയ സ്വപ്നങ്ങൾ
ദിക്കറിയാതെ
പെരുവഴിയിൽ
തരിച്ചിരിക്കുന്നു.
ഉള്ളുലഞ്ഞ്
കരഞ്ഞ് കേഴുന്നവളേ ,
മാപ്പ് തരിക നീ .....

**അനിവേദ എ ആർ**
8 A ജി.വി.എച്ച്.എസ്.എസ് മടപ്പള്ളി
ചോമ്പാല ഉപജില്ല, കോഴിക്കോട്

# മടക്കയാത്ര

അവളുടെ കലങ്ങിയ കണ്ണുകൾ
അന്നാരും തുടച്ചില്ല.
ഒരു ഇളം തെന്നൽ പോലും സാന്ത്വനമേകിയില്ല.
അവളുടെ മക്കളെ കൊന്നൊടുക്കിയപ്പോൾ
മാതൃത്വത്തിന്റെ രോദനം ആരും കേട്ടില്ല.
അവളുടെ അമ്മിഞ്ഞയിൽ വിഷം കലർത്തിയവർ
ജീവശ്വാസത്തിൽ മരണം നിറച്ചവർ
കാതടപ്പിക്കുന്ന ശബ്ദങ്ങൾ കൊണ്ട് വീർപ്പുമുട്ടിച്ചവർ.
അദൃശ്യനാം ശത്രുവിൻ മുന്നിൽ നിസ്സഹായരായി
മരണം നിഴലരിക്കുന്ന വഴികളിൽ നിൽക്കുന്നു.

സ്വയം തീർത്ത തടവറക്കുള്ളിൽ
അവർ അകപ്പെട്ടു കഴിഞ്ഞു.
അവർക്കിപ്പോൾ തിരക്കുകളില്ല.
ആഘോഷങ്ങളില്ല ആചാരങ്ങളില്ല
യുദ്ധവും കലാപവുമില്ല
നിശ്ചലം,എല്ലാം നിശ്ചലം
അവളുടെ വെള്ളി കൊലുസുകൾ
വീണ്ടും വെട്ടിത്തിളങ്ങുന്നു
ജീവവായുവിന് തെളിമയുടെ നൈർമല്യം
വീണ്ടെടുക്കുകയാണവൾ പഴയ പലതും
അവൾ ഒഴുകുകയാണ് സ്വസ്ഥമായി, സ്വച്ഛമായി
വീണ്ടും ഒഴുകിയടുക്കുകയാണ്
യൗവ്വനത്തിലേക്ക്.

**സ്മൃതി കെ എസ്**
9 എഫ് ജി.വി.ജി.എച്ച്.എസ്സ്. ചിറ്റൂർ
ചിറ്റൂർ ഉപജില്ല
പാലക്കാട്

# എന്റെ സമുദ്രം

എത്ര വിശാലമാണീ സമുദ്രം
എത്രയ്ക്കഗാധമാണീ സമുദ്രം
എന്തൊരു വിസ്മയം എന്തൊരു ചന്തം
എന്തൊക്കെയുണ്ടാമിതിന്റെയുള്ളിൽ
തുമ്പത്തു വെള്ളി നിരയുമായി
തുള്ളി തുളുമ്പും തിരകളുണ്ട്
മീനുണ്ട് സ്രാവുണ്ട് ചിപ്പിയുണ്ട്
ചിപ്പിക്കകത്തു വെൺമുത്തുകളുണ്ട്
പാമ്പുണ്ട് പൂവുണ്ട് പായലുണ്ട്
നീലത്തിമിംഗലം നീന്തണുണ്ട്
കുന്നുകൾ പർവതം താഴ്‌വരയും
കല്ലും മണ്ണും പാറകളും
കൂരിരുൾ തിങ്ങും ഗുഹകളുണ്ട്
പുമ്പാറ്റപ്പുഴു വേറെയുമുണ്ട്
എത്രപകലിലും തീർന്നിടാതെ
പിന്നെയും കാര്യങ്ങളേറെയുണ്ട്
എൻകൈയിൽ നിന്നുംകളഞ്ഞു പോയ
പെൻസിലുമുണ്ടീ കടലിനുള്ളിൽ

**അമൃത എ എച്ച്**
7 C ടി.എച്ച്.എസ്സ്.പുത്തൻചിറ
മാള ഉപജില്ല, തൃശ്ശൂർ

# കോവിഡ് വിഷു

കണിക്കൊന്നയുടെ സ്വർണനിറം മങ്ങിയ,
പടക്കങ്ങളുടെ ശബ്ദ കോലാഹലങ്ങൾ ഇല്ലാത്ത,
പഴങ്ങളുടെ മണം ഇല്ലാത്ത,
അമ്പല ദർശനം ഇല്ലാത്ത,
കൈനീട്ടങ്ങൾ ഇല്ലാത്ത
ആർഭാടവും ആഘോഷവും ഇല്ലാത്ത
ഒരു കോവിഡ് വിഷു.

**അനന്യ കെ. ബി**
6 C പി.എച്ച്എസ്.എസ്., പറളി
പറളി ഉപജില്ല, പാലക്കാട്

# ചുവന്ന മാലാഖ

കള്ളിമുള്ളുകൾക്കിടയിലും
പച്ചവിരിപ്പിനുമിടയിലും
നീണ്ടതണ്ടുകൾക്കുമുകളിലായി
വിരിഞ്ഞുനിൽക്കുന്ന സ്നേഹപുഷ്പം
പ്രകാശത്തിലേക്ക് മുഖംതിരിച്ച്
ഇരുളിനോട് വിട പറഞ്ഞ് നിൽക്കും
ഇത് കണ്ണീർ പുഷ്പം
ആഘോഷവേളയിൽ നിറം പകർത്തും
ഇതൊരു സ്നേഹ കണ്ണീർപുഷ്പം
ചന്ദ്രന്റെ കിരണങ്ങൾ ഭൂമിയിൽ അലിയുമ്പോൾ
വിട പറയാനൊരുങ്ങുന്ന സ്നേഹപുഷ്പം
പ്രണയത്തിൽ നിറമേകി പ്രകാശം പരത്തുന്ന ധീരപുഷ്പം
വേദനകൾ കടിച്ചമർത്തി പുഞ്ചിരിക്കുന്നവൾ
ഇവളാണ് വിജയി
ഇവളാണ് സൗഭാഗ്യവതി
പ്രകാശത്തിൻ പടിചവിട്ടുന്ന
സ്നേഹത്തിൻ മുത്തുമണി

**അമാന അഷറഫ്**
8 A എഫ് ജെ എം എച് എസ് എസ് പുതുപ്പാടി
കോതമംഗലം ഉപജില്ല, എറണാകുളം

# പുള്ളിയുടുപ്പിട്ട പൂമ്പാറ്റ

പുള്ളിച്ചിറകുള്ള പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ
പൂവുകൾ തോറും പാറി നടന്ന്
തേൻ നുകരുന്നൊരു പൂമ്പാറ്റേ
നിന്നെ കാണാൻ എന്തൊരു ചന്തം
ഒന്നു തൊടാനൊരുമോഹം
തെച്ചിപ്പൂവിൻ ചേലുള്ള കാതിൽ
സ്വകാര്യം പറഞ്ഞത് നീയല്ലേ?
തുമ്പപ്പൂവിൻ കുഞ്ഞിക്കവിളിൽ
ഉമ്മ കൊടുത്തതും നീ അല്ലേ?
കാട്ടുവള്ളിപ്പൂവിൻ തേൻ നുകരുമ്പോൾ
മുള്ളു കൊള്ളാതെ നോക്കിടണേ
പുള്ളിച്ചിറകുള്ള പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ.

**ഫാത്തിമ സന. എ.എം**
2 A മദ്രസ അൻവാരിയഎൽ പി സ്കൂൾ
തലശ്ശേരി സൗത്ത് ഉപജില്ല, കണ്ണൂർ

# തേങ്ങിക്കരയുന്ന ഭൂമി

എത്ര സുന്ദരമാണെന്റെ നാട്
കുണുങ്ങിക്കുണുങ്ങി ഒഴുകുന്ന പുഴ
പച്ചപ്പട്ടണിഞ്ഞ വയൽ
ഉയർന്നു നിൽക്കുന്ന കുന്ന്
കേരങ്ങൾ നിറഞ്ഞ പാതയോരം
കൃഷി ചെയ്യുന്ന മനുഷ്യർ
തഴുകിയുണർത്തുന്ന ഇളംതെന്നൽ
കാറ്റിലാടുന്ന വൃക്ഷങ്ങൾ
എന്തൊരു ഭംഗിയാണീ പരിസ്ഥിതി
അയ്യോ ! അതൊരുസ്വപ്നമായിരുന്നോ
ഇന്ന് വറ്റിവരണ്ട പുഴ
ഇടിച്ചുനിരത്തിയ കുന്ന്
കടകൾ നിറഞ്ഞ പാതയോരം
നികത്തിയ വയൽ
ഇതു മാത്രം.
പൊടിയും മണ്ണും നിറഞ്ഞ കാറ്റ്
വെട്ടി മുറിഞ്ഞ വൃക്ഷങ്ങൾ
പ്രകൃതിയെ ചൂഷണം ചെയ്യുന്ന മനുഷ്യർ
തേങ്ങിക്കരയുന്ന ഭൂമി.

**അവ്യയ ജിഷാന്ത്**
5 മുഴപ്പിലങ്ങാട് ഈസ്റ്റ് എൽ പി എസ്
കണ്ണൂർ സൗത്ത് ഉപജില്ല
കണ്ണൂർ

# ഇനിയും മതിയായില്ലേ മനുഷ്യാ നിനക്ക്

ഇനിയും മതിയായില്ലേ മനുഷ്യാ നിനക്ക്?
ഇനിയും മതിയായില്ലേ ഈ അതിക്രമം?
നിൻ കരങ്ങളിൽ എത്ര ജീവൻ ഇന്നു പൊലിഞ്ഞു
നിൻ കാതുകളിൽ എത്ര ജീവൻ നിലവിളിച്ചു
നിനക്ക് എണ്ണുവാൻ കഴിയുമോ ആ കണക്കുകൾ?
എണ്ണിയാൽ തീരുമോ ആ ജീവനുകൾ?
നിൻ മുത്തശ്ശൻ നിനക്കായി നട്ട ആ മരം
നീയെന്ന ദ്രോഹി ഞെട്ടറ്റു വീഴ്ത്തിയതെത്ര വേഗം
ഇനിയും മതിയായില്ലേ മനുഷ്യാ നിനക്ക്
ഇനിയും മതിയായില്ലേ ഈ അതിക്രമം
എല്ലാം നശിപ്പിച്ച് പണത്തിന്നധിപനായി
വസിക്കുന്നതിന് തുല്യമോ മനുഷ്യാ
വയലിൽ കതിർകൊത്തുന്ന കിളികൾ
നീ ചിന്തിക്കൂ നിന്റെ ബാല്യമെങ്ങനെ
നീ കളിച്ചൂ പാടത്തും തൊടിയിലും
നിൻ കുഞ്ഞു കളിക്കുന്നു മൊബൈലിലും കംപ്യൂട്ടറിലും
നീ കഴിച്ചൂ ശുദ്ധമാം പോഷകാഹാരം
നിൻ മക്കൾ കഴിക്കുന്നു വിഷമയമായ ആഹാരം
നീ നശിപ്പിച്ചു അവരുടെ വയലും പാടവും
നീ നശിപ്പിച്ചു അവരുടെ ബാല്യകാലം
ഏത് പുണ്യനദിയിൽ കുളിച്ചാലും തീരില്ല
മനുഷ്യാ നീ ചെയ്ത പാപങ്ങൾ
ഇനിയും മതിയായില്ലേ മനുഷ്യാ നിനക്ക് ?
ഇനിയും മതിയായില്ലേ ഈ അതിക്രമം ?

**അക്ഷര കെ**
7 A മുഴപ്പിലങ്ങാട് യു.പി സ്കൂൾ
കണ്ണൂർ സൗത്ത് ഉപജില്ല
കണ്ണൂർ

# പകച്ചു പോയ്

ഭൂമിതൻ മാറിടം കുത്തിപ്പിളർന്നു നാം
തെളിനീരുറവകളൂറ്റി ക്കുടിച്ചു നാം
മതിവരാതിന്നിന്റെ തണലുകൾ
കൊയ്തു നാം
പ്രതികാരമരുതാതെ സർവ്വം
സഹിച്ചു നീ
മക്കളുടെ വീര പരാക്രമമേറ്റ്
വാങ്ങുമ്പോഴുമമ്മ നീ
തേങ്ങിക്കരഞ്ഞില്ല പൊട്ടിത്തെറിച്ചില്ല
ശാപവാക്കൊന്നുമേ വാരിച്ചൊരിഞ്ഞീല
ഇന്നിതാ ഭൂമിയിൽ അന്തകവിത്തിനെ
പാകി വളർത്തുന്നു മാനുഷ ജന്മങ്ങൾ
നീതിബോധത്തിന്റെ മറുതല
കാണാതെ
പാടുപെടുന്നൊരു ധീരരാം
പോലീസും ആതുരാലയങ്ങളും
നിപയും പ്രളയവുമായ് വന്നു തകർത്തപ്പോൾ
ഒരുമ തൻ ശക്തിയാൽ തോല്പിച്ചതും നമ്മൾ
മതിവരാ ദുരന്തങ്ങളേൽപ്പിച്ചു
കോവിഡും
ഇന്നിതാ നമ്മളെ ശിക്ഷിച്ചു തള്ളുന്നു
ഒരുമയിലിതിനെയും തച്ചുതകർക്കണം
മണ്ണിനെ, മനസ്സിനെ, മനുജനെ, ഭൂമിയെ
തിരികെപിടിച്ചിടാം

**ഗോപിക നാഗത്ത്**
6. C മൊടക്കല്ലൂർ യു പി എസ്
കൊയിലാണ്ടി ഉപജില്ല
കോഴിക്കോട്

# ഒന്നായ് കൈകോർക്കാം

പച്ചപ്പരവതാനി അണിഞ്ഞ് മണ്ണിൽ സ്വർണ്ണപുഷ്പങ്ങൾ വാരിവിതറി-
ഐശ്വര്യത്തിൻ ദേവിയായ് നിറഞ്ഞു നിന്നീടും എൻ ഭൂമിദേവി
ഒരുനാൾ അതാ ഭൂമിദേവി പാലൂട്ടിവളർത്തിയ മനുഷ്യകുലം തൻ
ജീവിതസുഖം-
തേടിയലഞ്ഞവസാനം മൂർച്ചയേറിയ വാളാൽ കുത്തിനുറുക്കി എൻ
പുണ്യഭൂമിയെ
ആ മൂർച്ചയേറിയ വാളിനു സമമത്രേ ഓരോ മാലിന്യക്കൂമ്പാരവും...........
സഹനത്തിൻ നിത്യനിദാനമാണെൻ പുണ്യഭൂമി
മാനവിക ജന്മത്തിൻ മുദ്ര പതിഞ്ഞ ഓരോ മനുഷ്യനും തൻ
പാപത്തിൻ കാഠിന്യം-
എത്രയെന്നനുഭവം പാഠമാക്കാൻ പ്രകൃതി തൻ
താണ്ഡവാവതാരം അണിഞ്ഞപ്പോൾ-
മനുഷ്യകുലം തൻ ജീവനു കാവലായ് നെട്ടോട്ടമോടുന്നു
ഈ താണ്ഡവത്തെ മനുഷ്യർ ഇന്നനവധി പേരു നൽകി വിളിച്ചപ്പോൾ
ഒന്നോർക്കുക-
സോദരാ ഇവയെല്ലാം പ്രകൃതി തൻ അവതാരമത്രേ
എന്നാൽ ഇവയുടെ അന്ത്യമെന്തെന്ന ചോദ്യത്തിനേക മറുപടി മാത്രം
മന്നിൽ -
സംരക്ഷകരായ് മാറാം
വറ്റിയ നിലത്തിൻ കുളിർമയായ് ഓരോ തൈ നടാം.

**അമിത അന്ന സാബു**
10 ജി മൗണ്ട് കാർമ്മൽ ഹൈസ്കൂൾ
കോട്ടയം ഈസ്റ്റ് ഉപജില്ല
കോട്ടയം

# പ്രകൃതിയാം അമ്മ

പണ്ടൊരുനാൾ മനുഷ്യൻ പിറന്നു ഭൂവിൽ
പ്രകൃതിയാം ദേവിയുടെ ഗർഭപാത്രത്തിൽ
ആ സ്നേഹം നുകർന്ന്
ആ താരാട്ട് കേട്ട്
ആ മാറോട് ചേർന്നവൻ വളർന്നു.
പിന്നീടെന്നോ അവൻ കൈ
വിട്ടാദിവ്യ സ്നേഹാമൃതം.
അതിമോഹമവനിൽ വളർന്നു വന്നു,
ആർത്തിയും ദുരയും- അന്ധമാക്കി,
പാലമൃതൂട്ടും ദിവ്യകരങ്ങളെ,
തച്ചുടച്ചവൻ തകർത്തെറിഞ്ഞു.,
കുപ്പിവള കിലുക്കി കിലുകിലെ ചിരിച്ച ,
നീലവാനമിന്നിതാ കണ്ണീരണിഞ്ഞു
മരതകപ്പട്ടണിഞ്ഞ പച്ചപ്പുൽ മേടുകൾ ,
കരിഞ്ഞുണങ്ങി നീർവറ്റി മരുഭൂവായ്. ,
തരുകൾ നിറഞ്ഞൊരാ
നിബിഡവനങ്ങളും ,
തിക്കിത്തിരക്കുന്ന നഗരമായ് മാറി. ,
ശബ്ദ മലിനീകരണത്താൽ വലയുന്നു.
വിഷപ്പുകകൾ നിറഞ്ഞിടുന്നു ,
മാലിന്യ കൂമ്പാരം മൂടുന്നു പ്രകൃതിയെ
തൻ മക്കളാൽ മരിക്കുന്നു ഭൂമിദേവിയും
എന്തിന് കാട്ടുന്നു ഇത്രമേൽ ക്രൂരത
പ്രകൃതിയാം അമ്മ നിലവിളിക്കുന്നു

**എയ്ഞ്ചൽ ജോജി**
6 സി മൗണ്ട് കാർമ്മൽ ഹൈസ്കൂൾ
കോട്ടയം ഈസ്റ്റ് ഉപജില്ല, കോട്ടയം

# THE LOST GIRL

I am a Lost girl
And I am a Good Girl
I make the chain with Flowers
In rainy days I shook the Trees
and Make a Shower
I eat many kinds of Fruits in
many kinds of trees
and this time I am not alone
I have a mother, that is my greeny forest mother !
This time I have a friend,
That is my best forest friend
Only I says for you,
please stop deforestation.

**Theerdha.S**
7C UPS Adayamon, കിളിമാനൂർ ഉപജില്ല
തിരുവനന്തപുരം

# NATURE THE GIFT OF GOD

Nature is a wonder
equivalent to heart
full of love full of beauty
full of life .....
Nature is a wonder
like a lovely thunder
full of light
full of power
full of glory
Nature is a wonder
Whole in this cosmic
But can't explain only one fact,
Nature is the gift of God

**AMRUTHA C G**
9 G മൗണ്ട് കാർമ്മൽ ഹൈസ്കൂൾ
കോട്ടയം ഈസ്റ്റ് ഉപജില്ല, കോട്ടയം

# നേരിടാം നമുക്കൊന്നായ്

വിശ്വം മുഴുവൻ പെയ്തിറങ്ങുമീ
മഹാമാരിയിൽ പകച്ചു നിൽക്കുന്നു
മർത്യൻ, കണ്ണീരുമായി
അദൃശ്യനാം ശത്രുവിനെ തുരത്തുവാനായ്
ഒളിഞ്ഞിരിക്കാം ഒരുമയുടെ കരുതലായ്
കുറച്ചകന്നിരിക്കാം
നമുക്കൊരുപാടു കാലം ഒരുമിച്ചിരിക്കാനായ്.
മാലാഖമാർ മത്സരിച്ചു നോവകറ്റുമീ
ആതുരാലയങ്ങളിൽ തണലായ്
തലോടലായ് മാറുമീ വേളയിൽ
കൈകൂപ്പിനിൽക്കുന്നു ഞാൻ
കൈകോർക്കാനാവാത്തീ വേളയിലും
ഹൃദയത്തിലേറ്റുന്നു വിശ്വസ്നേഹത്തിൻ ചാരുതയെ
മാറ്റണം മാറ്റിനിർത്തണം മാറി നിൽക്കണം കരുതലോടെ
ശിക്ഷയല്ലിത് രക്ഷയ്ക്കാണെന്നോർക്കണം നാം
അദൃശ്യനാം അണുവിനെ കരുതലിന്റെ കരുത്തായ്
കൈ കഴുകി മുഖം മറച്ച് നേരിടാം നമുക്കൊന്നായ്
ഈ സമരഭൂവിൽ പൊരുതുമീ പോരാളികളെ
ഹൃദയത്തിൽ ചേർത്തുനിർത്താം നന്ദിയോടെ
സ്വപ്നച്ചിറകുമായ് ഉണർന്നെഴുന്നേറ്റ് പറക്കാം
നമുക്കീ മഹാമാരി തൻ മുകളിൽ നക്ഷത്ര ശോഭയോടെ.

**ഹൃദ്യ എസ് ഹരി**
X K രാജീവ് ഗാന്ധി മെമ്മോറിയൽ എച്ച്.എസ്.എസ്.മൊകേരി
പാനൂർ ഉപജില്ല
കണ്ണൂർ

# ശിക്ഷ

നാം ഇന്ന് കാണുന്ന
ലോകമല്ല നാളെയുള്ളത്
പ്രകൃതി ആകുന്ന ലോകം
കൺചിമ്മി തുറക്കും മുൻപേ
മോടികൂടിയ ഫ്ളാറ്റുകളായി.
എൻ നിഴലുപോലും എൻ
മുന്നിൽ പുച്ഛത്താൽ ശിരസ്സ് താഴ്ത്തുകയായ്
ലോകമേ നീ എങ്ങോട്ട് പോവുകയാണ്?
മനുഷ്യരുടെ ദുർഘടമായ
ശിക്ഷയുടെ മേൽ ഭൂമി ശിരസ്സ് താഴ്ത്തുകയായ്
പ്രകൃതി ആകുന്ന നമ്മുടെ
ലോകം ആരുമേ ശ്രദ്ധിച്ചുവോ?
നമ്മുടെ പാദം പതിക്കുന്ന
മണ്ണുപോലും ചോദിക്കുകയായ്
ലോകമേ നീ എങ്ങോട്ടു പോവുന്നു?
ഭൂമി പോലും മാനവരാശി തൻ
ശിക്ഷമേൽ മാപ്പിനായ് കേണിടുന്നു.

**ജുമാന പി. എ**
10 ബി സി. എം.എസ്.എച്ച്.എസ്. അരപ്പറ്റ
വൈത്തിരി ഉപജില്ല, വയനാട്

# വീണ്ടുമൊന്നാവാൻ ഇന്നകന്നിടാം

വീണ്ടുമൊന്നാവാം ഇന്നകന്നിടാം
ചേർത്തുനിർത്തൂ ഭൂമിയേ
നിൻ മക്കളെ മനസ്സിനാൽ
കോർത്തിടാൻ പറഞ്ഞിടൂ.
കരങ്ങളല്ല സ്നേഹവും
മറന്നിടില്ല ലോകരാരു-
മീദിനത്തിനൊരണുവും
എഴുതിടും ചരിത്രത്താളിൽ
കൊറോണയെന്ന അണുവിനെ
മാനവകുലത്തിനെ വീടിനുള്ളിൽ
കതകടച്ചിരുത്തുവാൻ കഴിവുള്ളോൻ
കണ്ണിനാൽ കാണുവാനാകില്ല
അവനാണ് ഭീകരൻ കൊറോണ.
ഇന്നലെകളിൽ ചേർത്തു വച്ച
കരങ്ങളാൽ നടന്നു നാം
ഇന്നു നിന്നെ കാണുവാൻ
അണിഞ്ഞിടേണമായുധം
മാസ്കതുണ്ട് സോപ്പതുണ്ട്
ഗ്ലൗസ്സുകൾ രണ്ടെണ്ണവും
എങ്കിലും ഭയന്നു നിൽപ്പൂ
അകലെയായ് നാമിന്നിങ്ങനെ.
സ്നേഹിതാ നമുക്കു ചേർന്നിടാം
അനുസരിക്കാം ആരോഗ്യപ്രവർത്തകരെ
ഇന്നു നാം അകലെയായ് നിന്നീടിലും
നാളെ നാം ഉണരുമ്പോൾ ചേർന്നു നിൽക്കാമല്ലോ.

**റ്റെസാ മനോജ്**
8 B സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്. പെരിങ്ങുളം
ഈരാറ്റുപേട്ട ഉപജില്ല
കോട്ടയം

# കൊറോണ

ചൈനയെന്ന വെറും രണ്ടക്ഷരത്തിൽ
മരുന്നില്ലാമാരിയെ ഒളിപ്പിച്ചുവച്ച്
മാനവർക്ക് പകുത്തുനൽകി
മാനവരിലൂടെത്തന്നെ
സ്നേഹമെന്ന മരുന്നുകൊണ്ട്
ഞങ്ങൾതൻ മാലാഖമാർ
ഇരു ചിറകിനടിയിൽ ഞങ്ങളെ
സംരക്ഷിച്ചു ശുശ്രൂഷിച്ചിടുന്നു
രാപകൽ നടുറോഡിൽ
ഞങ്ങൾക്കായി കാവൽ നില്ക്കും
കാവൽക്കാരി നിങ്ങളുടെ
കാക്കിക്കുള്ളിലെ സ്നേഹം
ഞങ്ങൾ തിരിച്ചറിയുന്നു
എത്രയോ ജീവിതങ്ങൾ
പൊലിയാമായിരുന്ന
റോഡിലെ ഫ്രീക്കന്മാരെല്ലാം
വീട്ടിൽത്തന്നെ കുത്തീരിപ്പായി
കൊറോണ എന്ന മാരിക്കുമുമ്പിൽ
ലോകമാകെ കുനിഞ്ഞപ്പോൾ
'ബ്രേക് ദ ചെയി'നെന്ന
ആശയവുമായി കേരളം മുന്നേറുന്നു
പണമല്ല,സ്നേഹമാണ്
മാനവർക്കു ആവശ്യമെന്നീ
കൊറോണകാലം വീണ്ടും വീണ്ടും
നമ്മെ ഓർമ്മിപ്പിക്കുന്നു.

**അനീറ്റ രാജൻ**
9 C സെന്റ് അഗസ്റ്റിൻസ് ഗേൾസ് എച്ച്.എസ്.എസ് കോതമംഗലം
കോതമംഗലം ഉപജില്ല
എറണാകുളം

# പ്രകൃതിയുടെ വിരഹം

മണ്ണിൽ വിരിയുന്ന പൊൻനാളമെങ്ങു പോയി
കുഞ്ഞു പൂവിൻ സുഗന്ധമെങ്ങു പോയി.
ആകാശവീഥിയിൽ മറഞ്ഞൊരാ മേഘങ്ങൾ
പിന്നെയും പിന്നെയും മാഞ്ഞു പോയി.
മഞ്ഞുനിലാവത്ത് പൂത്തോരാ പൂവുകൾ
മണ്ണിലലിഞ്ഞങ്ങു മാഞ്ഞു പോയി.
പൂന്തേനൂറും പൂമ്പാറ്റ പാറി
പാറിപ്പറന്നകന്നങ്ങു പോയി.

മിന്നാമിനുങ്ങിൻ വെളിച്ചം കാണാതങ്ങ്
ഇരുളാകെ വാടിന്നിൽക്കുന്നുവല്ലോ.
കാറ്റു കരയുന്നു മരമാകെ ഉലയുന്നു
പക്ഷിതൻ കൂട് തകർന്നലിയുന്നു .
രാവാകെ മായുന്നു
പൊൻവെട്ടം മായുന്നു
എല്ലാം മറഞ്ഞങ്ങു പോയിടുന്നു.
കടലാകെ ക്ഷോഭിക്കുന്നു
മേഘങ്ങളിടറുന്നു
എന്തിനിന്നു ഭൂമി നിലവിളിക്കുന്നു.

ഈ പ്രകൃതിക്കെന്തു മാറ്റമുണ്ടാകുന്നു
ഈ പ്രകൃതിയങ്ങു മാഞ്ഞു പോകുന്നു.

**നന്ദന രതീഷ്**
8 B സെന്റ് അലോഷ്യസ് ഹൈസ്കൂൾ മണലുങ്കൽ, കോട്ടയം,
കൊഴുവനാൽ ഉപജില്ല, കോട്ടയം

# കൊറോണക്കാലത്തിൽ

മനുഷ്യൻ മനുഷ്യനെ ഭയക്കുന്ന കാലം
മനുഷ്യൻ മനുഷ്യനിന്നകലുന്ന കാലം
വീട്ടിലും നാട്ടിലും ലോകമെമ്പാടുംഒരു ഭീതി
ഒരു തേങ്ങൽ മനുഷ്യന്റെ മനസ്സിൽ.

മരണക്കിടക്കയിൽ ആയിരങ്ങൾ
ശ്വാസം നിലയ്ക്കുന്ന ജീവിതങ്ങൾ
മോഹവും സ്വപ്നവും ജലരേഖയാക്കുന്ന
മഹാമാരിയേ നീ തന്നെ കേമൻ.

ജനജീവിതങ്ങളെ പിടിമുറുക്കുമ്പോൾ
അതിജീവിക്കുന്നു മനുഷ്യരിൽ ചിലത്
കാലത്തിന് യാത്ര എങ്ങോട്ടെന്നറിയാതെ
കെട്ടിപ്പടുക്കുവാൻ നേട്ടങ്ങൾ ഇല്ലാതെ
ഉൾവലിയുന്നീ മാനവരാശി.

**മേഘ അജിത്ത്**
3 F സെന്റ് ജോസഫ് എൽ പി ജി എസ് ആലപ്പുഴ
ആലപ്പുഴ ഉപജില്ല
ആലപ്പുഴ

# അകത്തളത്തിനരികിൽ

അകം ! ഇരുളടഞ്ഞ പാതയിൽ
വീർപ്പുമുട്ടലിൻ കഠോര ഗദ്ഗദം
ചുറ്റും നിലവിളികളുയരുന്നു
മരണമെന്ന യാഥാർത്ഥ്യമോർത്ത്

അതിശൈത്യത്തെ പിടിച്ചുകുലുക്കുംവിധം
കൊടുങ്കാറ്റുപോൽ ശരീരത്തിൽ പടർന്നു
അകത്തളത്തിൽ എത്തിയഗോചരമാം
കൊറോണ വൈറസെന്ന മഹാവ്യാധി

അണിഞ്ഞു മുഖാവരണം മനുഷ്യൻ
കഴുകി കൈയ്യും മുഖവും സാനിറ്റൈസറാൽ
കരളുറപ്പുള്ള ആത്മാവിനെ എതിരിടാൻ
കഴിയാതെ തളർന്നു നിരാശനായിവൻ

കോടാനുകോടി മക്കളെ അകത്തളിൽ
അടച്ചിട്ടവൻ സന്തോഷിച്ചപ്പോൾ
ഒരുമുഴമകലം പാലിച്ചിവർ സശ്രദ്ധം
നേരിട്ടു എതിരിട്ടു മനുഷ്യൻ ബുദ്ധിമാൻ

ജിവനറ്റു നശിച്ചു പോയെങ്കിലും പലപ്പോഴും
നശിച്ചില്ല പൊരുതാൻ കഴിയാത്തവരിൽ
വീറോടെ അവൻ ആർത്തു ചിരിച്ചാടി
വീരഗാഥ പാടിയവൻ കൊണ്ടുപോയി
പ്രിയരെ പലരെയും പല ബന്ധങ്ങളെയും.
മൊഴിയുന്നു പ്രിയരെ നിങ്ങൾക്കാത്മ ശാന്തി
നേരുന്നു പ്രിയരെ നിങ്ങൾക്ക് പ്രാർത്ഥനകൾ
നേരുന്നു നിങ്ങൾക്ക് പുഷ്പാഞ്ജലികൾ

കുടുബാംഗങ്ങൾക്കൊപ്പമായിരിക്കാൻ
അകത്തളങ്ങളിൽ ഒന്നായിരിക്കാൻ
അകം തുറന്നൊന്നു പ്രാർത്ഥിക്കാൻ
ഈശ്വരാ അങ്ങനുവദിച്ചീ നാളുകൾക്കായ്
നന്ദി.....നന്ദി....നന്ദി....നന്ദി....

**ജസ്റീന ഡി**
7 A സെന്റ് ജോസഫ്'സ് യു. പി. സ്കൂൾ ചുണങ്ങംവേലി,
എറണാകുളം, ആലുവ
ആലുവ ഉപജില്ല
എറണാകുളം

# കൊറോണക്കാലം

മിഠായിക്കായി ഞാൻ വാശിപിടിച്ചപ്പോൾ
അച്ഛൻ പറഞ്ഞു കട തുറക്കില്ലെന്ന്.
ബീച്ചിൽ കളിക്കാനായി വാശിപിടിച്ചപ്പോൾ
അമ്മ പറഞ്ഞു ബീച്ചും ഇന്നില്ലെന്ന് .
പാർക്കിലും ആളില്ല ഗ്രൗണ്ടിലും ആളില്ല
എങ്ങോട്ടുപോയാലും അവിടെങ്ങും ആളില്ല.
ഒറ്റക്കിരുന്ന് ഞാൻ ഏങ്ങിക്കരഞ്ഞപ്പോൾ
അച്ഛൻ പറഞ്ഞു 'കൊറോണയാ'.
എപ്പോഴും കൈകൾ കഴുകണം
തൂവാലകൊണ്ട് മുഖം മൂടി കെട്ടണം.
ഇത്തിരി ദൂരത്തിൽ എവിടെയും നിൽക്കണം
ഇത്രയും ചെയ്താൽ കൊറോണയും പോയിടും.

ഹൈഫ ഷെമീർ
3 D സെന്റ് ജോസഫ്'സ് യു. പി. സ്കൂൾ ചുണങ്ങംവേലി,
ആലുവ ഉപജില്ല
എറണാകുളം

# പ്രകൃതിയമ്മ

മണ്ണും വിണ്ണും ഒന്നായിരുന്നൊരു കാലം
മനുഷ്യർക്ക് മണ്ണിൻെറ മണമാർന്ന കാലം
സർവരും ഒരു മനമായി ജിവിക്കും കാലം
നിസ്വാർത്ഥസ്നേഹത്താൽ നിറയും കാലം

കാലം കടന്നു മനുഷ്യരാകെ മാറിയ കാലം
സ്വാർത്ഥം നിറഞ്ഞവൻ മാറിയ കാലം
വെട്ടിമുറിച്ചവൻ പലതും പലരേയും
ചെയ്തു പലതും സഹികെടുത്തിയമ്മയെ

മലകൾ നിരത്തി മരങ്ങൾ മുറിച്ചവൻ
തോടും പുഴയും മലിനമാക്കി രസിച്ചു
വായുവും ജലവും പരിസരവുമെല്ലാം
മലിനമാക്കി മർത്ത്യൻെറ ക്രൂരത

സ്വന്തവും ബന്ധവും വെട്ടിമുറിച്ചിട്ട്
മുന്നോട്ടു പായുന്ന വിഡ്ഡിയാം മനുഷ്യാ
ഓർക്കുക , നോക്കുക ചിന്തിച്ചീടുക
ജീവജാലങ്ങൾ തൻ ദാരുണവിലാപം

ഇന്നിതാ നിസ്സഹായയായമ്മ കേഴുന്നു
നിശബ്ദയായീ വൈറസിൽ മുന്നിൽ
ഒന്നും ചെയ്യാനാകാതെ നിശ്ചലമായ്
മനമുരുകി കണ്ണീർക്കണങ്ങളായ്

ശബ്ദങ്ങളില്ല കോലാഹങ്ങളില്ല ചുറ്റും
തിക്കും തിരക്കുമില്ലൊരേടത്തുമില്ല
കുട്ടികൾ തൻ കളികളോ ആരവങ്ങളോ
പൊട്ടിച്ചിരികളോ ഇല്ലാത്ത വിദ്യാലയം

മനുഷ്യരാകെ വിറപ്പിച്ചു നിർത്തിയ
അഗോചരമാം വൈറസിനു മുന്നിൽ
കൂപ്പിയ കരങ്ങളുയർന്നു വിണ്ണിലേക്ക്
ആരാധനാ മന്ത്രങ്ങളുയർന്നീശ്വരനിലേക്ക്

പ്രകൃതിയമ്മയെ സ്നേഹിക്കൂ മർത്യാ നീ
സ്വാർത്ഥം കൈവിട്ടു സ്നേഹിക്കൂ സഹജരെ
ഈശ്വരൻ അറിയാതൊന്നുമേയില്ലെന്ന്
വിശ്വസിക്കാൻ മനസ്സൊന്നു തുറക്കൂ.

**ആൻമേരി മാനുവൽ**
7 A സെന്റ് ജോസഫ്'സ് യു. പി. സ്കൂൾ ചുണങ്ങംവേലി,
എറണാകുളം, ആലുവ

# കൊറോണ

ചൈനയിൽ നിന്നൊരു ചെറുജീവി
കൊറോണയെന്നൊരു ചെറുജീവി
രോഗം പരത്തി നാടാകെ
ഭയന്നു വിറച്ചു എല്ലാരും
പകർച്ച വ്യാധികൾ പിടിപെട്ടാൽ
അകലം നമ്മൾ പാലിക്കും
ചന്തയിൽ പോകാൻ വയ്യാതായി
ചിന്തയിൽ മുഴുകിയിരിപ്പായി
പുറത്ത് പോയാൽ നാമെല്ലാം
കൈകൾ നന്നായി കഴുകേണം
മാസ്ക് ധരിച്ചു നടന്നെന്നാൽ
രോഗം നമ്മെ വിട്ടകലും
ആരോഗ്യത്തെ സംരക്ഷിക്കാൻ
ആവശ്യത്തിന് യാത്രമതി.

**കണ്ണൻ .പി .കെ**
3 മാമ്പ സരസ്വതി വിലാസം എൽ .പി സ്കൂൾ
കണ്ണൂർ സൗത്ത് ഉപജില്ല
കണ്ണൂർ

# എന്റെ തേങ്ങൽ

ആമ്പലിൻ പുഞ്ചിരി കണ്ടു നിന്ന്
ആടിക്കളിച്ചു രസിച്ചു നിന്ന്
പാടത്തു ചെന്നൊന്നു പട്ടം പറത്തുവാൻ
ഓലപ്പീപ്പിയൊന്നൂതുവാൻ

ആറ്റിലിറങ്ങുവാൻ കുളിരൊന്നറിയുവാൻ
ഓളങ്ങളിൽ ഒന്നു മുങ്ങീടുവാൻ
കാലാകാലം പാടും കാട്ടുചോലയിൽ
മന്ദമാരുതനൊത്തു പാടുവാൻ

പൊൻതേന്മാവിൻ കൊമ്പത്തു
പൊന്നൂഞ്ഞാല കെട്ടി കളിച്ചീടുവാൻ
കൂട്ടുകാരൊത്തു പൂവിറുക്കാൻ
പൊൻതുമ്പിയെ കൂട്ടിനായി വിളിച്ചീടുവാൻ

പൂമ്പാറ്റയെക്കണ്ടു വർണഭംഗിയിൽ
പൂവുകളരിക്കുവാനോടി ഞങ്ങൾ
കായലും നീലമലയും പിന്നെ
കോരിത്തരിക്കും മയിലുകളും

മണ്ണപ്പം ചുട്ടുകളിക്കുമ്പോഴും
തേന്മാവിൻ മാമ്പഴം തിന്നുമ്പോഴും
എല്ലാമെനിക്ക് വേദനയായി തേങ്ങലായി
ഈ ലോക്ക് ഡൗണിൽ കൂട്ടുകാർ ആരുമണഞ്ഞില്ല
എത്ര നീളുമെന്ന് അറിയില്ലിനി

**ജെന്നിഫർ മരിയ ബിജു**
5A സെന്റ് തോമസ് എ യു പി സ്കൂൾ, മുള്ളൻകൊല്ലി
സുൽത്താൻ ബത്തേരി ഉപജില്ല
വയനാട്

# ഗ്രാമം

ഇവിടെ ഒരു ഗ്രാമമുണ്ടായിരുന്നു ....
വയലുകൾ, കുന്നുകൾ.
അവിടെ ഒരു ചെറു പുഴയുണ്ടായിരുന്നു...
ഇന്നെങ്ങുപോയി ...
ഇന്നെങ്ങുപോയി
കുന്നിമണിയോളം ബാക്കിയില്ല .
ഇന്നെങ്ങുപോയി ....
വിളയില്ല, കൊയ്ത്തില്ല
ഭൂമിയിൽ സൗധങ്ങൾ തിങ്ങിനിൽക്കെ.....
തെളി നീരിലാറാടും
ചെറിയ മീനുകളും തവളകളും...
ഇന്നെങ്ങു പോയി...
ഇന്നെങ്ങു പോയി....

കുന്നില്ല , വയലില്ല, പുഴയില്ല,
ഗ്രാമമില്ല......
ഒന്നുമില്ലല്ലോ നമുക്ക് ബാക്കി.....
ഇവിടെ സ്വപ്നങ്ങളുണ്ടായിരുന്നു ..
ഇവിടെ പ്രണയമുണ്ടായിരുന്നു.......
ഇവിടെ കിളികളുണ്ടായിരുന്നു...

ഇവിടെ കിരാതർ ഇല്ലായിരുന്നു ...
ഇവിടെ കുടിപ്പകയാകെ...
പരസ്പരം പടവെട്ടി വീഴും മനുഷ്യരില്ല....
ഇവിടെ നിരാലംബാരില്ലാ ...
മതിലില്ല, മനസുകൾ തമ്മിൽ അകലമില്ല,
അയൽ വീടുകൾ തമ്മിൽ ശത്രുരാജ്യമല്ല......
ഇവിടെ വസന്തമുണ്ടായിരുന്നു ....
ഇവിടെ കുളിർ കാറ്റുണ്ടായിരുന്നു.

**ദേവ ഗംഗ**
2A സെന്റ് തോമസ് എ യു പി സ്കൂൾ, മുള്ളൻകൊല്ലി
സുൽത്താൻ ബത്തേരി ഉപജില്ല
വയനാട്

# ഉണ്ണിയുടെ ദുഃഖം

പ്രഭാതത്തിലുണ്ണി കൊച്ചിറത്തിണ്ണയി
ലിരുന്നുറ്റുനോക്കി,കളിക്കൂട്ടരെത്തുമോ?
അച്ഛനുണർന്നീലമ്മയുണ്ടടുക്കളയിൽ,
തിരക്കിട്ടുപോയീടുമച്ഛനെന്തു പറ്റി?

കുഞ്ഞിളംകാറ്റിലുലഞ്ഞ മുടിയൊതുക്കി
നക്ഷത്രക്കണ്ണുയർത്തി നോക്കിയുണ്ണി
ഇതെന്തേയെല്ലാരും തൻ വീട്ടിലിരിപ്പൂ
പന്തികേടെന്തോയുണ്ടീ നാട്ടിലെല്ലാം

ചോദ്യമുതിർത്തമ്മയോടെന്തേയെല്ലാരും
വീട്ടിലിരിപ്പൂയാത്രയില്ല, കൂടലില്ല'
അമ്മചൊല്ലികൊറോണക്കാലമിതകലം
പാലിക്കണം രോഗ പ്രതിരോധത്തിന്

ഉണ്ണിതൻമുഖംവാടി, മൊഴിഞ്ഞവ'നമ്മേ
യെനിക്കാരു കൂട്ടുതരും കളിച്ചിടാൻ '
അച്ഛനുമമ്മയും കൂട്ടുതരാമെന്നമ്മ
ചൊല്ലിയുണ്ണിക്കേറെ സന്തോഷമായ്

**ജോർജ്ജുകുട്ടി കെ.എസ്.**
9 F സെന്റ് തോമസ്സ് എച്ച്.എസ് പാലാ
പാലാ ഉപജില്ല
കോട്ടയം

# ചെറുത്തുനിൽപ്പിന്റെ കാലം

സ്നേഹ ദീപത്തിൻ സാന്ദ്ര സാഗരം തുഴഞ്ഞ്
ഈ വിശ്വമാം ഗേഹത്തെ ഒരുമയിൽ കാത്തിടാം
ലോകത്തെ പൂർണ്ണമായ് കൈയടക്കി
തീവ്രമായി ജ്വലിക്കുന്നു ആ മഹാമാരി തൻ രോഷം
ഇനിയെത്രനാളിങ്ങനെ .. സ്മരിക്കുവാൻ കഴിയില്ല
മനുജ!ർക്ക് താങ്ങുവാൻ കഴിയില്ലൊരിക്കലും
ആരുമേ മുമ്പറിഞ്ഞിരുന്നില്ല; ലോകത്തെ
തകർക്കുവാനെത്തിയ വൻ വിപത്തിനെക്കുറിച്ച്
കടലിലെ മണൽതരികളെന്നപോൽ കണക്കില്ലാതെ
അസ്തമിക്കുന്നവരെത്രപേർ പ്രതി ദിനവും
സഹിക്കുവാനാകില്ലൊരിക്കിലും ഈ
ലോകദുരിതങ്ങളെ മറക്കുവാനും കഴിയില്ലല്ലോ....
ഇത് ചരിത്രങ്ങൾ കുറിച്ച വൻ വിപത്ത്
ചെങ്കോലും കിരീടവുമുള്ള മഹാശക്തി
ഈശ്വര മുഖം നാം ദർശിക്കുന്നു ഭിഷഗ്വരരിൽ
ലോകം ചലിച്ചീടുന്നവർ തൻ കഠിനാധ്വാനത്തിൽ
ഇന്നീ ലോകത്തെ നിലനിർത്തീടുന്നവർ
സമർപ്പിച്ചിടുന്നു നാം സർവ്വവും ആ
ഈശ്വര ചൈതന്യത്തിൻ തൃപ്പാദത്തിങ്കൽ
ത്യാഗങ്ങൾ സഹിച്ചീടുന്നേറെയവർ
സ്വ കുടുംബവും സുഖങ്ങളും ത്യജിച്ച്
സദാ പ്രയത്നിച്ചീടുന്നവർ ഭേദങ്ങളില്ലാതെ
സ്വ ജീവൻ സമർപ്പിച്ചീടുന്നു മനുജ!ർക്കായ്
ലോക നന്മയ്ക്കായ് രോഗ വിമോചനത്തിനായ്
നമസ്ക്കരിച്ചീടാം നമുക്കവരെ നിത്യവും
സ്മരിച്ചീടാം അവർ തൻ യാതനകൾ .....

**സാനിയ റജി**
9 ബി സെന്റ് പോൾസ് ജി.എച്ച്.എസ്, വെട്ടിമുകൾ
ഏറ്റുമാനൂർ ഉപജില്ല
കോട്ടയം

# കൊറോണയോട്..........

റമ്പൂട്ടാൻ പഴം പോലെ
സുന്ദരൻ നീയെത്തി
വീട്ടിനകത്തെന്നെ ഇരുത്താനായ്.
മുഖം മൂടിവെപ്പിച്ചു നീ
കൈകകൾ കഴുകിച്ചു
കുമിളയുണ്ടാക്കാൻ തരാതെയമ്മ
ഒളിപ്പിക്കും സോപ്പുവെള്ളത്താൽ.
വരല്ലേ ഈ വഴി ഓടണം
നീയീ ലോകത്തുനിന്നും
ഞങ്ങളെ നശിപ്പിച്ചിടാതെ .
കുട ചൂടിപ്പോകണം സ്കൂളിൽ
കൊതിയോടെ കാത്തിരിക്കുന്നു ഞാൻ
കൂട്ടുകാരെയും ടീച്ചർമാരെയും കാണാൻ.
വില്ലനായ് നീ ഇനിവരല്ലേ
ഞങ്ങളുടെ ജീവിതത്തിലൊരിക്കലും

**ശ്രേയ മറിയം രാജേഷ്**
1 F സെന്റ് മാത്യൂസ് എൽ പി എസ് കടനാട്, കോട്ടയം, രാമപുരം
രാമപുരം ഉപജില്ല
കോട്ടയം

# എന്റെ സ്വപ്ന ഭൂമി

ഉണർന്നെഴുന്നേൽക്കുവാൻ സമയമായി
പ്രകൃതിയെ കാക്കുവാൻ സമയമായി....
ക്രൂരനാം മർത്യന്റെ ഹീന കൃത്യങ്ങളെ
തച്ചുടച്ചീടുവാൻ സമയമായി.
കണ്ടില്ലേ ഭൂമിതൻ കണ്ണീർ തുടയ്ക്കുവാൻ
പാടുപെടുന്നതീ മർത്യരിപ്പോൾ
കേട്ടില്ലേ കടലിലെ തിരകൾ തൻ ഹുങ്കാരം'
ഇടനെഞ്ചു പിടയുന്ന തേങ്ങലായി
പുകമഞ്ഞുമൂടിയ പ്രകൃതി തൻവിരിമാറിൽ
ഒരു തെല്ലു പ്രാണനായ് കേണുവോ നീ :
നിർത്താം നമുക്കീ ഘോരാപരാധങ്ങൾ
തിരിച്ചെടുക്കാം നമുക്കീ ഭൂമിയെ
തുള്ളിക്കളിക്കട്ടെ പക്ഷിമൃഗാദികൾ
നട്ടുവളർത്തിടാം തരുനിരയെ
വീണ്ടെടുത്തീടാം പുഴകളെ മലകളെ
മണ്ണിട്ടു മൂടിയ വയലുകളെ തീർത്തിടാം
നല്ലൊരു പ്രകൃതിയാം അമ്മയെ
കൈകോർത്തു നീങ്ങിടാം കൂട്ടുകാരേ..

**കാശിനാഥൻ .ഡി**
4 C സെന്റ് മേരീസ് എൽ.പി.സ്കൂൾ തീക്കോയി
ഈരാറ്റുപേട്ട ഉപജില്ല
കോട്ടയം

# ഒന്നിച്ചു നിൽക്കാം തകർത്തിടാം

നാടുനടുക്കും കൊറോണയിൽനിന്നു
രക്ഷ നേടിടാം കൂട്ടരേ
അടുത്തുനിൽക്കുവാൻ അകന്നിരിക്കാം
ഐക്യത്തോടെ ചുവടുകൾ മുന്നേറിടാം.

വേണ്ടത് ഭയമല്ല വേണ്ടതു
ജാഗ്രത ഒന്നിച്ചുനിന്നു
കൈകൾ കോർത്തിടാം
പൊട്ടിത്തകർത്തിടാം ഈ ചങ്ങലയെ

പാലിച്ചിടാം നമുക്ക്
നിർദ്ദേശങ്ങളും ശുചിത്വവും
തള്ളിക്കളഞ്ഞിടാം നമുക്കീ
വിപത്തിനെ

ഈ കൊറോണ കാലത്ത്
സഹായഹസ്തം നീട്ടിടാം
ആദരിച്ചീടാം നമുക്ക് വന്ദിച്ചീടാം
കാക്കികുപ്പായങ്ങളെ, ശുശ്രൂഷകരെ

ആരോഗ്യരക്ഷക്ക് നൽകും
നിർദേശങ്ങൾ പാലിച്ചീടാം
നമുക്ക് ഒരു മനസ്സോടെ ശ്രമിക്കാം
നമുക്ക് ഒന്നായിനിൽക്കാം.

**ഭരത് വിജയകുമാർ**
4 C സെന്റ് മേരീസ് എൽ.പി.സ്കൂൾ തീക്കോയി
ഈരാറ്റുപേട്ട ഉപജില്ല
കോട്ടയം

# കൊറോണ

നന്ദി നിങ്ങൾക്കു നന്ദി ....
നന്ദി ഒരായിരം നന്ദി,
മറുമരുന്നില്ല, മഹാവ്യാധിയെ:
തുടച്ചെറിയുവാനായി നിൽക്കും ആരോഗ്യരക്ഷകർ,
ഇത് മറ്റൊരാൾക്കും പകർത്താതിരിക്കുവാൻ
ശ്രദ്ധയോടെത്തുന്ന സന്നദ്ധ സേനകൾ
ഉലകത്തിനൊക്കെയും ഉയർനൽകുവാനായി
ഉടയവരെ ഓർക്കുവാൻ ഇടപോലുമില്ലാതെ
മരണഭയമില്ലാതെ ദൈവത്വമേറുന്ന,
മനസ്സുകൾക്കൊക്കെയും നന്ദി
നന്ദി ഒരായിരം നന്ദി
ആശുപത്രി പടിയിലെത്തുന്നവർക്ക്
ആശയേകും കൈകൾ നീട്ടുന്ന നേഴ്സുമാർ
പേടി വേണ്ടെന്ന ധൈര്യം പകർന്നെത്തുന്ന
ഈശ്വര പ്രതിരുപമാകുന്ന ഡോക്ടറും
രോഗം പകർത്താത്ത ഒരന്തരീക്ഷത്തിനായ്
രാപകൽ വേല ചെയ്യുന്നൊരാ സ്നേഹിതർ
എവിടെയോ കേൾക്കുന്ന
വിളികൾക്ക് കാതോർക്കും
ആംബുലൻസ് ഡ്രൈവർക്ക്
നന്ദി നന്ദി ഒരായിരം നന്ദി

രാജ്യം നടുങ്ങുന്ന നേരത്ത്
പതറാതെ രാജ്യരക്ഷക്കായ് നിലകൊണ്ടിടുന്നവർ
ശതകോടി ജനതയ്ക്ക് ശാന്തിയേകിടുവാൻ
ശരവേഗമോടെ കരുക്കൾ നീക്കുന്നവർ
ഇവരൊത്തുചേരുന്ന ഭരണകൂടത്തിനും
രാജ്യതന്ത്രജ്ഞർക്കൊക്കെയും നന്ദി
രാജ്യനേതാക്കൾക്കും ഗ്രാമനേതാക്കൾക്കും
ദ്രുതകർമ്മസേനക്കും നന്ദി....

**നന്ദന വി നായർ**
5 A സെന്റ് മേരീസ് ജി എച്ച് എസ് എസ് പാലാ
പാലാ ഉപജില്ല, കോട്ടയം

# കൊറോണക്കാലം വരുത്തിയ മാറ്റം

ലോകജനതകളെല്ലാം പരിഭ്രാന്തരായ്
വീട്ടിൽ കഴിഞ്ഞൊരു കാലം
പണവും പ്രതാപവും ഒന്നുമല്ലെന്ന്
വീണ്ടും തെളിയിച്ചൊരു കാലം
അപരനെ രക്ഷിക്കാൻ സ്വജീവൻ ത്യജിക്കാൻ
മനുഷ്യർ മനുഷ്യരായ് തീർന്നൊരു കാലം
ആരോഗ്യപ്രവർത്തകർ ,ഡോക്ടർമാർ,നഴ്സുമാർ
ചേർന്നു ജീവൻ രക്ഷിച്ച കാലം
പ്രവാസിയാം മനുഷ്യർ സ്വനാട്ടിലേക്ക്
തിരികെയെത്താൻ കൊതിച്ചൊരു കാലം
പ്രവാസി തന്നുടെ വീട്ടിൽ
ഒറ്റപ്പെട്ടു കഴിഞ്ഞൊരു കാലം
പണക്കാരനും ദരിദ്രനും ഒരു പോലെ
അന്നത്തിനായലഞ്ഞ കാലം
മഹാമാരിതൻ രൂപത്തിൽ കൊറോണാ വൈറസ്
ലോകജനതയെ കൊന്നൊടുക്കിയൊരു കാലം
വിദേശികളെ പോലും രക്ഷിച്ച് ദൈവത്തിൻ നാടായ്
കേരളം മാറിയൊരു കാലം
മഴയിലും വെയിലിലും ജനങ്ങൾക്ക് കാവലായ്
പോലീസിനെ നൽകിയൊരു കാലം
ആരുമില്ലാത്തവർക്കാശ്രയമായ് മനുഷ്യർ
ഒത്തുചേർന്നൊരു നൻമയുടെ കാലം

**അനേയ ക്രിസ്റ്റസ്**
3 E സെന്റ് റോക്സ് റ്റി റ്റി ഐ/എൽ പി എസ്,തോപ്പ്
തിരുവനന്തപുരം നോർത്ത് ഉപജില്ല

# എന്റെ കൊച്ചു കേരളം

കൈവെടിയില്ല നാം
മലയാളിമണ്ണിന്നൊത്തൊരുമ
ലോകം തന്നെ ഭയന്നു പോയൊരു
മഹാമാരിതൻ കോപത്താൽ..

ശാസ്ത്രം അവനു നാമം നൽകി കോവിഡ് 19
താണ്ഡവമാടി അവൻ കവർന്നെടുത്തു
മനുഷ്യമക്കളെയോരോന്നും
മലയാള മണ്ണിൽ വന്നടുത്തു
അവൻ സമുദ്രങ്ങൾ താണ്ടി...

വിദേശീയരെയെല്ലാം സൽക്കരിക്കും
സംസ്കാരമുള്ളൊരു കേരളനാട്
വന്നു നോക്കി... തൊട്ട് നോക്കി
കേരള മണ്ണിൻ മക്കളെ

അവനറിഞ്ഞിതില്ല ചുണ്ടന്റെ
തുഞ്ചത്ത് തുഴ അറിയും അമരക്കാരനുണ്ടെന്നു !
അമരക്കാരന് കരുത്തേകാൻ തുഴ
യറിയും തുഴക്കാരും നാടിൻ
കരുത്തേകാൻ മലയാളക്കരയും!

സ്നേഹം കൊണ്ടകറ്റി നിർത്തി
നന്മയുണരും മലയാള നാട്...
ഉണർന്നിരുന്നു ഉണർവേകാൻ
ആതുരസേവകരും.. മാലാഖമാരും..

മനുഷ്യനെ വിഴുങ്ങും
മഹാമാരിക്കുമുന്നിൽ
കൊട്ടിയടച്ചു മലയാള മണ്ണിൻ
ഓരോ വാതിൽപ്പടിയും
കൈകൾ കഴുകി, മാസ്ക് ധരിച്ചു
ഒറ്റക്കെട്ടായി ഒരുമയോടെ അന്നും
ഇന്നും ഇനി എന്നും മലയാളക്കര

അമ്മതൻ മടിത്തട്ടിൽ മയങ്ങിടും
പൈതലെന്നപോലെ

ഞാനും സുരക്ഷിതമീ കേരള
മണ്ണിൻ മടിയിൽ....
ഒരമ്മയെ പോലെ എന്റെ
നാടിനെ കാക്കും ടീച്ചറമ്മയാണ്
ഈ നാടിൻ ആരോഗ്യമന്ത്രി !

**നയന സെബാസ്റ്റ്യൻ**
9 C സെന്റ്. ആന്റണീസ് എച്ച്.എസ്.എസ്. കച്ചേരിപടി
എറണാകുളം ഉപജില്ല
എറണാകുളം

# എന്റെ മണ്ണ്

മുത്തശ്ശിയമ്മേ മുത്തശ്ശീയമ്മേ
ഇന്നെന്താണിങ്ങനെ മിണ്ടാത്തേ
ഉണ്ണിയും കൂട്ടരുമോടിയടുത്തപ്പോൾ
മുത്തശ്ശി മെല്ലെ കുനിഞ്ഞിരുന്നു
മക്കളേ, കണ്ടോ ഈ ചപ്പുചവറുകൾ
കെട്ടിക്കിടക്കുന്ന മാലിന്യവും
മാറ്റേണമിവയെല്ലാമതിവേഗംതന്നെ
ഒത്തൊരുമിക്കേണം വൃത്തിയാക്കീടാൻ
രോഗംപരക്കുവാൻ ഇടയായീടാതെ
നമ്മുടെ മണ്ണിനെ കാക്കേണം നാം
നാളത്തെ ഭൂമിയെ സുന്ദരമാക്കാൻ
ഉണ്ണികളേ നിങ്ങൾ പോരാടണം
മണ്ണും മനുഷ്യനും കൈകോർത്തീടേണം
നല്ലോരു പൂങ്കാവനം തീർക്കണം

**ജെറിൻ കെ രെഞ്ചു**
1 ബി എസ് എൽ ടി എൽ.പി.സ്കൂൾ, ഭരണങ്ങാനം
പാലാ ഉപജില്ല
കോട്ടയം

# ലോക്ക്ഡൌൺ

ആദരം! ഇതിൽ ഞാനോ,
അന്യനോ സമാത്മാവോ?
ആവിയിൽ ചവിട്ടിക്കൊ
ണ്ടടരും പകൽ, രാവോ?
വിയർപ്പിൽപറ്റും ചൂട്,
മെഴുക്ക്, ലോകം ചുറ്റും
പൊടിക്കൂട്ടുപ്പും കാറ്റും,
കാണാത്ത മായച്ചാന്തും
ചണ്ഡമാം അത്യുഷ്ണത്തിൻ
മണ്ഡലി ചുറ്റിപ്പോകും
അന്തരീക്ഷത്തിൻ കാണാ
ക്കോണിയിൽ പടിക്കെട്ടിൽ
നിത്യയാത്രിയായ്, നീണ്ട
നിശ്ചലനിമേഷത്തെ
സ്വപ്നഗർഭത്തിൽ നീറ്റി
പ്പോകുമൂഴിയെപ്പോലെ
നിസ്സഹായത, നീണ്ടു
നീണ്ട കാൽവരിപ്പാത,
എത്രയോ ദൂരെ, കാനൽ
മേട്ടിലേയ്ക്കായും മാത്ര;
അഴികൾ, കളങ്ങൾക്കും
അറിയാത്താളങ്ങൾക്കും
നടുവിൽ കുടുങ്ങിപ്പോം
തുടിപ്പിൻ ആത്മച്ഛായ
ഒടുവിൽ ലോകാന്തര
ശോകഭാരത്തിൽ ശാന്തം
വിലയം പ്രാപിച്ചാലോ
വിട്ടൊഴിഞ്ഞകന്നാലോ
ഇടറും കൺനീർച്ചാന്തിൽ
ഇരുളിൽ ശേഷിച്ചെന്നാ
മിതുപോൽ മായാമോഹ
ശേഷമായാത്മച്ഛായ
ആളൊഴിഞ്ഞനാവൃതം
ഇതുപോലകത്തെന്നും
ആരവങ്ങൾക്കപ്പുറം
ഉയിർപ്പിൻ ആത്മച്ഛായ

**ആദർശ് ശിവൻ കെ**
9 സെന്റ്. ജോർജ്സ് എച്. എസ്. ഇടപ്പള്ളി, എറണാകുളം ഉപജില്ല

# REALIZATION

Before corona arrived,
We thought that,
we the humans are the No.1

Before corona arrived
We thought that,
we the humans are the owners of earth.

Before corona arrived,
We thought that,
we the humans are more powerful.

Before corona arrived,
We thought that,
we the humans can do anything to capture anything.

But......When corona arrived,
We realize that,
we the humans are not No.1.

When corona arrived,
We realize that,
we the humans are not the only owners of the earth.

When corona arrived ,
We realize that,
even a tiny virus has more power.

When corona arrived,
we realize that,
humans can't do anything
to prevent this micro-organism.

**ജിയ ക്ലെയർ ജോജി**
10 A സെന്റ് പോൾസ് ഹൈസ്കൂൾ മുത്തോലപുരം
കൂത്താട്ടുകുളം ഉപജില്ല
എറണാകുളം

# THE CLEANSING

It came to my world of tranquility with red eyes and it disappeared.
I became bit scared,
then peace came again into my life.

Alas! it was short.
So my peace flew like a pappuus.
It sprouted in a place where yellow skinned people live but it didn't show any colour discrimination.

Everyone took precaution to avoid to get friendly with it.
It showed it's fearsome figure to the world.
Within no time it swallowed the world with it's filthy mouth.

The rich and the poor,
the mighty and the weak knelt before it.
There was no exception even the king and the queen who ruled the world,
tasted it's slap on their face.

It taught the world the bonding between the families.
It taught the mankind a lesson and it made the world a better place for you and me and the entire living race.

**കാർളിൻ ലൂർദ് എ.ജെ.**
VII.F സെന്റ്.ജോസഫ്സ്. ജി.എച്ച്.എസ്സ്. ആലപ്പുഴ
ആലപ്പുഴ ഉപജില്ല
ആലപ്പുഴ

# തിരിച്ചറിവുകൾ

നാമിന്നറിഞ്ഞു
നമ്മളെയറിഞ്ഞു
നാമിന്നറിഞ്ഞു
നാടിനെയറിഞ്ഞു
നാമിന്നറിഞ്ഞു
എന്റെ വീടിനെയറിഞ്ഞു
നാമിന്നറിഞ്ഞു
പഴയ രുചികളറിഞ്ഞു
നാമിന്നറിഞ്ഞു
കൂടുമ്പോളിമ്പമായ കുടുംബമറിഞ്ഞു
നാമിന്നറിയുന്നു
ഒരുമയും സ്നേഹവും കരുതലും തലോടലും
നാമിന്നറിയുന്നു
ഞാനെന്ന ഭാവം നല്ലതല്ലെന്നും
തിരിച്ചറിവുകൾ

**അശ്വതി യു എസ്**
10 A ഗവ എച് എസ് ചെറ്റച്ചൽ
പാലോട് ഉപജില്ല
തിരുവനന്തപുരം

# ഗ്രാമഭംഗി

മരതക പട്ടുമുടുത്ത്
വയലുകളും ശോഭയോടെ,
കിളികൾ തൻ കളകൂജനങ്ങളും കേട്ടൊരു
മാത്ര പോരുമോയെന്റെ നാട്ടിൽ?

വയലിൽ കതിരുകൾ വെയിൽ നാളമേൽക്കവേ
പൊന്നിന്റെ നിറമൊന്നു ചേർത്തു വെച്ചു.
ചിറകടി ഒച്ചയും പാട്ടുമായ് പക്ഷികൾ
എതിരേൽക്കുവാനായി കാത്തു നിന്നു.

ഹരിതാഭയോടെ തരു നിരയെങ്ങുമേ
തലയാട്ടി മന്ദം പരിലസിപ്പൂ.
ഇടയിലായി കാണുന്നു വീടുകളും മുന്നിൽ,
നിറയുന്ന തെറ്റി മന്ദാരങ്ങളും.

നടവഴി ചെന്നു ചേരുന്നിടത്തുണ്ട്
ചെറിയൊരു കാവും പിന്നമ്പലവും
പടവുകൾ മേലെയിറങ്ങിയാൽ കണ്ടിടാ-
മതി സുന്ദരമായൊരു ആമ്പൽകുളം.
നിരനിരയായി നീങ്ങും വാഹനങ്ങൾ
തന്നലമുറയേതുമിവിടെയില്ല.
അലസമായി തഴുകുന്ന കാറ്റിന്റെ ലാളനം
കരുതുന്ന പരിമളമെന്നു മാത്രം.

**അക്ഷയ R S**
7B ജി.എച്ച്.എസ്.ജവഹർകോളനി
പാലോട് ഉപജില്ല
തിരുവനന്തപുരം

# മഹാമാരി

ആരും അറിയാതെ
ആരോരും കാണാതെ
എന്നോ വിദേശത്ത്
പൊന്തിവന്നു.

അച്ഛനെ അമ്മയെ
കൂടപ്പിറപ്പിനെ
അന്യനായി കാണാൻ പഠിപ്പിച്ച ദൈന്യം.

ഒന്നുവന്നൊന്നു തൊട്ടാൽ
പിന്നെ അച്ഛനുമമ്മയും കൂടപ്പിറപ്പുകളെല്ലാം
അകലത്തിൽ നിന്നിടേണം.

ചത്തു കിടക്കുമ്പോൾ
ഒത്തു കിടക്കുവാൻ
ഒട്ടും കരുണ തരാത്ത ദൈന്യം.

അച്ഛനെ കാണുവാൻ
അമ്മയെ ചുംബിക്കാൻ ഒന്നിനും ധൈര്യം മനസ്സിനില്ല.

ഇത്തിരിപ്പോന്നോരദൃശ്യ ശക്തിക്ക് മുന്നിൽ
പകച്ചു നിൽക്കുന്നു ലോകം.

**സൂര്യജിത്ത് പി**
6 A ജി.എച്ച് .എസ്. പാച്ചേനി
തളിപ്പറമ്പ് നോർത്ത് ഉപജില്ല
കണ്ണൂർ

# ഭൂതകാലമോർക്കാമിനി!

സ്ട്രീറ്റ് ലൈറ്റുകൾക്കിടയിലെ നിഴലുകളിപ്പോൾ വിരലിലെണ്ണാം
ഇരുട്ടിൽ വെളിച്ചമായെത്തുന്ന ചക്രങ്ങളും
നിമിഷാർധം കൊണ്ടു മാറിയീ ലോകം
അതിരാവിലെ ഇറങ്ങിയോടും കൂട്ടം
അന്ന് പുരോഗതിയുടെ മുദ്ര
ഇന്നത് രാജ്യത്തിന് ദ്രോഹം.
മാലാഖമാരുണ്ടിവിടെ, ലാത്തിവീശുന്നവരും
ശ്വാസം പകരുന്നവരും
വീണുപോയവർക്ക് കൈകൊടുക്കുമ്പോൾ
രക്തസാക്ഷികളായവർ
ആ വീഡിയോകൾക്കുമുമ്പിൽ
നിറയുന്ന കണ്ണുകളുണ്ട്
ഭൂതകാല-മോർത്തിടാം
നേരെയായിടാം ഭാവിക്കായി

**ഹനീന പി കെ**
10 B ജി എച്ച് എസ് പെരകമണ്ണ ഒതായി
അരീക്കോട് ഉപജില്ല, മലപ്പുറം

# മയിൽ

മയിലേ മയിലേ പൂമയിലേ...
പീലിവിടർത്തിആടാമോ..?
കാർമേഘങ്ങൾ വന്നണയുമ്പോൾ...
പീലിവിടർത്തിത്തുള്ളാമോ?
മയിലാട്ടങ്ങൾ കാണാനായി...
വന്നണയുന്നു എല്ലാരും
മയിലേ മയിലേ പൂമയിലേ...
പീലിവിടർത്തി ആടാമോ?

**ഹനാൻ റഹ്മാൻ.പി**
4 A ജി.എച്ച്.എസ്.എസ്.പൊൻമുണ്ടം
താനൂർ ഉപജില്ല, മലപ്പുറം

# പ്രകൃതി

നിൻ ഭംഗിക്കു കാരണം
പറയാൻ തുടങ്ങിയാൽ
മനുഷ്യകുലം നിൻ നിഴലായ്
നടക്കുന്ന നടപ്പുകാണും
നിൻ ആകാശകാമുകൻ
തിരിനാളങ്ങൾ തുറന്നിടുന്നനേരം
കാമറക്കണ്ണുകൾ തുറന്നുപോകും
കടലിൽ തീർത്ത നിൻതിരകൾ
മനസ്സിൽ കുളിരു തളിർപ്പിക്കും
മന്ദമാരുതൻ പൂക്കളെ
തലോടും നേരം
നിന്റെ ഹൃദയത്തിൻ ഭംഗി
മനുഷ്യ ഹൃദയത്തിൽ തലോടും

**ആര്യാലാൽ**
7 C ഗവൺമെന്റ് എച്ച് എസ് പോങ്ങനാട്
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# കൊറോണയെ തുരത്താം

എന്നും ഇരുട്ട് മാത്രമാവണമെന്നില്ല
നേരം പുലരുകയും
സൂര്യൻ സർവ തേജസ്സോടെ ഉദിക്കുകയും
കനിവാർന്ന പൂക്കൾ വിരിയുകയും
വെളിച്ചം ഭൂമിയെ സ്വർഗമാക്കുകയും ചെയ്യും
നമ്മൾ കൊറോണക്കെതിരെ
പോരാടി വിജയിക്കുകയും
അതേ ആനന്ദം നിറഞ്ഞ പുലരിയെ
തിരികെ എത്തിക്കുകയും ചെയ്യും
പഴയ ലോകം പോലെ പുഞ്ചിരിക്കാം ..
നമ്മുക്ക് ഒത്തുചേരാം കൊറോണയെ തുരത്താം..

**സ്നേഹ. കെ**
7 A ജി.എച്ച്.എസ്.കുഴൽമന്ദം
കുഴൽമന്ദം ഉപജില്ല, പാലക്കാട്

# നക്ഷത്രപ്പൂക്കൾ

ആയിരമായിരം നക്ഷത്രപ്പൂക്കളെ
ആരാണ് വിണ്ണിൽ വിതറിയത്....

ആർക്കാണവയുടെ എണ്ണമറിയുക
ആഴത്തിൽ ചിന്തിക്കൂ കൂട്ടുകാരെ ...

പച്ചവിരിച്ചുള്ള തോപ്പുകളെ പറ്റി
പുതിയ തലമുറയ്ക്കറിയില്ലല്ലോ

നാമൊറ്റക്കെട്ടായ്
സംരക്ഷിച്ചീടണം

നമ്മുടെ സുന്ദരമാം
പ്രകൃതിയെ ...

മലയും വയലും സംരക്ഷിക്കൂ
നമ്മുടെ ഭാവിയെ

നിലനിർത്തൂ ....
കാടിനെ മിത്രമായ്
സ്നേഹിക്കൂ ...
കഴിയാം ഭൂമിയിൽ
സുരക്ഷിതരായ് ....

**ഷാന**
4C ജി എൽ പി സ്കൂൾ തരിശ്
വണ്ടൂർ ഉപജില്ല
മലപ്പുറം

# പ്രളയം

പേമാരി ചൊരിഞ്ഞപ്പോൾ
ആറുകളേറെ നിറഞ്ഞല്ലോ
ഇടിയും കാറ്റും
ഒപ്പം ചേർന്ന്
മാമരങ്ങളെല്ലാം വീണല്ലോ
റോഡും വീടും കൂടും തകർന്ന്
മാലോക രാകെ വലഞ്ഞല്ലോ

**അശ്രീൻ ത്വൽഹ**
1 ജി.എൽ.പി.എസ് പട്ടണംകുണ്ട്
വണ്ടൂർ ഉപജില്ല, മലപ്പുറം

# ഭീതി

മനുഷ്യനാവുക
എന്നു പറഞ്ഞത്
മാനവികതയുടെ
പ്രവാചകരെങ്കിൽ
മനുഷ്യനിലേക്കൊരു
പാത തെളിച്ചതും
അവനെ കാട്ടിത്തന്നതും
മാനവ കുലത്തിന്റെ
നാശം കൊതിച്ച
അദൃശ്യനായൊരു
ശത്രുവായിരുന്നു
പേര് കൊറോണ.....

**റിൻസാന വി**
8A ജി എച്ച് എസ് എസ് ചെറുവാടി
മുക്കം ഉപജില്ല, കോഴിക്കോട്

# പണം ഒന്നിനും പരിഹാരമല്ല

മരങ്ങൾ വെട്ടിമാറ്റി ഫ്ളാറ്റുകൾ പണിതു
കാശുമുടക്കി കാടുകാണാനിറങ്ങി
പുഴയെ കൊന്നപ്പോൾ അവൻ ഓർത്തില്ല
അവൾക്ക് മഴയെന്നൊരു 'അമ്മ ഉണ്ടെന്ന്
അവസാനത്തെ നദിയും മലിനമാക്കി
കഴിയുമ്പോൾ അവസാനത്തെ മരവും
മുറിച്ചു കഴിയുമ്പോൾ, അവസാനത്തെ
മത്സ്യവും നമുക്ക് നഷ്ടപ്പെട്ടു കഴിയുമ്പോൾ
കൊറോണ പോലുള്ള മഹാമാരിയിൽപ്പെട്ടു
ഉഴലുമ്പോഴും നാം തിരിച്ചറിയും
നോട്ടുകെട്ടുകൾ നമുക്ക്
ഭക്ഷിക്കാനാവില്ലെന്ന്

**അനന്യ അനൂപ്**
4 C സെന്റ് മേരീസ് എൽ പി എസ് ളാലം പാലാ
പാലാ ഉപജില്ല,
കോട്ടയം

# ഭാരതമണ്ണ്

നമസ്കരിക്കാം ഭാരതമണ്ണിലെ
ആതുര സേവകരെ
നമസ്കരിക്കാം നമ്മുടെ നാടിൻ
നിയമം കാത്തവരെ
കോവിഡ് എന്ന മഹാദുരിതത്തെ
പിടിച്ചു കെട്ടും നാം
ലോകജനതയെ ആശ്വാസത്തിൻ
മധുരം നൽകീടാം
കൊറോണ എന്ന വിപത്തിൻ
വ്യാപനമില്ലാതാക്കീടാം
കൂട്ടം കൂടാതൊരു മനസ്സോടെ
അകലം പാലിക്കാം
സ്വന്തം വീട്ടിലിരുന്നീടാം

**അതുൽ അനൂപ് പി**
3 A ജി.എൽ.പി.എസ്ബപെരിമ്പടാരി
മണ്ണാർക്കാട് ഉപജില്ല, പാലക്കാട്

# ഇലയുടെ ദാഹം

വൻ മരച്ചില്ലയിൽ
ഇലയായി പിറക്കണം
മണ്ണിന്റെ മടിത്തട്ടിൽ
ഞെട്ടറ്റു വീഴണം
കാറ്റിന്റെ തഴുകലിൽ
പാറി പറക്കുമ്പോൾ
ഒടുവിലെ യാത്രയായി
മണ്ണിലേക്കലിയണം

**അലോന അന്ന ബിനോയി**
1 F സെന്റ് മാത്യൂസ് എൽ പി എസ് കടനാട് ,കോട്ടയം,രാമപുരം
രാമപുരം ഉപജില്ല, കോട്ടയം

# ഭൂമിതൻ തിരിച്ചടി

ഒരു നാൾ ഭൂമിക്കണ്ണാടി നോക്കി
തേടുന്നവൻ പച്ചപ്പിൻകണം
ആരതു തട്ടിയെടുത്തു ?
ആരതു ഇല്ലാതെയാക്കി ?

കണ്ണീർ വാർക്കുന്നേരം
അവനറിയുന്നു ആ കരങ്ങൾ
മനുഷ്യരുടെ കരങ്ങൾ
പിളർത്തും മുറിച്ചും
ഓരോ ഹരിതകണവും

ഭൂമിയുടെ ഇരുകണ്ണുകളിൽ
പുഴ പാഞ്ഞൊഴുകിയത് ഓർക്കുന്നില്ലേ ?
ഭൂമിതൻ വേദനയും രോദനവും
മറക്കാമോ ?

ഇപ്പോൾ ഭൂമിയിതാ തിരിച്ചടിക്കുന്നു
ഭൂമിതൻ പരിസ്ഥിതിയെ നോവിച്ച നമ്മെ
ഭൂമിയിതാ തിരിച്ചടിക്കുന്നു.

**സാധിക.പി.**
4 A ജി.എൽ.പി.എസ് ശാന്തിനഗർ
വണ്ടൂർ ഉപജില്ല
മലപ്പുറം

# ദാഹജലം

ദാഹിച്ചുവലഞ്ഞ ഭൂമി
തീനാളങ്ങൾ കൊണ്ട്
പകരം ചോദിക്കുന്നുണ്ട്
ദാഹജലം പാഴാക്കിയവരോട്
വെയിൽ കൊണ്ട് പ്രതികാരവും
ജലം നമ്മുടെ മാത്രം അവകാശമല്ല
ഭൂമിയിലുള്ള എല്ലാ
ജീവ ജാലങ്ങളുടെയും
അവകാശമാണ്
പകുത്തു നൽകാം
ജലം നമുക്ക്
അവർക്കു വേണ്ടിയും
അവരും ഭൂമിയുടെ അവകാശികൾ.

**നിംഷ ഫാത്തിമ**
2 A ജി.എൽ.പി.സ്കൂൾ ഒഴൂർ
താനൂർ ഉപജില്ല
മലപ്പുറം

# പൂമ്പാറ്റ

വർണ്ണച്ചിറകുള്ള പൂമ്പാറ്റേ
സുന്ദരിയായൊരു പൂമ്പാറ്റേ
പൂന്തേൻ നുകരും പൂമ്പാറ്റേ
അഴകേറുന്നൊരു പൂമ്പാറ്റേ
കൂട്ടരുമൊത്തു കളിച്ചീടും
പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ
എന്നുടെ അരികിൽ വന്നീടൂ
ചക്കര മുത്തം നൽകാം ഞാൻ

**ലിയ മെഹ്റിൻ**
2 G എൽ പി എസ് പിലാക്കാട്ടിരി
തൃത്താല ഉപജില്ല, പാലക്കാട്

# കിങ്ങിണി

എന്നുടെ വീട്ടിലെ പൂച്ചക്കുഞ്ഞ്
കിങ്ങിണിയെന്നൊരു പൂച്ചക്കുഞ്ഞ്.
എന്നമ്മ നൽകും പാലു കുടിച്ച്
എന്നോടൊപ്പം കളിക്കുന്നു
ഒരു നാൾ എലിയെ കണ്ടപ്പോൾ
പതിഞ്ഞിരുന്നു കിങ്ങിണിയും
പമ്മിപ്പമ്മി എലിയുടെ മേലെ
ചാടി വീണു കിങ്ങിണിയും

**ആർദ്രജിനു**
2 B ജി.എൽ.പി.സ്കൂൾ താനൂർ
താനൂർ ഉപജില്ല, മലപ്പുറം

# ജന്മാന്തരങ്ങൾ

ഭയക്കണം നാം നമ്മെ
ഊഴിയിൽ മറ്റാരെയും
ഭയക്കേണ്ടതില്ല നാം തെല്ലും
വരമായ് കിട്ടിയൊരു മർത്യ ജന്മം
വിനയായ് തീർന്നു പാരിന്നു തന്നെ
പണിതുയർത്തി മാളികക്കോട്ടകൾ
ജന്മങ്ങൾ ബന്ധങ്ങൾ വിലയില്ലാ
നാണയത്തുട്ടുകൾ പോലവേ
ചിതറിത്തെറിക്കുന്നു മാറുന്നു കോലങ്ങൾ....
ഇത്തിരിപ്പോന്നൊരു കീടത്തിൻ ജൽപനം
ഗർജ്ജനമായി ഭവിച്ചിടുമ്പോൾ
ഇനിയുമെടുക്കാത്ത ജീവിതക്കോലങ്ങൾ
ആടുമോ നമ്മതൻ ഭാവപ്പകർച്ചകൾ ?

**ദൃശ്യ**
4 G എൽ പി സ്കൂൾ രായിരമംഗലം
താനൂർ ഉപജില്ല, മലപ്പുറം

# അതിജീവനം

ഉണരുവാനായ് കൊതിക്കും മനസ്സിലെ
ഇരുളിന്റെ പാളികൾ തള്ളി നീക്കി
ഉദിക്കുമീ സൂര്യൻ പകർന്നിടുമെന്നിലായ്
പൊരുതുവാനുള്ളൊരാത്മധൈര്യം

ഭയമെന്ന ഭാവം അടിച്ചമർത്തി
ജാഗ്രതയോടെ കുതിക്കുവാനായ്
പകരുന്നു ഈ മന്ദമാരുതനെന്നിലായ്
അതിജീവനത്തിന്റെ ആദ്യപാഠം

പ്രകൃതിയാമമ്മ പകരുമീ ശക്തിയിൽ
ഭയമില്ലയിന്നെനിക്കീ നിമിഷം
ചെറുത്തിടും നാം ഈ കൊറോണയേയും
അകലത്തിൽ നിന്നുകൊണ്ടൊരു മനസ്സായി.

**നിരഞ്ജന**
8 E ജി.ജി.വി.എച്ച്.എസ്.എസ്.വണ്ടൂർ,
വണ്ടൂർ, മലപ്പുറം
വണ്ടൂർ ഉപജില്ല
മലപ്പുറം

# മരണകാലം

ബന്ധങ്ങളെ
ബന്ധനത്തിലാക്കി വന്മതിലു
കെട്ടിയൊരു കോവിഡ് കാലം.
അഹംബുദ്ധിയാൽ മനുഷ്യ
ചെയ്തികളെ
പ്രതിരോധത്തിലാക്കിയ മരണകാലം..... ആർഭാടങ്ങളില്ല
ആഘോഷങ്ങളില്ല ആരാധനകളേതുമില്ല.
അയൽ രാജ്യങ്ങൾ അതിർത്തിയടച്ച്
വീടുകൾ വാതിലടച്ച്
ആഘോഷങ്ങൾ അടുക്കളയിലൊതുക്കി
ആരവങ്ങൾ പടിക്കുപുറത്ത്
ബന്ധങ്ങൾ പുഞ്ചിരിയിലൊതുക്കി
പ്രകൃതിപോലും മൂകസാക്ഷിയായി
മാറുന്ന കാലം
ഒരു മരണ കാലം.

**അൻഷിദ.വി**
9 H ജി.ജി.വി.എച്ച്.എസ്.എസ്.വണ്ടൂർ, വണ്ടൂർ, മലപ്പുറം
വണ്ടൂർ ഉപജില്ല
മലപ്പുറം

# പരിസ്ഥിതിവാദി

നീ ആരെന്നെനിക്കറിയില്ല,
നിന്റെ ആകൃതിയെനിക്കറിയില്ല
നിന്റെ ശബ്ദമെനിക്കറിയില്ല
എങ്കിലുമെനിക്ക് ഒന്നു മാത്രമറിയാം
നീ മഹാശക്തനാണെന്ന് കേട്ടിരിക്കുന്നു ഞാൻ
ഏറെ നാൾ കേട്ടിരിക്കുന്നു
നീ മഹാമാരിയാണെന്ന
സത്യം
പ്രകൃതിക്കുവേണ്ടി
വാദിക്കുന്ന നീ
എത്രയോ ശക്തൻ
മഹാശക്തൻ
മലിനമല്ലാത്ത വായുവും,
ആഹ്ലാദിക്കുന്ന ചെടികളും
സന്തോഷിക്കുന്ന പൂക്കളും
ആഘോഷിക്കുന്ന
മൃഗങ്ങളും
സന്തോഷിക്കുന്ന
പ്രകൃതിയും
ദു:ഖിക്കുന്ന മനുഷ്യരും.
ആരെയും ഭയക്കാതെ
പരിസ്ഥിതിയെ നശിപ്പിച്ച
മനുഷ്യനെ ഒതുക്കാൻ
നീ പ്രകൃതി വാദിയായി
വന്നു.

**നന്ദവേണി ആർ**
6 B ജി.യു.പി.എസി.പുതൂർ
പാലക്കാട് ഉപജില്ല
പാലക്കാട്

# ഒന്നുതന്നെ

നിറം മാറിയാലും മണം മാറിയാലും
പഴങ്ങളെന്നും ഒന്നുതന്നെ
പിണക്കമാണെങ്കിലും ഇണക്കമാണെങ്കിലും
മനുഷ്യരെല്ലാം ഒന്നുതന്നെ

**വൈഗ**
5A. ജി.യു.പി.എസ്.ഒതളൂ4,മലപ്പുറം,എടപ്പാൾ.
എടപ്പാൾ ഉപജില്ല, മലപ്പുറം

# ഭൂമി

ചവിട്ടിനിന്ന മണ്ണിതാ ലോറിയിൽ കയറി പോകുന്നു ....
തരു തന്ന വൃക്ഷമിതാ കസേരയും മേശയും ആകുന്നു ....
ശ്വസിച്ച വായു പോലും വിഷമയമായിരിക്കുന്നു...
കളിച്ചുല്ലസിച്ച പുഴയിന്ന് വരണ്ടുണങ്ങി ഇല്ലാതായിരിക്കുന്നു ...
മനുഷ്യാ നീ ഓർക്കുക...
നീയും ഞാനുമെല്ലാം ഭൂമിയിലെ വാടകക്കാർ...
ഭൂമി പകരം വീട്ടി മനുഷ്യർ ഇന്ന് സ്വന്തം വീട്ടിൽ തടങ്കലിൽ...
ഭൂമി സ്വതന്ത്രയായി
ഓർക്കുക വീണ്ടും
ഭൂമി പകരം വീട്ടിത്തുടങ്ങിയാൽ നമ്മൾ ഇല്ല.

**വിഷ്ണു നാരായണൻ**
4B ജി.യു.പി.എസ്.നിറമരുതൂർ
താനൂർ ഉപജില്ല, മലപ്പുറം

# വൈറസ്

പണ്ടൊരു നാളിൽ ഭൂതത്താനായി വന്നൊരു വൈറസ്
കറുത്തമരണം സമ്മാനിച്ചു പ്ലേഗ് എന്നൊരു പേരിൽ
കൊന്നുമുടിച്ചു ജീവനൊരായിരം
അതിനെ ജയിച്ചു മനുഷ്യർ
പിന്നൊരു നാളിൽ വന്നതോ മലമ്പനിയായി
കോളറ എന്നൊരു പേരിൽ
പിന്നെയും വന്നു വൈറസ് ഭൂതം
അവനെയും തുരത്തി
പിന്നെയും അതാ വന്നല്ലോ വസൂരി എന്നൊരു പേരിൽ
പിന്നെയും കാലം കടന്നങ്ങു പോകവേ
H1 ആയി N1 ആയി
പിന്നെയിതാ പക്ഷിപ്പനിയായും പന്നിപ്പനിയായും
കഴിഞ്ഞുപോയൊരാ വർഷം വന്നതോ നിപ്പാ വൈറസ് എന്നൊരു പേരിൽ
ഇന്നവൻ എത്തിയതോ കൊറോണാ വൈറസായി
നമ്മളതിനായി നല്കിയതോ കോവിഡ് 19 എന്നൊരു പേരും
ഭയന്നു വിറച്ചു മാനവരാശി
ജീവനെടുത്തതോ ലക്ഷങ്ങൾ
മരുന്നില്ലാ മാരണത്തെ
കൈ കഴുകിയും മൂക്കും വായും മൂടിക്കെട്ടിയും
നിശ്ചിത അകലം പാലിച്ചും
പുറത്തിറങ്ങാതെ വീട്ടിൽ ഇരുന്നും
ഒറ്റക്കെട്ടായി ഒരു മനമോടെ
ജയിച്ചു കാട്ടാം ഭൂതത്താനെ
തുരത്തിയകറ്റാം കൊറോണയെ.............

**സാന്ദ്ര. എസ്**
7 എം. ജി. എം. യു. പി. എസ്. എടയ്ക്കോട്
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# ബന്ധിതർ

ഇന്നു നാം തങ്ങളിൽ ബന്ധിതരായി സ്വയം
നാലു മതിൽ കെട്ടിനുള്ളിൽ ചുരുങ്ങവേ...
ഇന്നലെയോളം മതിച്ചുല്ലസിച്ചോരാ.....
നഗരപ്രദേശങ്ങളെക്കെ നിശബ്ദമായ്.....
ഇലഞ്ഞിതൻ പൂമരത്തണലുകൾ തീർത്തൊരാ
നാട്ടിൽ പ്രദേശങ്ങളൊക്കെയും വിജനമായ്......
'ഇനിയത്രനാളുകൾ തടവിലായിടുമെന്നറിയില്ല
എങ്കിലും ആശ്വസിക്കുന്നു ഞാൻ
ഇന്നീ ദിനങ്ങളിൽ മലിനമായിടാതെ
നമ്മളിൽ നിന്നുമീധരണി സ്വതന്ത്ര

**MUHAMMED SHABIL KC**
3 E എം.എച്ച്.എം.എൽ..പി.എസ്. കുറ്റൂർനോർത്ത്
വേങ്ങര ഉപജില്ല
മലപ്പുറം

# പൂമ്പാറ്റ

പാറി നടക്കും പൂവിലിരിക്കും
പൂന്തേനുണ്ണും പൂമ്പാറ്റേ...
പൂമ്പൊടി കട്ടൊരു പൂമ്പാറ്റേ...
ആരു നൽകി പുള്ളിയുടുപ്പ്...
പല വർണത്തിൻ പുള്ളിയുടുപ്പ്...
എന്നുടെകൂടെ വരുമോ നീ...
പൂന്തേൻ നൽകാം പൂമ്പാറ്റേ...
പൂമ്പൊടി നൽകാം പൂമ്പാറ്റേ...
പുള്ളിയുടുപ്പിട്ട പൂമ്പാറ്റേ...

**വൈഗ വിനീഷ്**
3 എം എസ്.സി.എൽ.പി സ്കൂൾ, കലയപുരം,
കുളക്കട ഉപജില്ല
കൊല്ലം

# തുടരെ.....

ജീവനിത്തിരി ബാക്കിയിരിക്കെ
ജീവചക്രത്തിൽ മാറ്റമിരിക്കേ
അഗ്നിയിൽ നിലം പറ്റുന്ന
ജീവന ചിത്രങ്ങളിൽ മായങ്ങൾ
വന്നു നിറഞ്ഞൊഴികെ
നമ്മളിൽ എത്തുന്ന ദീർഘമേറിയ
വെടിയുണ്ടകൾ... ജീവന്റെ
ജീവന് വെല്ലുവിളികളായി
കൊറോണ....കൊറോണ...

മാറ്റത്തിന്റെ ചക്രത്തിൽ
പായുന്ന മാനവരാശികൾ
ഒന്നോർക്കുക ഓർക്കുക
മാറ്റങ്ങൾ അനിവാര്യമാണ്
എന്നാൽ നാളേക്ക് നമ്മളിൽ
കാലത്തിന്റെ ഓർമ്മകൾ മായാതിരിക്കട്ടെ

........പക്ഷെ അമേരിക്ക
നിന്റെ ഹൃദയരേഖ എവിടെപ്പോയി മറഞ്ഞു?
വല്ല പരീക്ഷണസ്ഫോടനത്തിലും
അത് ഭൂഗർഭത്തിലാണ്ടുപോയോ?
നേരിടണം ഒന്നു ചേരണം
ഒന്നൊന്നായി തിരിച്ചു നേടണം

ഭീതിയിൽ ചൂളിപ്പതുങ്ങാതെ
ഓടിപ്പോയി ഒളിച്ചിടാതെ
നിശ്ചയം മുമ്പോട്ടു നീങ്ങിടുമെങ്കിലോ
നിത്യ സംതൃപ്തമായി തീരട്ടെ....

**അനാമിക എ.**
7B എം. ടി. എച്ച്. എസ്. എസ്., വാളകം
വെളിയം ഉപജില്ല
കൊല്ലം

# സന്ധ്യ

സന്ധ്യ ഒരുങ്ങി വരുന്നല്ലോ
കാണാനെന്തൊരു ചേലാണ്
ചുണ്ടിൽ പുഞ്ചിരിയുണ്ടല്ലോ
നേത്രങ്ങളിലോ കണ്മഷിയും
സന്ധ്യ ഒരുങ്ങി വരുന്നല്ലോ
കാണാനെന്തൊരു ചേലാണ്
ചന്ദ്രനുമൊത്തിരി സന്തോഷം
മുല്ലപ്പൂവിൻ പരിമളമേറ്റു
ചുറ്റും ചെടികളുറങ്ങുന്നു
മാനത്തെങ്ങും വർണ്ണക്കൂട്ടാൽ
ചിത്രമൊരുക്കിയതാരാണ്
ആകാശത്തിലെ അരമനയിൽ
ഞാനുംകൂടെ പോന്നോട്ടെ ,

**രമ്യ**
7 A മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ, കൊട്ടാരക്കര
കൊട്ടാരക്കര ഉപജില്ല, കൊല്ലം

# യാത്ര

യാത്രയെന്നാലെന്താണ്?
യാത്രയെന്നത് സുഖമുള്ളരോർമയാണ്..
നോവുകളെല്ലാം മറക്കാനുള്ള
സമയമാണല്ലോ യാത്രകൾ.
യാത്ര പോകാൻ മോഹിച്ച നാളുകൾ
യാത്ര പോകാതെ ദുഃഖിച്ച നാളുകൾ
സഫലമാകാതെ പോയ യാത്രകൾ
യാത്രകൾ യാത്രകൾ സുഖമുള്ള ഓർമ്മകൾ
യാത്രയുടെ നീളമോ അല്പം മാത്രം.

**സൈറ ലിസ കോശി**
7 A മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ, കൊട്ടാരക്കര
കൊട്ടാരക്കര ഉപജില്ല, കൊല്ലം

# സുന്ദര പൂന്തോട്ടം

പല നിറം കാച്ചിയ പൂക്കളാൽ
മിന്നുന്ന പൂന്തോട്ടം
വർണപ്പകിട്ടേകി ശോഭിതമാം
പൂന്തോട്ടം
മൂളീം പാറിപ്പറന്നും ഓടിയെത്തുന്ന തേനീച്ചക്കൂട്ടം
മഞ്ഞയും ചുവപ്പു നിറമുള്ള ശലഭങ്ങളും
കലപില ചിലച്ചു വരുന്ന പക്ഷികളും
പുല്ലുകളിൽ തണുപ്പേകി മഞ്ഞിൻ കണങ്ങളും
കുഞ്ഞുകുസുമങ്ങളും
എല്ലാമെല്ലാമായി ഒരു പ്രകൃതി ദൃശ്യം
കണ്ണിൽ കാഴ്ചയും മനസ്സിൽ സന്തോഷവും പകരുന്ന ഒരു കൊച്ചു മലർവാടി
ആഹാ! എത്ര മനോഹരം .

**രാഷിക എസ് കൃഷ്ണൻ**
6 മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ, കൊട്ടാരക്കര
കൊട്ടാരക്കര ഉപജില്ല
കൊല്ലം

# കൊലയാളി കോറോണ

സുന്ദര ജീവിതം ഏകമായ് രസിച്ചപ്പോഴും
ഞാൻ കരുതിയില്ല ഏകനാകുമെന്ന്
പല പല മാരക രോഗങ്ങളാൽ ലോകമൊക്കെയും
ചാഞ്ചാട്ടം ആടുമ്പോൾ
ഇതെന്തുമാരി മഹാമാരി !
നിപ്പ തന്നെ മഹാമാരിയെന്നു ഞാൻ കരുതിയെങ്കിലും,
ഇതിനെയെല്ലാം വെല്ലും കൊലയാളി കൊറോണ!
ഇതെന്തു ഭയാനകം! ഇതെന്തു ഭയാനകം!
ലോകമെല്ലാ സ്തംഭനം! വ്യക്തിയെല്ലാം ബന്ധനം !
സോപ്പിട്ടു കൈകൾ കഴുകിടാം
യാത്രകൾ വേണ്ട നമ്മുക്ക് അകലം പാലിച്ചീടാം
ഭയമല്ല പ്രതിരോധമാണ് കരുത്ത്
ഇതുതന്നെയല്ലോ മലയാളിതൻ സമ്പത്ത് !
അതിജീവിക്കും നമ്മൾ കോറോണയെയും തുരത്തിടും

**ആയിഷ സിദ്ധിക എൻ**
7 B എച്.എ.യു.പി.എസ്ബഅക്കര
ആലത്തൂർ ഉപജില്ല
പാലക്കാട്

# കൊറോണക്കാലം

അവധി വേണമെന്നാർത്തിരുന്നെൻ, മനം
 അവധിയായാൽ കളിക്കണം ', കൂടണം
വന്നു ചേർന്നൂ പരീക്ഷാദിനങ്ങളും
എണ്ണിയെണ്ണിക്കഴിയാറായി
അപ്പോഴേ എത്തി ചൈനയിൽ നിന്നൊരു ഭീകരൻ
'കോവിഡ് 'എന്ന കൊറോണയാം ഭീകരൻ
അവധി കിട്ടീ.... പരീക്ഷകൾ സ്തംഭിച്ചു.....
പേടിയോടെയറിഞ്ഞു ഞാൻ...
ഇക്കാലം കൂട്ടുകൂടേണ്ട... ആറ്റിൽ കളിക്കേണ്ട
അവധി വേണമെന്നാർത്തിരുന്നെൻ,
മനം
അവധിയായാൽ കളിക്കണം', കൂടണം
വന്നു ചേർന്നൂ പരീക്ഷാദിനങ്ങളും
എണ്ണിയെണ്ണിക്കഴിയാറായി
അപ്പോഴേ എത്തി ചൈനയിൽ നിന്നൊരു ഭീകരൻ
'കോവിഡ്' എന്ന കൊറോണയാം ഭീകരൻ
മാമ്പഴം തേടി പോകേണ്ട..
വീട്ടിലിരിക്കണം, അടുപ്പം
കുറയ്ക്കണം.
അകലം വേണം..
അയൽപക്കം തമ്മിലായ്..
കൈ കഴുകണം, ശുചിയായിരിക്കണം...
അയ്യോ !കഷ്ടം... പകച്ചുപോയി ഞാനപ്പോൾ
ആഗ്രഹങ്ങളോ, അസ്തമിച്ചപ്പോഴേ....
എങ്കിലും... നാടിൻ നന്മയ്ക്കായ് ഞാനിതാ..
കാത്തിരിക്കുന്നു... നിയമങ്ങൾ പാലിച്ച്.....
നല്ല നാളേയ്ക്കായി,
നല്ലൊരു നാടിനായി....

**അർജുൻ എസ്**
8 C എച്ച് എസ് രാമമംഗലം
പിറവം ഉപജില്ല
എറണാകുളം

# നാം ഒന്ന് നമ്മൾ ഒന്ന്

വ്യാധിയുടെ കുഞ്ഞു കനലും വിതറി
ഒരു കൊച്ചു രോഗാണു കൂടി.
ഒരു കൊച്ചു രോഗാണുവാണെന്നു
ചൊല്ലിയാൽ അത് നുണയായി മാറും
കോവിഡ് 19, കൊറോണ തുടങ്ങി
മനുഷ്യൻ നൽകിയ വ്യത്യസ്തമാം
നാമങ്ങൾ പേറി അവനിറങ്ങി
മിഴിയിൽ തെളിയാത്ത ഭീകര
രൂപമായി നമ്മളിലേക്കുമതെത്തി
മനുഷ്യരെ ഒന്നാകെ കാർന്നു തിന്നീടുന്ന
പകർച്ചവ്യാധിയായി മാറി
ആദ്യം വേണ്ടത് ശുചിത്വം
ശുചിത്വം നമ്മൾ പാലിച്ചാൽ
രോഗത്തിൽ നിന്നും മുക്തി
വ്യക്തി ശുചിത്വം പോരാ നമ്മുടെ
പരിസരവും ശുചിയാക്കീടേണം
ശാരീരിക അകലം പാലിച്ച്
മാനസിക ഒരുമയോടെ
നീക്കീടാം ഈ വ്യാധിയെ
അകറ്റാം നമുക്കീ അസുരനെ
ഭൂമിയിൽ നിന്നും തുരത്തീടാം

**അഖില ഡി**
9ഡി എച്ച് എസ് എസ് ഫോർ ഗേൾസ് വെങ്ങാനൂർ
ബാലരാമപുരം ഉപജില്ല
തിരുവനന്തപുരം

# ലോക്ക്ഡൗൺ

ലോകത്തെ മുഴുവൻ ലോക്ക്ഡൗണിലാക്കിയ
മഹാമാരിയാണ് കോവിഡ് 19 എന്ന കൊറോണ
വൻകിടരാജ്യങ്ങൾ ഒന്നൊന്നായി
കീഴടക്കുകയാണ് ഈ മഹാമാരി

വീടും വിദ്യാലയവുമായി കഴിഞ്ഞിരുന്ന
ഞങ്ങൾ ഇപ്പോൾ വീട്ടുതടങ്കലിൽ
കളിക്കാൻ കൂട്ടുകാരില്ല
ഞങ്ങളുടെ പ്രിയ അദ്ധ്യാപകരില്ല

ലോകം മുഴുവൻ കൂട്ടിലടച്ച കിളികളെപ്പോലെ
ജയിലിൽ അകപ്പെട്ട പോലെ
ഞങ്ങളുടെ വേദന ആരോടുപറയാൻ
എന്തൊരു ഭയാജനകമാണീ അവസ്ഥ

നമ്മുക്ക് ഒറ്റക്കെട്ടായി നിന്ന് പോരാടാം
അതിജീവിക്കാം ഈ മഹാമാരിയെ
രക്ഷപ്പെടാം ഈ ലോക്ക് ഡൗണിൽ നിന്നും

**അമ്മു എസ്**
4 B എടത്വ സെൻറ് മേരീസ് എൽ പി എസ്
തലവടി ഉപജില്ല
ആലപ്പുഴ

# അകന്നിരിക്കാം അടുക്കാനായി

അകന്നിരിക്കാം തൽക്കാലം
അടുത്തിരിക്കാൻ വേണ്ടീട്ട്
പകർന്നിടുന്നൊരു രോഗമിത്
ജാഗ്രത മതി പേടി വേണ്ട
കൈകൾ കഴുകാം നന്നായി
കരുത്തരാകാം ഒന്നായി
പുറത്തിറങ്ങാൻ നോക്കാതെ
അകത്തിരുന്ന് കളിച്ചീടാം
കൊറോണയെ നാം തുരത്തീടും
സമൂഹ വ്യാപനമൊഴിവാക്കി
കൊറോണക്കാലമിനിയെന്നും
ഒരു ഓർമക്കാലമായീടും
നമ്മുടെ ഓർമക്കാലമായീടും

**ആതിര അനിൽകുമാർ**
4 എസ് എൻ എൽ. പി. എസ്. കൊടുവഴങ്ങ
ആലുവ ഉപജില്ല, എറണാകുളം

# മഹാമാരി

കാലങ്ങൾ മാറി ജീവിതം മാറി
വൈറസിൻ മുന്നിൽ ഭീതിയുമായി
ജീവനും കാത്തു കിടക്കുന്നു'
പിന്നിൽ മത ഭേദമില്ലാതെ എല്ലാരുമൊന്നായ്
കീഴടങ്ങുന്നു ഈ വൈറസിൻ മുന്നിൽ
നഗരങ്ങൾ കാണാതെ നഗരക്കാഴ്ചകൾ
മാത്രമായ് ഇന്നീ ഭൂമിയിൽ
മാരിക്കു മുന്നിൽ കീഴടങ്ങുന്നു മനുഷ്യർ
ഇരുണ്ടു കിടക്കുന്ന മാനത്തിനപ്പുറം
നന്മ തൻ വെളിച്ചം വീശിടുന്നു.
കൊഴിയുന്ന പൂമരങ്ങൾക്ക് പകരമായ് വീണ്ടും
പൂക്കുന്ന കാലമെത്തും.

**ആര്യ വിനോദ്**
4 എസ്.എ.എൽ.പി.സ്കൂൾ കോട്ടത്തറ
വൈത്തിരി ഉപജില്ല, വയനാട്

# കോവിഡ് കാലം

വന്നൊരു മഹാമാരി മനുഷ്യരാശിതൻ
നാശം വിതയ്ക്കുവാൻ
എബോളയും സാർസും കടന്നു പോയിന്നു
കോവിഡ് 19 തൻ കാലമായ്
സ്വയരക്ഷയും സാമൂഹ്യ രക്ഷയും
ഓരോ പൗരന്റേയും ഉത്തരവാദിത്വമായ്
സാമൂഹിക കലവും വ്യക്തി ശുചിത്വവും
മാസ്ക്കും ധരിച്ചു നാം പൊരുതുന്നു
ലോക്ഡൗൺ എന്ന പ്രതിഭാസവും വന്നു
മാനവർ വീടുകൾക്കുള്ളിൽ ഒതുങ്ങുവാൻ പഠിച്ചു
കോവിഡ് 19 ൻ ചങ്ങലക്കണ്ണികൾ
പൊട്ടിച്ചു മുന്നേറും നാം ഓരോരുത്തരും
എങ്കിലും മർത്യ നീ ഓർക്കുക നീ നശിപ്പിക്കും
പ്രകൃതിക്ക് കൊറോണ സുഹൃത്തായ് മാറുന്നു
മർത്യനു ശത്രുവുമാകുന്നു
പ്രകൃതി തൻ ശ്വാസകോശത്തിൽ നാം
ഏൽപ്പിച്ച ആഘാതം കുറയുന്നു.
എന്നാലോ മർത്ത്യൻ തൻ ശ്വാസകോശത്തിൽ
കൊറോണ പിടിമുറുക്കുന്നു.

**കൃഷ്ണതീർത്ഥ ഇ ജി**
1 എസ് എൻ എൽ. പി. എസ്. കൊടുവഴങ്ങ
ആലുവ ഉപജില്ല
എറണാകുളം

# ഇവനൊരു ഭീകരൻ

കൊറോണയുണ്ടത്രേ കൊറോണയിപ്പോൾ
കൊടും ഭീകരനാം അവനൊരു ക്രിമികീടം
അഖിലാണ്ഡം വിറപ്പിച്ചു കൊണ്ടവൻ
അതിവേഗം പടരുന്നു കാട്ടുതീയായ്
വിദ്യയിൽ കേമനാം മാനവരൊക്കെയും
വിധിയിൽ പകച്ചങ്ങു നിന്നിടുമ്പോൾ
വിരസത ഒട്ടുമേ പിടികൂടാത്തവൻ
വിലസുന്നു ലോകത്തിൻ ഭീഷണിയായ്
ഇനിയാര് ഇനിയാര് മുൻപന്തിയിലെന്നു
രാഷ്ട്രങ്ങളോരോന്നും ഭയന്നിടുന്നു
ഞാനില്ല ഞാനില്ല എന്നോതിക്കൊണ്ടവർ
ഓടാൻ ശ്രമിക്കുന്നു ഭീരുക്കളായ്
കേമത്തരം കൊണ്ടവർ മുൻപന്തിയിലെന്നാൽ
കേണീടുന്നു അല്പം ശ്വാസത്തിനായ്
കേട്ടവർ കേട്ടവർ അടയ്ക്കുന്നു മാർഗങ്ങൾ
കൊറോണ കേറാതിരിക്കുവനായ്
കണ്ണിലും കാണാത്ത കാതിലും കേൾക്കാത്ത
കൊറോണ നീയിത്രയും ഭീകരനോ?
സങ്കടമുണ്ട് മനസ്സകലാമോ
സജ്ജരാം മനുഷ്യരെ ഓർത്തീടുമ്പോൾ

**ശിവനന്ദ കെ .വി**
5 എ എസ് എൻ ജി എസ് യു പി എസ് കാക്കാത്തുരുത്തി
ഇരിഞ്ഞാലക്കുട ഉപജില്ല
തൃശ്ശൂർ

# കൊറോണ എന്ന മഹാമാരി

ഭീതി പരക്കുന്നു ഭയാനകമാകുന്നു
വീണ്ടുമൊരു മഹാമാരി
ഭീകരനാകുന്ന വിനാശകാരൻ
കൊറോണ എന്ന മഹാമാരി
താണ്ഡവം തുടരുന്ന വേളയിൽ
ഭൂലോകമാകെ
വിറകൊള്ളുന്നിപ്പോൾ
പ്രാണനായ് കേഴും
മനുഷ്യരാണെങ്ങും
ഭീതി പരക്കുന്നു
ഭയാനകമാകുന്നു
വീണ്ടുമൊരു മഹാമാരി
മഹാമാരി ... മഹാമാരി

**അഭയ് എ.എസ്**
3A, എസ്.എൻ.വി.യു.പി.എസ്.മൂലം കുടം
ചാലക്കുടി ഉപജില്ല, തൃശ്ശൂർ

# തിരിച്ചറിവ്

എത്രയോ സ്വപ്നം കണ്ടു നാം
പൂമ്പാറ്റ പോൽ പാറിപ്പറന്നു നടന്നു നാം
എന്തെല്ലാം ആടി തിമിർത്തു നാം
ഭൂമിയാം മടിത്തട്ട് ആടിയുലച്ചു നാം
ദൈവവചനങ്ങൾ കാറ്റിൽ പറത്തി നാം
സത്യത്തെ കൺകെട്ടി നിർത്തി നാം
മർത്ത്യൻ തന്നെ വലുതെന്ന് പാടി പുകഴ്ത്തി
ബുദ്ധിമാനെന്ന് സ്വയം ഭേരി മുഴക്കി
ജീവജാലങ്ങളെയെല്ലാം തൻകീഴിലാക്കി.
എന്നാലിന്ന് ഇപ്പോൾ തിരിച്ചറിയുന്നു
വെറുമൊരു സൂക്ഷ്മാണുപോലും തൻമീതെയെന്ന്

**കാർത്തിക് എസ് ഡി**
6 D ഗവ. എച്ച് എസ്സ് എസ്സ് ,ഏരൂർ
അഞ്ചൽ ഉപജില്ല, കൊല്ലം

# അതിജീവനം

കേരളമെന്നൊരു കൊച്ചുനാട്ടിൽ
ഭീതി പരത്താൻ ഓടിയെത്തി
കൊറോണ എന്നൊരു കൊച്ചു വീരൻ,
കിരീടമില്ലാത്ത രാജാവ് കൊറോണ വൈറസ്സിതാ.
മനുഷ്യരെല്ലാം അകത്തിരുന്നു.
പക്ഷിമൃഗാദികൾ പുറത്തിരുന്നു.
ചിന്തിക്കാനുള്ള ഒരു കാലമായി കാണുന്നു ഞാനീ ലോക്ക് ഡൗൺ നെ.
ശുചിത്വ ത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ,
കൊറോണ കാലവും സാക്ഷിയായി.
ഏറെനേരം ഞാൻ വായിച്ചിരുന്നു അതിജീവനത്തിന്റെ പാഠഭാഗം.
ഭീതിയെ കാറ്റിൽപറത്തി ടാം കൂട്ടരേ
ഇത് പേടിപ്പെടുത്തുന്ന കാലമല്ല.
പേടി അകറ്റി ജീവിക്കാൻ ഒരു പ്രേരണ കിട്ടും
ഈ സ്വർഗ്ഗ നാട്ടിൽ.

**മയൂരി. എ. എസ്.**
6എ എസ് എൻ വി യു പി എസ് മരുതമൺ പള്ളി.
വെളിയം ഉപജില്ല
കൊല്ലം

# തിരിച്ചുപൊയ്ക്കൊള്ളൂ

എനിക്കുവേണ്ടിയല്ല
നിനക്കുവേണ്ടിയല്ല
നമുക്കുവേണ്ടിയാണ്കൂട്ടുകാരെ
നാലുചുവരുകൾക്കുള്ളിൽ ഒതുങ്ങുന്നത്
വിദ്യാലയത്തിന്റെ മണിയൊച്ചകളിൽ നിന്ന്
കൂട്ടുകാരുടെ ആരവങ്ങളിൽനിന്ന്
നഗരത്തിന്റെ തിളക്കങ്ങളിൽനിന്നകന്ന്
ഒറ്റപ്പെടലിന്റെ തുരുത്തിൽ അഭയംതേടുന്നത്
തളിരിടുന്ന നമ്മളെ
തണലാകുന്ന നമ്മളെ
കൊറോണയെന്ന മഹാമാരിക്കല്ല
ആർക്കും കീഴ്പെടുത്താനാവില്ല
കൈകഴുകിയും
മുഖാവരണങ്ങളണി!ഞ്ഞും
തമ്മിലകന്നുനിന്നും
നാം പോരാടും
ഞാൻ ഒറ്റക്കല്ല
നമ്മൾ ഒരുമിച്ചാണ്
പടർന്നുപിടിക്കുമീ വ്യാധിക്കെതിരെ
പടച്ചട്ടയണിയുന്നത്
അകലുന്തോറും അടുക്കുന്ന മനസ്സുകളുമായ്
ജാതിമതബന്ധനങ്ങളെ തകർത്തെറിഞ്ഞ്
നമ്മളൊന്നിക്കുമ്പോൾ
തോൽവിയെന്നൊന്നില്ല
അതിജീവനത്തിന്റെ കരുത്താർജ്ജിച്ച്
പ്രതീക്ഷയുടെ തിരിതെളിച്ച്
ധീരതയോടെ പറയാം
മഹാമാരീ തിരിച്ചുപൊയ്ക്കൊള്ളൂ...

**അനുപമ മോഹനൻ**
10B എസ്.എച്ച്.എച്ച്.എസ് രാമക്കൽമേട്
നെടുംകണ്ടം ഉപജില്ല
ഇടുക്കി

# കൊറോണ

അരുത് പിശാചുക്കളേയരുത്
നമ്മുടെ പരിസ്ഥിതിയേ മലിനമാക്കരുതേ
നമ്മുടെ ക്രൂരപ്രവൃത്തിയാൽ നമ്മുടെ
പരിസ്ഥിയെ മലിനമാക്കരുതേ
പ്രകൃതി നമ്മുടെ വരദാനമാണ്
അവ അമ്മയാണ് സർവ്വംസഹയാണ്
അവയെ മലിനമാക്കരുതേ നാം മലിനമാക്കരുതേ
താൻ ചെയ്യുന്ന പ്രവൃത്തി തിരിച്ചറിയാതെ
അട്ടഹസിക്കുകയാണ് നമ്മൾ
അത് വലിയ വിപത്തിന് കാരണമാണെന്നു
നാം സ്വയം തിരിച്ചറിയേണ്ടിയിരിക്കുന്നു
നമ്മുടെ പ്രവൃത്തിയാൽ കെറോണ എന്ന
മഹാമാരിയുടെ തടവിൽ മുറുങ്ങുകയാണു നാം
ആ മഹാമാരിയെ ചെറുക്കാൻ ഒഴിവാക്കൂ
നമ്മുടെ ക്രൂരപ്രവൃത്തികൾ
ഒത്തൊരുമിച്ചൊരു ശുചിത്വ പൂർണ്ണമായ
ഭാരതത്തെ തിരിച്ചുകൊണ്ടുവരിക.
പ്രത്യാശിക്കാം നമ്മുക്ക് പ്രത്യാശിക്കാം
എല്ലാം ശരിയാകുമെന്ന് പ്രത്യാശിക്കാം.

**ആദിത്യ സതീശൻ**
10.സി എസ് എസ് വി ജി എച്ച് എസ് എസ് ചിറയിൻകീഴ്
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# കൊറോണ

സ്വന്തം മണ്ണിൽ ഇറങ്ങാൻ പോലും
അനുവാദം തേടുന്നവരായി ജനം
ജനരക്ഷക്കായി വിയർപ്പൊഴുക്കാൻ
രക്ഷാപ്രവർത്തകരും വൈദ്യൻമാരും
കൂടെ നമിച്ചിടാനായ് നിയമപാലകർ
തൻ സേവനങ്ങളും കാവലും
മഹാമാരി തൻ ഭീതിയിൽ
സ്തബ്ദരായി നിന്നിടുന്നു ജനം
മഹാമാരി തൻ താണ്ഡവ നൃത്തത്തിൽ
ജീവനേറെ പൊലി!ഞ്ഞുപോയ്
മരണ ശയ്യയിൽ കിടക്കുന്നവരോ അതിലേറെ
അന്ത്യയാത്രാമൊഴി പറയാൻ പോലുമാകാതെ
ഉറ്റവൻ തേങ്ങി കര!ഞ്ഞിടുന്നു
ഈ വിപത്ത് നമ്മെ നയിക്കുന്നത്
അന്ത്യത്തിലേക്കോ അതോ അതിജീവനത്തിലേക്കോ
മാനവരാശി തൻ അതിമോഹ
ആർഭാടങ്ങൾ എവിടെ പോയി ?
ലോകത്തെ മാസ്മരികമായ മോഹ വലയ
ത്തിൽ നിന്നും കരകയറ്റാനോ ?
അതോ ജനതക്കൊരു അവബോധം ഉണ്ടാക്കാനോ
ദൈവമായ് സൃഷ്ടിച്ചതല്ലേ ഇത് ?

**ഫിദ. പി.ടി**
5.D എസ്.എൻ.യു.പി.സ്കൂൾ നന്നമ്പ്ര
താനൂർ ഉപജില്ല
മലപ്പുറം

# അകറ്റുക ഭീതിയെ

ദൈവമേ കേൾക്കുക
കാക്കുക നമ്മെ നീ
മാറ്റുവാൻ കഴിയാത്ത ദുരിതങ്ങളൊക്കെയും.
ഈ രോഗഭീതിയിൽ
കഴിയുന്ന ലോകത്തെ
മാറ്റു നീ ദൈവമേ രക്ഷിക്കൂ പാരിനെ
പുലർകാലവേളയിൽ കാണുന്ന ജീവിതം
മാറ്റിമറിക്കുന്ന ഈശ്വര
ദുഃഖമിന്നാർക്കും വരുത്താതെ കാക്കുക
പേമാരി പോലെ പടരുന്നൊരീദീനം
കൊയ്തൊടുക്കുന്നതീ മർത്യന്റെ ജീവനും
അല്ലലിൽ പാർക്കുന്ന ജീവിതം വെടിയുവാൻ
പ്രതിരോധമേകിടാം ഭൂമിയിലേവരും
ജാഗ്രതയാകുക ഇക്കണ്ട മാരിയിൽ
ആശങ്കയില്ലാതെ നീക്കിടാം രോഗവും
ഒത്തൊരുമിച്ചിന്നു കൈകോർത്തു നീങ്ങിടാം
തീർത്തിടാം ആശങ്ക, ഭീതികളൊക്കെയും
അകലങ്ങൾ തീർത്തിട്ട് നേരിടും രോഗത്തെ
വ്യക്തിശുചിത്വവും ഒരുമയും തീർത്തൊരു
കൈബലം കൊണ്ടിന്നു കാക്കുമീ ജീവനെ
കാക്കണേ ദൈവമേ ഈ ലോകമാകവേ

**സബിൻ സുനിൽ**
9 D എസ് .കെ വി എച്ച് എസ് എസ് നന്ദിയോട്
പാലോട് ഉപജില്ല
തിരുവനന്തപുരം

# ജാഗ്രത

കരുതിയിരിക്കുക ജനങ്ങളേ നമ്മൾ
കരുതിയിരിക്കുക വീടിനുള്ളിൽ
ഈ മഹാമാരിയെ തുരത്തുവാൻ വേണ്ടി
കരുതിയിരിക്കുക കൂട്ടരേ നമ്മൾ
പിടിച്ചു പറിക്കലും കുത്തി കൊലകളും
കൈമുതലാക്കിയ ഈ തലമുറക്കാർ
കരുതിയിരിക്കുക ജാഗ്രതയോടെ
ഭൂലോകം ആകെ ജീവൻ പൊലിയുന്ന
കാഴ്ചകൾ കണ്ടു മരവിച്ചു പോകുന്നു.
ജാതിമത ഭേദങ്ങളില്ലാതെ
അന്ത്യകർമ്മങ്ങളില്ലാതെ ഒരു കുഴിയിൽ
അന്തി ഉറങ്ങുന്ന കാഴ്ചകൾ
വേദനാജനകമാം കാഴ്ചകൾ
കണ്ടു മനം മടുക്കുന്നു ജനജീവിതം
കൊറോണ എന്നൊരു വൈറസ് മൂലം
കുട്ടികൾക്കൊക്കെ ഭയാശങ്കയായി
വീടിനുള്ളിൽ തളച്ചിട്ട പോലൊരു തോന്നൽ
ഒന്ന് പുറത്തിറങ്ങുവാൻ കൊതിച്ചിടുന്നു
ഓർമ്മയിലെന്നും സൂക്ഷിക്കുവാൻ
ഭീതിജനകമാം ബാല്യം
ഭയക്കേണ്ടതില്ല കൂട്ടരേ നമുക്ക്
ധൈര്യമായ് നേരിടാം കൊറോണയെ

**ആദിത്യൻ പി വി**
1 A എസ് എൻ എൽ പി സ്കൂൾ മൂത്തേടത്തുകാവ്
വൈക്കം ഉപജില്ല
കോട്ടയം

# പോരാട്ടം

ചൈനയിൽ നിന്നുമാ രോഗമുണർന്നു
രോഗത്തിൻ വേഗത ആകെഉയർന്നു
ഭൂഖണ്ഡം, രാജ്യങ്ങൾ വേർതിരിവില്ലാതെ
ലോകമെങ്ങുമീ രോഗം പടർന്നു
മരുന്നും മന്ത്രവും ഫലിക്കാതെ വന്നു
മാനവർതൻ ജീവൻ പൊലിഞ്ഞു
മരണത്തിൻ വേഗത ആകെുഉയർന്നു
രോഗികൾ തൻ എണ്ണം തീപോൽപടർന്നു
ഒത്തുചേരൽ വേണ്ട, യാത്രകൾ വേണ്ട
വീട്ടിലിരുപ്പത് കർശനമത്രെ
ജോലിയില്ലാതെയായ് കൂലിയില്ലാതെയായ്
വീട്ടിലെമ്പാടും കഷ്ടതമാത്രമായ്
ജോലിക്കായ് രാജ്യങ്ങൾ തേടിപോയവർ
വേഗത്തിൽ വാർത്തകേട്ട് ഭീതിയിലായ്
വീട്ടിലേക്കുള്ള മാർഗ്ഗമടഞ്ഞത് ഓർത്ത്
കാത്തിരിപ്പത് ദൂരെ
രോഗത്തെ തോൽപ്പിച്ച്
ജീവന് വേണ്ടിയാ കാവൽ നിന്നത്
ഡോക്ടർമാർ നേഴ്സുമാർ
ജനങ്ങൾതൻ ഒറ്റക്കെട്ടിനുറപ്പതിൽ
രോഗത്തെ നേരിടാൻ മാർഗ്ഗങ്ങൾ തേടി
പേടിയല്ലവേണ്ടെന്നും ജാഗ്രതമതിയെന്നും
ടീച്ചർ പഠിപ്പിച്ചുതന്നു ഞങ്ങൾക്ക്
നന്ദിപറഞ്ഞാൽ തീരില്ലത്രെ
ജീവൻ രക്ഷിച്ച മാലാഖമാർക്കായ്
രോഗത്തെ നേരിടാൻ മാർഗ്ഗമതൊന്ന്
വീട്ടിലിരുന്ന് സുരക്ഷിതരാകുക

**സ്വാതി.**
IX C എസ്. എൻ. ജി. എസ്.എച്ച്. എസ്, കടയ്ക്കോട്
വെളിയം ഉപജില്ല
കൊല്ലം

# ഒരുമയോടെ

പ്രപഞ്ചത്തിന്റെ താളലയങ്ങളെയൊപ്പുമീ
ശാസ്ത്രലോകത്തെ തോൽപ്പിക്കാൻ
കുഞ്ഞനായ് വന്നു ,വമ്പനായ് മാറിയ
ജീവലോകത്തെ ഭീകരനാണു നീ.
കൂർമബുദ്ധിയായ് കൂട്ടക്കുരുതിയാൽ
യുദ്ധതന്ത്രം മെനഞ്ഞൊരു 'ഹിറ്റ്ലറും'
ഒന്നു പേടിക്കും നിന്നെ, 'കിരീടവും'
'കോലു'മേന്തിയ 'കോവിഡ് നയന്റീനെ'
ഏകനായി നീ യുദ്ധം തുടരുമ്പോൾ
പകച്ചങ്ങോ മറയുന്നു വമ്പന്മാർ
അന്യഗോളംവരെയടക്കി വിരൽ
ത്തുമ്പിൽ വിദ്യകൾ നേടിയ മാലോകർ
അഭയത്തിനായ് കേഴുന്ന,വർ, പുണ്യ
ഭൂമിക ഭാരതത്തിന്റെ മുന്നിലായ്.
അയൽക്കാരെപ്പോൽ ഇല്ലായ്മകൾ പങ്കു
വച്ചുനാം, 'മൃതസഞ്ജീവനി'കളും
ഭടന്മാരായി യുദ്ധം ജയിക്കുവാൻ
കവചം തീർത്തു സർക്കാരിൻ സേവകർ
അന്യജീവനു താങ്ങായ്, പ്രതിരോധ
പാഠമോതി മനോബലം നൽകിയോർ
'മാസ്കു'കൾ, 'സോപ്പു'കൾ, 'സാനിറ്റൈസറും'
ആയുധമാക്കി നാം പൊരുതീടണം
'സോഷ്യൽ ഡിസ്റ്റെൻസിങ്' പാലിച്ചു നമ്മളും
'ലോക്ഡൗണി'നെ മാനിച്ചു കേരളം
വിഴുങ്ങാനായി വന്നൊരു 'നിപ'യെ,
പ്രളയത്തെ, നാം തോൽപ്പിച്ചു നന്മയാൽ
ജാതിരാഷ്ട്രീയഭേദങ്ങൾ കൂടാതെ,
ജയിച്ചീടണം നമ്മളിവിടെയും
നിയമങ്ങളെ കർശനം പാലിച്ച്
നമ്മൾ നൽകണം സേവകർക്കാദരം
പ്രാർത്ഥനയ്ക്കായി മാറ്റിവച്ചീടണം
ഘോഷമെല്ലാം , തടസ്സങ്ങൾ മാറുവാൻ

അടച്ചിടലുകൾ തെരുവിനെ മൂകമായ്
മാറ്റിയപ്പോൾ പ്രകൃതിയോ ശാന്തയായ്
ഇന്ധനപ്പുകയും പൊടിയും കെട്ടു,
കളിയാടുന്നു സൗന്ദര്യ ശോഭയും
കിളി പാടുന്നു, പക്വഫലത്തിനായ്
അടി കൂടുന്നു അണ്ണാറക്കണ്ണന്മാർ
മന്ദമാരുതനെത്തുന്നു ജീവിത
ച്ചൂടിനെ നല്ലൊരോർമ്മയായ് മാറ്റുവാൻ

ലോകമാകെ സുഖമായ് വരേണമെ
ന്നോർത്തു കൈകഴുകീടണം വൃത്തിയായ്
ഇഞ്ചിഞ്ചായി നാം കൊല്ലണം 'കോവിഡെ'
ന്നുള്ള ക്രൂരനെ ശുചിയായി നിത്യവും
പാഠമാക്കണം പൂർവ്വികവാക്കുകൾ,
അഹങ്കാരത്തെയാട്ടിയകറ്റണം
പ്രതിരോധത്തിൻ കാവലാളാകണം,
ശുചിത്വം കൊണ്ട് ഭൂമിയെ കാക്കണം....

**ഹൃദ്യ ആനന്ദ്**
10 A എസ് വി എൻ എസ് എസ് എച്ച് എസ് ഇടനാട്
രാമപുരം ഉപജില്ല
കോട്ടയം

# ഉണരണം

മഹാമാരിയാണിന്നുലകിൽ മനുഷ്യരാശിയെ
തകർക്കുവാൻ വെമ്പിടുന്നോൻ
ഉണർത്തണം മനുഷ്യമനസ്സിലെ ജ്വാലയെ
അറിവിന്റെ നിറവിന്റെ
മഹത്താം പ്രഭയെ ഉണർത്തണം
ഭാവി തലമുറയ്ക്കായ്
പ്രളയമായെത്തിയ വിപത്തിനെ അകറ്റിയ
മാനവ ശക്തി ഉണരണം
ജീവ പ്രഭയെ അണയ്ക്കാനെത്തിയ
മഹാരോഗത്തെ തടുക്കണം
ഒരു പുൽനാമ്പിനുമുണ്ടാം
ജീവചൈതന്യമാം ഊർജ്ജം
ആ ഊർജ്ജം വിസ്ഫോടനമാക്കി അകറ്റുക
മഹാമാരിയെ
പ്രതീക്ഷതൻ പൊൻകിരണങ്ങൾ ഉണർത്തു
ന്നൊരാമനശക്തി തൻ മുൻപിൽ
മഹാരോഗമാംവിപത്തിനെബലിയർപ്പിക്കുക
ബലിയർപ്പിക്കുക
പ്രതിരോധമാം കൊടുങ്കാറ്റിനെ യുയർത്തി
വന്മരമാംമഹാരോഗത്തെ
പിഴുതെടുത്ത് പ്രതീക്ഷതൻകെടാ ദീപ
ത്തിൽ കത്തിക്കുക
അതിജീവിക്കും അതിജീവിക്കണം
ഈ കൊടും വിപത്തിനെ
ഗതകാല ചൈതന്യത്തിൽ നിന്നാവേശമുൾക്കൊണ്ട്
ഉണരണം നമ്മൾ

**ഗൗരിസരസ്വതി ബി**
9 എ എസ് വി എൻ എസ് എസ് എച്ച് എസ് ഇടനാട് രാമപുരം
കോട്ടയം
രാമപുരം ഉപജില്ല
കോട്ടയം

# ബാല്യത്തിൻ ഹരിതഭംഗി

മ!ൂകമാം ജീവിതവീഥിയിൽ ഞാൻ
ഓർത്ത!ുപോമെൻ ബാല്യകാലം
ഇന്ന് താഴിട്ടടച്ചൊരെൻ ജീവിതവീചിക
അന്ന് പാടെ ത!ുറന്നൊരെൻ പ!ുസ്!തകമായി
അന്ന് പാടാൻ ത!ുടങ്ങ!ുന്ന പാട്ടിൻ
വരികളിൽ മ!ുഗ്ധമാം പ!ൂവിന്റെ സ്മരണ കാണ!ും
പച്ചയാം മ!ൂട!ുപടം ഏറ്റ!ുവാങ്ങിക്കൊണ്ട്
ന!ൃത്തമാട!ുന്നൊര!ു ഹരിതഭംഗി
അന്ന് മിഴികളിൽ നിറയ!ുമെൻ വർണപ്പകിട്ടാർന്ന
ശലഭമിനിയെന്തിത്ര മ!ൂകം
ഞാൻ ഓർക്ക!ുന്ന ഓർമ്മകളിൽ എങ്ങ!ും
വിളങ്ങിട!ും ഓമനയാമെൻ കിടാങ്ങള!ും
പാടത്തിൻ പച്ചപ്പിൻ പട്ട!ുവിതച്ചൊരെൻ
മ!ുറ്റത്ത!ു നിൽക്കയാണെന്റെ ബാല്യം
ഞാൻ കാണ!ുന്ന!ു ബാല്യമെ അന്ന!ു
നിന്റെ ഓർമകളിൽ പോല!ും ഹരിതഭംഗി
ഇന്ന് ഞാൻ ഓർത്ത് വേദനിക്ക!ുന്ന!ു
ബാല്യമെ നിന്റെ ഭംഗിയാം ഹരിതത്തിനെന്ത!ുപറ്റി
ഹരിതമാം ജഡയ!ുടെ ബന്ധനത്തിൽ നിന്ന്
ഏകനായി നീയങ്ങ് ദ!ൂരെയായി
ഖേദമാണ് എനിക്കതിനിന്ന!ു ഫലം
ഞാൻ ഓർക്ക!ുന്ന!ു നിന്നെ ഖേദത്തോടെ
ഞാൻ എന്ന!ുമെന്ന!ും നിന്നെ ഓർത്തിട!ുന്ന!ു

**അൽഫിയ**
9 B എൻ ആർ പി എം ഹയർ സെക്കന്ററി സ്കൂൾ, കായംകുളം
കായംകുളം ഉപജില്ല
ആലപ്പുഴ

# മനസ്സുമനസ്സോടിണചേർന്ന്

പുതുതായി വന്നൊരതിഥിയാൽ ജീവിതം
ദുഷ്കരമായതറിഞ്ഞില്ലേ
ഈ വിരുതത്തിയെ പേടിച്ചു മാലോകർ
വീട്ടിന്നുള്ളിലിരിപ്പല്ലേ
ആരാനുമെങ്ങാനുമൊന്നിച്ചു കൂടിയാൽ
ഇവളോ കേറിപ്പിടികൂടും
ഇവളുടെ കൈകളിൽ എത്തിയോരിൽ ചിലർ
മൃത്യുവിൻ വായിൽ പതിച്ചില്ലേ
ലോകജനതയെ ഒന്നിച്ചൊടുക്കുവാൻ
കെൽപുള്ള പൂതന ഇവളത്രേ
അനുനിമിഷം കൊണ്ടു പടരുമീ വ്യാധിതൻ
നാമം കോവിഡ് 19 എന്നത്രേ
ഈ മഹാവ്യാധിയെ ചെറുത്തു തോൽപിക്കുവാൻ
ആത്മവിശ്വാസവും ഐക്യവും ശക്തിയും
നേടുവാൻ നമ്മൾക്കു കഴിയട്ടെ
നാളുകൾ കൊഴിയവെ ലോകചരിത്രത്തിന്നേടുകൾ
ഇവളുടെ തോൽവിതൻ കഥകൾ പറയട്ടെ
ഇണക്കവും പിണക്കവും മറന്ന്
മനസ്സ് മനസ്സോടിണ ചേർന്ന്
നമ്മൾ നേടിയ വിജയകഥ
കാലം പാടിപ്പുകഴ്ത്തട്ടെ
നാളെ കാലം പാടിപ്പുകഴ്ത്തട്ടെ

**ദേവനാരായണൻ. വി**
9 D എൻ ആർ പി എം ഹയർ സെക്കന്ററി സ്കൂൾ, കായംകുളം
കായംകുളം ഉപജില്ല
ആലപ്പുഴ

# ചങ്ങലകളിൽ നിന്ന് ചങ്ങല

എന്തൊരു നാശംവിതച്ച് നീ
ലോകമെങ്ങും മഹാമാരിയായി നീ
വേദന നിറയുമീ നമ്മുടെ ലോകം
ഓരോരോ മിഴികളും നനഞ്ഞിടുമ്പോൾ
ഓരോ തുള്ളികളും അറിയാതെയായി

പ്രകൃതിയും പുലരിയും
തണുപ്പും ചൂടും അറിയാതെ
തേങ്ങലോടെ കൺചിമ്മി നിൽക്കുന്നു
മഹാമാരി മാരിയായ് വ്യാപിക്കുമ്പോൾ
ലോകമെങ്ങും മാറ്റത്തിൻറെ പൊരുളറിയാതെ
ഇരുട്ടായി അന്ധകാരം

നിപ്പ പ്രളയം തുരത്തിയ ലോകമേ
മാരിയായ് നീ വ്യാപിക്കുമ്പോൾ
നിൻ വ്യാപനം ഞങ്ങൾ തടയും
ഞങ്ങളിൽ മഹാമാരി വ്യാപിക്കാതെ
ഞങ്ങൾ ഞങ്ങൾക്ക് കൂട്ടാകും

കൈകൾകോർത്ത് ഞങ്ങൾ പറയുന്നു
മഹാമാരിയെ ഞങ്ങൾ തുരത്തും
നാളെ ഞങ്ങളുടെ ലോകം
പുഞ്ചിരിയായി നിറയുമീ ലോകം

**ആദിദയ ഗിരീഷ്**
2 A എൻ എ എൽ പി എസ് എടവക
മാനന്തവാടി ഉപജില്ല
വയനാട്

# പ്രകൃതി ..... മനോഹരി.....

എത്ര മനോഹരം ഈ പ്രകൃതി ........
മണ്ണിൽ പിറന്ന ഈ ഉല്ലാസ ലോകം
കളകളമൊഴുകുന്ന നദികൾ തൻ ഈണവും
ആടിയുലയുന്ന മരങ്ങൾ തൻ താളവും
എന്തൊരു ഭംഗിയാണീ പ്രകൃതി .......
ജമന്തിപ്പൂവിൻ സൗരഭ്യവും
മുല്ലപ്പൂവിൻ സുഗന്ധവും
പ്രകൃതി തൻ കരവിരുതുകൾ തന്നെ ...
നമ്മുടെ ആനന്ദം പ്രകൃതി തൻ വരങ്ങൾ
നമ്മുടെ ആശ്വാസം പ്രകൃതി തൻ ഫലങ്ങൾ
മാനംമുട്ടെ പർവ്വതങ്ങളും
കോരിച്ചൊരിയും വേനൽ മഴയും
മൂളി വീശും പൂങ്കാറ്റും
എത്ര മനോഹരമീ പ്രകൃതി
കൊറോണ വൈറസ് പടർന്നൊലിക്കും
ഈ ലോകത്തിൽ മുന്നേറാം മുന്നേറാം
പ്രകൃതി അമ്മയ്ക്കൊപ്പം........

**മരിയ സാന്ദ്ര**
5 A എൻ. എ. എൽ. പി. എസ്. എടവക
മാനന്തവാടി ഉപജില്ല
വയനാട്

# എന്നും പ്രതീക്ഷ എന്നും ജാഗ്രത

തകർക്കണം നാം തകർക്കണം
കൊറോണയെന്ന മഹാമാരിയെ
ജീവൻ തുടിക്കുന്ന ലോകത്തിലെത്തിയ
കൊറോണയെന്ന വൻമതിലിനെ.
തുരത്തണം നാം തുരത്തണം
പുതു നാടിനെ കൈവരിക്കാൻ
ചേർന്നു നിൽക്കണം നാം ഒന്നായി
ഓരോ ശ്വാസവും പ്രതീക്ഷയായി
നാം ഇനിയുള്ള നാളുകൾ
ജാഗ്രതയോടെ ഇരിക്കണം
ഭയമെന്ന വാക്കിനെ തന്നെ മാറ്റി നിർത്തി
ഒരോ ജീവനിലും ജാഗ്രത പുലർത്തണം
വിട്ടുകൊടുക്കരുത് നാം കൊറോണയ്ക്കായി
നമ്മുടെ ജീവനുകൾ
എന്നും പ്രതീക്ഷ എന്നും ജാഗ്രത
പുതു നാടിനായ് ചലനമുറപ്പിക്കാം
തകർക്കണം നാം തകർക്കണം
കൊറോണയെന്ന മഹാമാരിയെ

**അനഘ സി എസ്**
6A എൻ എം എം എ യു പി എസ് നാറാത്ത്,ഉള്ളിയേരി
ബാലുശ്ശേരി ഉപജില്ല
കോഴിക്കോട്

# കൊറോണ

പണ്ട് പണ്ട് അവധിക്കാലം
ഉല്ലാസയാത്രകൾ കൊണ്ട് നിറഞ്ഞു
ഇന്ന് അവധിക്കാലം കൊറോണവ്യാധി കൊണ്ട് നിറഞ്ഞു
കൊറോണ എന്ന വ്യാധി നമ്മെ
വീട്ടിനുള്ളിൽ പൂട്ടിക്കളഞ്ഞു

ശുചിത്വമില്ല പരിസ്ഥിതി ശുചിത്വമില്ല
റോഡിന്നരികിൽ മാലിന്യങ്ങൾക്കുന്നു കൂടുന്നു
ശാപമേൽക്കുന്നു ഭൂമിതന്നുടെ
മുഖം മൂടുന്നു കൈകൾ കഴുകുന്നു
കൊറോണയെ തുരത്താൻ മഹാരിയെ തുരത്താൻ

ചൈനക്കാർ ക്ഷണിച്ചു വരുത്തിയ മഹാമാരി
ഭൂലോകം മുഴുവൻ ചുറ്റിത്തിരിയുന്നു
മനുഷ്യരെന്നോ മൃഗങ്ങളെന്നോ
ജാതി മത വർഗ്ഗ വ്യത്യാസമില്ലാതെ
നിപയല്ല വസൂരിയല്ല മഹാമാരിയാണിത്

തുരത്താം നമുക്കീ മഹാമാരിയെ
കൈകൾ കഴുകി മുഖം മൂടി
പച്ചക്കറികൾ കഴിച്ച് ആരോഗ്യം വീണ്ടെടുക്കാം
വീട്ടിനുള്ളിൽ ശുചിത്വ ബോധത്തോടെ കഴിയുക നാം ഏവരും

**വീരജ സി**
7A നാഷണൽ ഹയർ സെക്കന്ററി സ്കൂൾ ഇരിങ്ങാലക്കുട
ഇരിഞ്ഞാലക്കുട ഉപജില്ല
തൃശ്ശൂർ

# ശുചിത്വം

കൊറോണ എന്നൊരു വ്യാധി
ഭീതി പടർത്തും വ്യാധി
വീട്ടുകാരേം കൂട്ടുകാരേം
വീട്ടിലിരുത്തും വ്യാധി
മരുന്ന് പോലും കണ്ടുപിടിക്കാൻ
സാധിക്കാത്തൊരു വ്യാധി
എങ്കിലുമിതിനെ തുരത്തുവാനായ്
വഴിയുണ്ടല്ലോ കൂട്ടരേ
കൈകൾ നന്നായ് സോപ്പിട്ട്
കഴുകീടേണം ഇടയ്ക്കിടെ
തുമ്മലും ചുമയും വന്നാലോ
തൂവാല കൊണ്ട് മൂടേണം
ഇത്തരത്തിൽ എല്ലാപേരും
ശുചിത്വം പാലിച്ചെന്നാലോ
ഓടിച്ചീടാം കൊറോണയെ
വീണ്ടെടുക്കാം ലോകത്തെ

**ആദിത്യൻ.പി**
3 B എൽ.പി.എസ് കോവില്ലൂർ
പാറശ്ശാല ഉപജില്ല
തിരുവനന്തപുരം

# അന്ധകാരത്തിന്റെ പുസ്തകച്ചുരുൾ

ലോകത്തെ മുൾമുനയിലാഴ്ത്തി
മനുഷ്യകുലത്തെ ഭീതിയിൽ നിർത്തി
ഒന്നിൽ നിന്ന് ലക്ഷത്തോളം പേരുടെ
ജീവനാപത്തിലാക്കി കൊറോണ
പുറം ലോകം മുഴുവൻ അന്ധകാരമാക്കി
കത്തുന്ന വഴി വിളക്കുപോലും മങ്ങി
തിരയുന്നു മനുഷ്യർ സ്വജീവനായ്
അതിനായ് അലയുന്നു മനുഷ്യർ ഭ്രാന്തന്മാരായ്
തിരിച്ചും മറിച്ചും നോക്കുന്നു മനുഷ്യർ
പുസ്തകത്താളുകൾ ഓരോന്നായി
കിട്ടുന്നില്ല ഒരു രക്ഷാമാർഗവും
പുസ്തകം നിറയെ അന്ധകാരം
കേഴുന്നു മനുഷ്യർ തൻ കുഞ്ഞിനെ കാൺമാനായ്
കഴിയുന്നില്ല ആർക്കും അപ്പോൾ
ചിന്തിക്കുവിൻ അത് കേവലം ഒരണുമാത്രം
നമ്മൾ മനുഷ്യകുലത്തെ നശിപ്പിക്കാനായി
അവതാരമെടുത്ത കൊറോണ വൈറസ്
അന്ധകാരത്തെ അകറ്റി വഴി വിളക്ക്
തെളിയിച്ചു നമ്മൾ ഇതിനെ അതിജീവിക്കണം
അതിജീവിച്ചേ മതിയാകൂ ഇനി
അതിനായി സ്വീകരിക്കണം മുൻകരുതലുകൾ ,
തള്ളിക്കളയരുത് പ്രാർത്ഥനയെ
നെഞ്ചോട് ചേർത്ത് പ്രാർത്ഥിക്കണം
വരും തലമുറക്കായ്,ഉറ്റോർക്കായ് ഉടയോർക്കായ്
അന്ധകാരത്തിന്റെ പുസ്തകച്ചുരുളുകൾ
നീക്കി ,പ്രകാശത്തിന്റെ ചുരുൾ
നിവർത്തനം നമുക്ക് .

**സ്നേഹ ബി എസ്**
7 E എൽ എം എസ് എച്ച് എസ് എസ് അമരവിള
നെയ്യാറ്റിൻകര ഉപജില്ല
തിരുവനന്തപുരം

# ആ പുലരിക്കായ്

കാണുന്നു ഞാൻ ...
ഇരുട്ടിൽ പകലെന്നപോൽ
പ്രകാശിക്കും നാടിന് കരുത്ത്
അറിയുന്നു ഞാൻ...
ദൂരെയാകുമെന്ന് ബന്ധങ്ങളെ ,
സ്മരിക്കുന്നു ഞാൻ ...
ഒരിക്കലും അകലാത്ത ഓർമകളെ
തിരക്കൊഴിഞ്ഞ പാതകൾ
ശൂന്യമാം പ്രൗഢ സമുച്ചയങ്ങൾ
കാണുന്നു ഞാൻ ...
നിറമാർന്ന ഭവനാങ്കണങ്ങൾ
നിറയും മനസ്സാൽ കുടുംബാംഗങ്ങൾ
ഭീതിയിലുലയുന്ന ലോകരാഷ്ട്രങ്ങൾ
കരകയറും നാം കരുത്തിൻ നാളങ്ങളോടെ
ആ പുലരിയെ ഞാൻ കാണുന്നു
പ്രത്യാശയിന്നാ മറുകരയിൽ .

**സാനി ഫെബ .ആർ.എം**
8 G എൽ എം എസ് എച്ച് എസ് എസ് അമരവിള
നെയ്യാറ്റിൻകര ഉപജില്ല
തിരുവനന്തപുരം

# മഹാമാരിതൻ താണ്ഡവം

ഒരു തുള്ളിക്കണ്ണീർ വാർത്തുകൊണ്ടി
ലോക വ്യഥയോടു ചേർന്നു നാമേവരും
ഭയമില്ല കരുതലിന്നടിയുറച്ചാൽ നാളെ
അതിജീവനത്തിൻ കഥ പറയാം
സൃഷ്ടാവു പോലും പകച്ചുപോയി
നിൻ ചെയ്തികൾ കണ്ടു കണ്ണടച്ചു
സർവതും വെട്ടിപ്പിടിക്കാൻ നീ നേർത്ത
സമവാക്യമൊന്നതിൽ പിറവികൊണ്ടു
നിൻ ബന്ധനത്തിന്റെ ചുരുളഴിച്ചിന്നവൻ
അന്തകന്റെ വേഷം കെട്ടിയാടി ...
ഈ മഹാമാരിതൻ വിധിയോർത്തു കേഴുവാൻ
കഴിയില്ല മനുജാ നിൻ കർമ്മഫലം
വന്മതിൽ താണ്ടിയാ കോട്ടകൾ തച്ചുടച്ചിന്നവൻ
ഇന്നെന്റെ മണ്ണിലും തേരോട്ടമായ് ...
ഒരു ചുംബനം പോലും നൽകാൻകഴിയാതെ
ചത്താലും തീരാത്ത പാപിയായി ,
അകന്നിരിക്കാം രക്തബന്ധങ്ങളൊക്കെയും
ഇരുളിന്റെ മറനീക്കി പുലരിവരെ ...
വാനോളം വാഴ്ത്തിപുകഴ്ത്തിടാമീ നല്ല
ആതുരസേവനങ്ങൾ ...നീതിപാലകർ ...
ലോകാ സമസ്താ സുഖിനോ ഭവന്തു .

**ദിർഷാന . ജെ . എൻ**
8 G എൽ എം എസ് എച്ച് എസ് എസ് അമരവിള
നെയ്യാറ്റിൻകര ഉപജില്ല
തിരുവനന്തപുരം

# മഹാവിപത്ത്

കലുഷിതമാം നിമിഷത്തിലെപ്പെഴോ
കോറോണയെന്നൊരു ഭീതിയിൽ
കാലത്തിനു മാറ്റാൻ പറ്റിയ മുറിവല്ലിത്
കാലം നമ്മെ പഠിപ്പിക്കുന്നതാണിത്

പേമാരി വന്നു ...പ്രളയമായ് ...
പവനൻ വന്നൂ ...പൗരുഷമായ് ...
പങ്കിലമായൊരു നിമിഷത്തിലെപ്പോഴോ
പലരും ധാരയിലമർന്നുപോയി

പതിയെ ഒരു ഉൾനാമ്പുമായ്
പറക്കുവാനാരംഭിച്ചീടവേ
പറന്നെവിടെന്നോ വന്നൊരു
ഭീതിയുളവാക്കും ആ മഹാവിപത്ത്

പൊരുതണം നാമോരോരുത്തരും
പകരണം കരുത്ത് നാടൊന്നായ് ...
തോൽപ്പിക്കണം ആ മഹാമാരിയെ
ജയിക്കണം നാമേവരും നിശ്ചയം .

**സ്വര.എസ്.ഷിബു**
8 G എൽ എം എസ് എച്ച് എസ് എസ് അമരവിള
നെയ്യാറ്റിൻകര ഉപജില്ല
തിരുവനന്തപുരം

# അതിജീവനം

മരവിച്ചിടുന്നിതാ ജീവനും ജീവിയും
നിലച്ചിടുന്നിതാ ആഴിയും ഊഴിയും
നീരസഭാവത്തിൻ തിരയായിയെരിഞ്ഞിടും
ഭൂമിതൻ ശാസവും നിശ്ചലം എന്നപോലെ.
ഉയരുന്നു ആർദ്രമാം അതിജീവനം തേടി
തെളിയുന്നു രേഖകൾ ചക്രവാളം വരെയും
നിലയ്ക്കുന്നു ദീനമാം രോദനങ്ങൾ
പൊലിയുന്ന പൂവുതൻ ദളങ്ങൾ പോലെ.
മാനം തെളിയുന്നു
തേജസൂര്യൻ തിളങ്ങുന്നു,
ഉലകിൻ താളം തുടിച്ചിതാ
ആർദ്രമാം അതിജീവനം തൻ
താളുകൾ മറിയുന്നിതാ.....

**ആന്റോ ആർ ബാബു**
4 A എൽ എം എസ്സ് എൽ പി എസ്സ് കുട്ടനിന്നതിൽ
നെയ്യാറ്റിൻകര ഉപജില്ല
തിരുവനന്തപുരം

# പോവല്ലേ

പോവല്ലേ
വീടിനു പുറത്ത് പോവല്ലേ
അകത്തിരുന്നു കളിച്ചോളൂ
വീട്ടിലിരുന്ന് ഓടിക്കാം
കൊറോണയെന്ന രോഗത്തെ...

**ശ്രീഹരി ആർ ഡി**
1 എ മുപ്പായിക്കാട് എൽപിഎസ്
കോട്ടയം ഈസ്റ്റ് ഉപജില്ല
കോട്ടയം

# രക്ഷ

ജീവൻ കവർന്നെടുത്ത ഒരു
കുഞ്ഞൻ വൈറസ്,
ശരീരങ്ങളോടൊപ്പം മനസ്സുകളെയും
തകർത്ത് യാത്ര തുടരുകയാണ്
സ്നേഹം പെയ്തിറങ്ങുന്ന രംഗങ്ങൾ
ക്കൊണ്ട് ഭവനങ്ങൾ നിറയ്ക്കാം
ലോക്ക്ഡൗൺ കാലത്ത്
സ്നേഹവും കരുതലും കൊടുത്ത്
വീട്ടിനുള്ളിൽ ഒര് സ്നേഹസാഗരം സൃഷ്ടിക്കാം
നന്മയുടെ നറുമണം ഇനിയൊരിക്കലും
നഷ്ടമാകാതിരിക്കട്ടെ .

നേഹ ജെയ് മോൻ
9A എൽ.എഫ്.എച്ച് എസ് കാഞ്ഞിരമറ്റം
കൊഴുവനാൽ ഉപജില്ല
കോട്ടയം

# നല്ലൊരു നാളെ

ഇന്നകന്നിരിക്കാം നാളെയടുത്തിരിക്കാനായി
ഇന്നുണർന്നിരിക്കാം നാളെയുണരാനായി
കൈകൾ കഴുകാം കൈകൾ കോർക്കാനായി
മാസ്കുധരിക്കാം മാനവസുഖത്തിനായി
ശ്രദ്ധയോടിരിക്കാം രോഗം തടയാനായ്
ശുചിയായിരിക്കാം നല്ല നാളെക്കായ്
വരൂവരൂ നമുക്കൊന്നിച്ച് മുന്നേറാം
നല്ലൊരു നാളെക്കായ്............

**ആവണി അഭിലിഷ്**
2b എൽ എഫ് സി എൽ പി എസ് ഇരിഞ്ഞാലക്കുട
ഇരിഞ്ഞാലക്കുട ഉപജില്ല
തൃശ്ശൂർ

# പോരാടാം

പോരാടാം
അടിപതറാതെ ഒറ്റക്കെട്ടായ് നിൽക്കാം
മഹാവിപത്തിനെ തോൽപ്പിക്കാം
അകലങ്ങളിൽ നിന്നും പോരാടി
മഹാമാരിയെ തുടച്ചുനീക്കാം
വിപ്ലവമണ്ണിൽ നിന്നും പടപൊരുതി
പുതിയൊരു നാളയെ സ്രഷ്ടിക്കാം
ചുവടുകൾ മണ്ണിൽ ഉറപ്പിച്ച്
ഒരു മനസ്സോടെ മുന്നേറാം
ഭൂമിയെ രക്ഷിക്കാൻ നമ്മൾ
ഭീതിയില്ലാത്തവരായി പോരാടാം
സേവകർനമ്മുടെ സംരക്ഷകർ
അവർക്കുവേണ്ടി പ്രാർത്ഥിക്കാം
മഹാവിപത്തിൽ പൊലിഞ്ഞ ജീവിതങ്ങൾ
തുന്നിചേർക്കാം ഒന്നിക്കാം
ലോകത്തെ രക്ഷിക്കാൻ നാം
എന്നും ഒന്നായ് ചേർന്നീടാം

**ശ്രീലക്ഷ്മി**
3A കണ്ണാടി യു പി എസ്
മങ്കൊമ്പ് ഉപജില്ല
ആലപ്പുഴ

# പ്രതീക്ഷ

ഇന്നെന്റെ മുറ്റത്ത് ശലഭവും
തുമ്പിയും പാറിക്കളിക്കുന്നു
ഞാൻ തന്നിച്ചെങ്കിലും ഇന്നീ കരുതലിൻ
തണലിലായൊരെന്റെ വെക്കേഷണിൽ
കൂടെ കളിക്കുവാൻ ഇന്നിവർ മാത്രം
ഒരുമിച്ച് കൂടുവാൻ നാളത്തെ പുലരികൾ നിറമുള്ളതാക്കുവാൻ
നമുക്കിന്നേ തുടങ്ങണം
ഒരു മഹാമാരിയും തച്ചുടച്ചീടാത്തൊരു
ദൃഢമുള്ളോരാരോഗ്യ ശീലമുണ്ടാക്കുവാൻ

**ആദി വിനായക്**
3 B കാവുംവട്ടം യു പി സ്കൂൾ
കൊയിലാണ്ടി ഉപജില്ല
കോഴിക്കോട്

# പരിസ്ഥിതി

മരണത്തിൻ വക്കോളമെത്തുമീ പ്രകൃതിക്ക്
തണലേകി താങ്ങിയ മരച്ചില്ലകൾ
ഒരു മരത്തെ നൽകും ഒരായിരം ജീവൻ
അറിവായ് നിറവായ് നീർക്കങ്ങൾ
പുഴയ്ക്ക് കുളിരേകി മഴയെന്ന മരമേകി
തുടരുന്നു നന്മതൻ നൽചെയ്തികൾ
അറിയേണമോരോ മഴ ഉയർത്തുമ്പോഴും
തീരുന്ന ജീവിത സാഗരങ്ങൾ
അടരും ഇലത്തുമ്പു ചൊല്ലുന്നു പ്രകൃതിയിൽ
ഇനിയും തളിരായ് ഞാൻ പുനർജനിക്കാം
മനസ്സിൽ മഴയായി വറ്റാത്ത ഹൃദയമീ
തലമുറക്കേകുനീ ഒരു തൈമരം

**മിത്ര എസ് എ**
മൂന്നാം തരം കണ്ടോത്ത് എ എൽ പി സ്കൂൾ
പയ്യന്നൂർ ഉപജില്ല
കണ്ണൂർ

# അമ്മ

അമ്മയെയാരും മറക്കരുത്
അമ്മയെയാരും വെറുക്കരുത്
പാലൂട്ടി നമ്മളെ നോക്കി വളർത്തും
അമ്മയെയാരും മറക്കരുത്
എവിടെ ജീവിച്ചാലും എവിടെ വളർന്നാലും
അമ്മയെയാരും മറക്കരുത്
വെയിൽ കൊണ്ട് വാടിത്തളർന്നാലോ
മഴയിൽ തണുത്തു വിറച്ചാലോ
സ്നേഹാശ്വാസമായ് നിറദീപമായ്
കരുതലായ് അമ്മ നിൽക്കുന്നു
ആദ്യം പഠിക്കുന്നതാദ്യം ചൊല്ലുന്ന
തമ്മയെന്ന വാക്ക് മാത്രം
അമ്മ നമുക്കൊരു ബാധ്യതയല്ല
സഹോദരങ്ങളെ നമ്മളറിയുവിൻ
പോറ്റമ്മ നമ്മുടെ ഭൂമിയാണ്
പെറ്റമ്മ നമ്മുടെ അമ്മയാണ്

**മുഹമ്മദ് സാദിൽ**
2 A കാവുങ്കൽ പഞ്ചായത്ത് എൽ പി എസ്
ചേർത്തല ഉപജില്ല
ആലപ്പുഴ

# കൊറോണക്കാലം

ഇത്തിരിപ്പോന്നോരു വൈറസു നീയും
ഒത്തിരി മർത്യരെ കൊന്നു തിന്നു
കേരവൃക്ഷങ്ങൾ നിറഞ്ഞ നാട്ടിൽ
കേറി വന്നെന്നോ വിടില്ല ഞങ്ങൾ
ഈ വ്യാധി നാട്ടിൽ വന്നതോടെ
ഭൂമിയിൽ ജീവനു നാശമായി
നാട്ടിൽ പരിഭ്രാന്തി കൂടി വന്നു
കൺകണ്ട ജീവനെകൊന്നൊടുക്കാൻ
നാം നിന്നോടെന്തു തെറ്റു ചെയ്തു?
നാടും നഗരവും തകർന്നിരിക്കെ
ഇനിയെന്തു ചെയ്യേണമറിയില്ലല്ലോ
നിത്യവൃത്തിക്കു വകയില്ലാതെ
ഭക്ഷണത്തിന്നും ആർത്തിയാകും
മർത്യ മനസ്സിനെ തകർത്തെറിഞ്ഞ
ദുഷ്ടനാം ശത്രുവെ പോകണം നീ
ഇത്രയും കാലം നാം ജീവിച്ചഭൂമിയിൽ
നിനക്കെന്തവകാശം, ചൊല്ലുക നീ
ഒറ്റക്കെട്ടായി നാം പൊരുതി ജീവിക്കും
നിന്നെയീ ഭൂവിൽ നിന്ന് തൂത്തെറിയാൻ

**ആനന്ദ് എം കെ**
6 A കെ കെ എൻ പി എം ജി വി എച്ച് എസ്സ് എസ്സ് പരിയാരം
തളിപ്പറമ്പ് നോർത്ത് ഉപജില്ല
കണ്ണൂർ

# മാനിഷാദ

ആദി കവി ചൊല്ലിയ വാക്യം
ഇന്നിതാ പ്രകൃതിയും
നമ്മോടു ചൊല്ലുന്നു മാനിഷാദ
കനകച്ചിലമ്പൊലിയായി ഒഴുകിയ പുഴയും
ഇളം തെന്നലിൽ തലോലമാടിയ വയലും
നമ്മോടു ചൊല്ലുന്നു മാനിഷാദ
മുത്തശ്ശി കഥകളിൽ നിറയും കാടും മലയും
സ്മൃതികളിൽ നിന്നുമാഞ്ഞേ പോയി
പന്നഗേന്ദ്രനെ തോൽപ്പിക്കും
വിഷമിന്നു മർത്യന്
വിഷം പൂണ്ട അവന്റെ മനസ്സും സ്വാർത്ഥമായി
ഓർക്കുക സ്ത്രീ അമ്മയാണ് മകളാണ്
അമ്മ പ്രകൃതിയാണ്
ഓർക്കുക നിൻ സ്വാർത്ഥമാം
ചെയ്തികൾകൾക്ക് ഇരയാകുന്നത്
ഭൂമിയും നിഷ്കളങ്കമാം ജീവജാലങ്ങളും
ഇനിയും വിഷം കുടിപ്പിക്കരുതീ വസുധയെ
ഓർക്കുക ഇത് നിന്റെയും പതനം

**അഞ്ജന അശോക്**
9 കെ എം വി എച് എസ് എസ് കൊടക്കാട്
ചെറുവത്തൂർ ഉപജില്ല
കാസർഗോഡ്

# സൂക്ഷിച്ചാൽ ദുഖിക്കേണ്ട

പരക്കെപ്പകരുന്നവൈറസ്ചുറ്റും
പകരാതിരിക്കാൻ നമുക്കെന്ത്ചെയ്യാം
കരംശുദ്ധമാക്കാം ശുചിത്വംവരിക്കാമി
രിക്കാം നമുക്കിന്നു വീട്ടിൽ സുഹൃത്തേ
പുറത്തേക്ക്പോകേണ്ട ലാപ്!ടോപ്പ് തുറന്നാൽ
പുറംജോലിയെല്ലാം യഥേഷ്ടം നടത്താം
പുറംലോകമെല്ലാം അതിൽ കണ്ടിരിയ്ക്കാം
മറക്കൊല്ല കൈവൃത്തിയാക്കീടുവാനും
ഇടയ്ക്കെങ്കിലുംവൃത്തിയാക്കൂകരംതാൻ
തൊടേണ്ട മൂഖം മൂക്കുമക്കണ്ണ് രണ്ടും
മടിയ്ക്കാതെയിമ്മട്ട് സൂക്ഷിയ്ക്കണം
തെല്ലിടയ്ക്കാകിലും നീ പുറത്തേക്ക്പോയാൽ .

**രോഹിത് ആർ**
8 ബി കെആർകെപിഎംബിഎച്ച്എസ്
ശാസ്താംകോട്ട ഉപജില്ല, കൊല്ലം

# മഹാമാരി

കരുതലായ് വീട്ടിലിരിക്കുന്നു ഞാനിന്നൊരു സന്തുഷ്ട സ്വപ്നവുമായ്
കൊറോണ എന്നൊരു കൊല്ലുന്ന രോഗത്തെ
മാലോകരൊക്കെ ഭയന്നിരിക്കെ
ഒന്നിച്ചു നേരിടാം വീട്ടിലിരിക്കെ നാം
മാനവ ജീവിത വിജയത്തിനായ്
കയ്കളൊക്കെ കഴുകണം മടികൂടാതെ മുഖാവരണവും ധരിച്ചിടേണം
മറ്റുള്ളവരിൽ നിന്നകന്നു നിന്നീടണം
സമ്പർക്കാൽ രോഗം വരാതിരിക്കാൻ
ആവശ്യമില്ലാത്ത യാത്രകളൊക്കെയും
മാറ്റിവെച്ചീടണമൊട്ടുകാലം
മാരകമായ മഹാരോഗ മാരിയെ
മറികടക്കും നമ്മളിതു നിശ്ചയം

**ദേവിക എ ഷിബു**
2 B കാവുങ്കൽ പഞ്ചായത്ത് എൽ.പി. സ്കൂൾ
ചേർത്തല ഉപജില്ല
ആലപ്പുഴ

# പ്രതീക്ഷ

ഇല്ലായ്മയുടെ
വേദനകൾ എത്രയുണ്ടെന്ന് എനിക്കറിയാം
ഏകാന്തത
എന്ന പദത്തെ കുറിച്ചും എനിക്കറിയാം.
എന്നാൽ നമ്മുടെ പ്രതീക്ഷകൾ,
എല്ലാ വേദനകളും ലഘൂകരിക്കും
വൈകാതെ
വീണ്ടും നമ്മൾ ഉമ്മറപ്പടിയിലേക്കിറങ്ങും
അതിരാവിലെ എഴുന്നേൽക്കുമ്പോൾ
ജാലകത്തിലൂടെ
എത്തുന്ന ഒരു കിരണം...
അത്
നമ്മുടെ ജീവിതത്തിലെ
സന്തോഷത്തിന്റെ
നാന്ദിയായിരിക്കാം.
മനോഹരമായ ഒരു പ്രഭാതത്തിനായി നമുക്ക് കാത്തിരിക്കാം
ശോഭയുള്ള പ്രത്യാശാ കിരണങ്ങൾ
നമ്മെ തേടിയെത്തും.....

**ഹിബ എൻ**
10 F കെ.എച്ച്.എം.എച്ച്.എസ്.എസ്. വാളക്കുളം
വേങ്ങര ഉപജില്ല
മലപ്പുറം

# കൊറോണകാലത്തിനൊരു സ്മൃതി ഗീതം

കൊറോണ എന്ന മൂന്നക്ഷരം
ലോകമാകെ പിടിച്ചുലച്ചുവല്ലോ
ജീവജാലങ്ങളെ കൂട്ടിലിട്ട
മനുഷ്യനെ കൊറോണ കൂട്ടിലാക്കി
ഭൂലോകമാകവെ ആഞ്ഞുവീശി
കാട്ടുതീപോലെ പടർന്നുകേറി
മാനുഷ്യരെല്ലാം പകച്ചുപോയി
പുറത്തിറങ്ങാനാകാതെ കഴിച്ചുകൂട്ടി
തൊഴിൽശാലകൾ പുക തുപ്പിയില്ല
വാഹനങ്ങളും പോർച്ചിലുറക്കമായി
മാലിന്യമില്ലാത്ത നീലവാനിൽ
പേരറിയാപക്ഷികൾ പാട്ടുപാടി
സ്പാടികപാത്രസുതാര്യതയിൽ
പാടിച്ചിരിച്ചുപുഴയൊഴുകി
മാലിന്യമുക്തമായ് പ്രകൃതിമാറി
ഹാ യെത്രസുന്ദരം പോയകാലം
ആഢംബരത്തിൽ മദിച്ച മർത്യൻ
സ്വന്തഭവനം നരകമാക്കി
സമയമില്ലായ്മ ഫാഷനാക്കി
മദ്യലഹരിയിൽ നിലമറന്നു
പ്രകൃതിയോരോന്നിനും എണ്ണിയെണ്ണി
കണക്കുചോദിക്കുന്ന കാലമായി
ഇനിയൊരുപാഠം പഠിക്കുകനാം
പ്രകൃതിയെ സ്നേഹിക്കാൻ തുനിയുക നാം
നല്ലോരു നാളെക്കായ് യത്നിച്ചിടാം
നല്ലൊരു നാളെക്കായ് ഒത്തുചേരാം

**ശിവജിത്ത് പി എസ്**
9 H കെ.എൻ.എൻ.എം.വി.എച്ച്.എസ്.എസ് പവിത്രേശ്വരം,
കൊട്ടാരക്കര ഉപജില്ല
കൊല്ലം

# കൊറോണ വന്നൂ കള്ളനെപ്പോലെ

കൊറോണ വന്നൂ കള്ളനെപ്പോലെ
ലോകർക്കെല്ലാമൊന്നിച്ച് വിശ്രമം നൽകാൻ
സർവ്വതും വെട്ടിപ്പിടിക്കാൻ കുതിയ്ക്കുന്ന
മർത്യന് വിശ്രമ ജീവിതം നൽകാൻ.

വീട്ടിൽ കുടുങ്ങിയ കുട്ടികൾ ഞങ്ങൾ
വീട്ടുകാരുടെ ശകാരം കേട്ടു മടുത്തൂ
കുറ്റം പറയുവാൻ കഴിയുമോ വീട്ടുകാരെ
തലകുത്തി നിർത്തിയില്ലേ വീടും പരിസരവും

'ഈ കൊറോണയൊന്ന് പോകത്തുമില്ലേ ?എങ്ങനെ
ഇതുങ്ങളെ ഞാൻ സഹിക്കും ഇനിയുള്ള നാളുകൾ? '
അമ്മതൻ വാക്കുകൾ കാതിൽ മുഴങ്ങുന്നു
വീട്ടുകാരൊന്നിച്ച് ചോദിക്കുന്നു എന്ന് കഴിയും ഈ അവധി ?

സത്യം പറയട്ടേ ഈ കുരുന്നുകൾ ഞങ്ങൾ
സ്നേഹവും സന്തോഷവും നീ കാട്ടിത്തന്നൂ കൊറോണേ
അച്ഛന് സ്നേഹം ഇത്രയുമുണ്ടോ, അതിൽ കൂടുതൽ അമ്മയ്ക്കും?
ഞങ്ങൾക്ക് ഇത്രയ്ക്കുണ്ടോ സഹോദര സ്നേഹം ?

എല്ലാർക്കും സ്നേഹമുണ്ട്,പക്ഷേ സമയമില്ലാർക്കും
സ്മേഹം പുറത്തുകാട്ടി പ്രകടിപ്പിക്കാൻ
അതാണ് കൊറോണേ നിനക്ക് മുമ്പുള്ള കാലം
ഇപ്പോൾ ആസ്വദിക്കുന്നു ഞങ്ങൾ ഈ സ്നേഹമെല്ലാം.

ഞങ്ങൾ ശീലിച്ചു നാടിനൊപ്പം അനുസരിക്കാൻ
മാസ്ക്, സോപ്പ്,സാനിറ്റൈസർ ഇവരോടെല്ലാം കൂട്ടുകൂടി
അധികാരികൾ തൻ വാക്കുകൾ ശ്രവിക്കുവാൻ,
അവയ്ക്കൊപ്പം ജീവിക്കാൻ ഞങ്ങൾ പഠിച്ചു.

പുതിയ പുതിയ വാക്കുകൾ കേട്ടു പഠിച്ചു
ഐസൊലേഷൻ, ക്വാറന്റൈൻ എന്തെല്ലാം ഇങ്ങനെ
ഞങ്ങൾ അനുസരിക്കും നിർദ്ദേശങ്ങളെല്ലാം
ഞങ്ങൾ വന്ദിക്കും അശ്രാന്തം പരിശ്രമിക്കും സ്നേഹത്തിൻ മാലാഖകളെ.

ജീവൻ നിലനിർത്താൻ,രോഗത്തെയകറ്റുവാൻ
അക്ഷീണം പ്രയത്നിക്കും സേനാ വീഭാഗത്തെ
മറക്കില്ല ഞങ്ങൾ ജീവിതകാലത്തോളം
പ്രിയരേ നിങ്ങൾ തന്ന കരുണയാം കരുതലിനെ.

ശീലിക്കാം കൂട്ടരേ സ്വയം പ്രതിരോധിക്കാൻ
അതിലൂടെ നൽകാം നല്ലൊരു ലോകത്തെ
എല്ലാത്തിനുംകാരണം നീ തന്നെ കൊറോണേ
കള്ളനെപ്പോലെ വന്ന ദുഷ്ടനാം കൊറോണേ.

**നിധി എം പി**
7 ബി കെ കെ കെ വി എം ഹയർ സെക്കന്ററി സ്കൂൾ പൊത്തപ്പള്ളി
തെക്ക് കുമാരപുരം
അമ്പലപ്പുഴ ഉപജില്ല
ആലപ്പുഴ

# അവധിക്കാലം

ഈ അവധിക്കാലത്ത്
ഒരു അപ്പൂപ്പൻ താടി പോലെ
വാനിൽ പറക്കണം
കുസൃതികൾകാട്ടി രസിച്ചു നടക്കണം
ചങ്ങാതിമാരോടൊത്ത് പുസ്തകത്തിൽ
വരച്ച ചിത്രങ്ങൾ ,ഓർത്തെടുക്കണം
കോഴികുഞ്ഞുങ്ങൾക്ക് കാവലായ് നടക്കണം
പയർ ചെടികൾക്ക് വെള്ളം നനചു ഓമനിക്കണം
എല്ലാത്തിനുമൊടുവിൽ വേനൽ മഴയത്ത്
നനഞ്ഞു കുളിക്കണം .

**ഷാമിൽ കാപ്പൻ**
5.E കെ എം എച്ച് എസ് എസ് കുറ്റൂർ നോർത്ത്, മലപ്പുറം, വേങ്ങര.
വേങ്ങര ഉപജില്ല
മലപ്പുറം

# വിതയ്ക്കാം സ്നേഹവിത്തുകൾ

തിരക്കേറിയ വീഥികൾ വിജനമായി
മൂകമാം ആകാശത്തേക്ക് നോക്കി
ചലിക്കും വിമാനങ്ങളില്ലിവിടെ
ചിലയ്ക്കും പക്ഷികൾ മാത്രം
ആളൊഴിഞ്ഞു ആരവമാഴിഞ്ഞു
നിശബ്ദമായി ഒരു ലോകം
കോവിഡ് മഹാമാരി വിഷം ചീറ്റവേ
പണത്തിനുമീതെ പായും മനുഷ്യനിതാ
വീടിൻനാലു ചുമരുകളിലും
കിളിയെ ബന്ധിച്ചോമനിച്ചുരസിക്കുമീ
മനുഷ്യനിതാ ബന്ധനത്തിലിരുന്നു
ബന്ധനസുഖമറിഞ്ഞിടുന്നു
പ്രകൃതിതൻ സൗഹൃദസംഘങ്ങളാം
പക്ഷി മൃഗാദികളോ വീഥികളിൽ
കൊടുങ്കാറ്റായി വന്നൊരു കോവിഡ്
മഹാമാരിതൻ പരിണിതഫലങ്ങളെ
വീക്ഷിച്ചു നിൽക്കുന്നിതാ ..
പണവും വികസനസാമ്രാജ്യവും
വ്യർത്ഥമായി പോകും നിമിഷങ്ങൾ
അവന്റെ നേട്ടങ്ങളെല്ലാമേ
അവനു സംരക്ഷണമേകാതെ
വെറും നീർക്കുമിളകളായി
വായുവിൽ പൊട്ടി അകന്നിടുന്നു
ഹസ്തദാനങ്ങളും സ്നേഹാലിംഗനവും
ശാപമായി മാറുന്ന കാലമോ
നാം നിയന്ത്രണ കോട്ടയിലോ
മഹാമാരിക്കു മുമ്പിൽ പകച്ചുപോയോ
സാങ്കേതികവിദ്യയിലുന്നതമാം മാനവൻ
പകച്ചിട്ടില്ല നാം മാനവകുലം
സധൈര്യം നേരിടുമേതുമാരിയെയും
കൈ കോർക്കാനാവാത്ത മനുഷ്യൻ
മനസ്സുകൾ കോർത്തിടുന്നു

നിശ്ചയദാർഢ്യത്തിൽ പ്രതിജ്ഞ
ചൊല്ലിമാരിയുമായി മല്ലിടും മാനവനെ
സ്വന്തം മെയ്യും മനസ്സും നൽകു
മർപ്പണബോധത്തിൻ പുതുനാമങ്ങളും
ആരോഗ്യ പ്രവർത്തർക്ക് നൂറു
നൂറു പ്രണാമങ്ങൾ അർപ്പിച്ചിടുന്നു
നന്ദിയോടെ മാനവകുലം
കോവിഡ് മാരിയെ മാനവനിൽ നിന്നും
പ്രതിരോധിക്കുമനിയന്ത്രണരേഖയിൽ
ജാഗരൂകരായി കാവലേകും
രാപ്പകലന്യമില്ലാതെ വീഥികളിൽ
സംരക്ഷണ സേനയായി നിന്നിടുന്നു
പ്രിയചങ്ങാതിമാരാം പോലീസുകാർ
മഹാപ്രളയത്തെ നേരിട്ടു നാനീ
മഹാമാരിയെയും നേരിട്ടു
അതിജീവനത്തിൻ പാഠങ്ങൾ
പ്രത്യാശയുടെ വെളിച്ചങ്ങൾ
നാം വരുംതലമുറയ്ക്കു കാട്ടിക്കൊടുക്കും
മാനവനു കരുത്തായി കരുതലായി
കാവലായൊരു ഭരണകൂടവും
പ്രതിസന്ധികളിൽ തളരാതെ
മുന്നേറാൻ ആർജ്ജവമായി
പ്രചോദനമായൊരു ഭരണകർത്താവും
ഇതു നമ്മുടെ മാത്രം സൗഭാഗ്യമീ
നമുക്കൊപ്പമുള്ളൊരീ സർക്കാരും
എനിക്കു വേണ്ടിയല്ലീയകലം
നമുക്കു വേണ്ടിയാണി അകലം
ഞാനെന്ന ചിന്ത മാറിടുന്ന ലോകം
നാളത്തേക്കൊരു ശുഭപ്രതീക്ഷയേകിടുന്നു
വ്യാധിതൻ കാലം മാറുമ്പോൾ
വിസ്മരിച്ചുകൂടാ നാം ഒരിക്കലും
മാനവസ്നേഹത്തിൻമന്ത്രങ്ങൾ
തന്നെ ജ്വലിക്കണം ഭൂവിൽ
ജാതിയും മതവും വർഗ്ഗവും പറഞ്ഞുള്ള
കലഹങ്ങൾക്കുമന്ത്യംകുറിച്ചിടേണം
മാനവ സ്നേഹം ജ്വലിക്കണം

കൈകൾ കഴുകി ശുദ്ധി വരുത്തും നാം
മനസ്സുകൾ കൂടി വ്യാധികളിൽ
നിന്നകറ്റി ശുദ്ധിയാക്കേണം
ഒരു മനസ്സായി നമുക്കു
പ്രതിരോധിക്കാം മഹാമാരിയെ
സ്നേഹത്തിൻ മന്ത്രങ്ങൾ
മാനവഹൃദയങ്ങളിൽ എവിടെയും
നിറയട്ടെ. ..

**റാനിയ എസ്സ് എൻ**
8B കൊർദോവ ഹയർ സെക്കൻഡറി സ്കൂൾ
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# കാലത്തിന്റെ കൈകൾ

അകലങ്ങളിൽ എത്ര എത്ര ജീവനുകൾ മണ്ണടിയുന്നു
എത്ര എത്ര ജീവന്റെ തേങ്ങലുകൾ കാതടപ്പിക്കുന്നു
വിഫലമായ അധ്വാനത്തിന്റെ നെടുവീർപ്പുകൾ
ഡോക്ടർമാർ, നേഴ്സുമാർ
വിലപിക്കുന്നു ബന്ധുക്കൾ, മിത്രങ്ങൾ.
കൊറോണയുടെ ഒളിയാക്രമണം കേട്ട്
അസ്വസ്ഥയായി ഇരിക്കുന്നു ഞാൻ.
വീടിന്റെ അകത്തളങ്ങളിൽ ദുഃഖിതയായി
എങ്കിലും ഞാൻ അറിഞ്ഞീടുന്നു
സ്നേഹത്തിന്റെ ഒരുമയുടെ വില
ഒരു വശം തേങ്ങലുകളുടെ കാഴ്ചകൾ
മറുവശം സ്നേഹത്തിന്റെ വിത്തുകൾ
കോവിഡേ പെയ്യുന്നു നീ കാലത്തിന്റെ കൈകളിലൂടെ

**ലക്ഷ്മിശ്രീ**
9A ജിഎച്ച്എസ്എസ് അഴീക്കോട്
പാപ്പിനിശ്ശേരി ഉപജില്ല
കണ്ണൂർ

# തിരിച്ചറിയാം

പ്രകൃതീ മനോഹരീ.....
ഈ പ്രപഞ്ചത്തിൽ
സമ്പന്നമായ
ജീവൻ തുടിപ്പുകൾ
നിന്നിൽ മാത്രമാണല്ലോ.
അതിൽ ശ്രേഷ്ഠസ്ഥാനം
നൽകിയുയർത്തി നീ
മനുഷ്യകുലത്തെ
എന്നിട്ടും...
ക്രൂരമായ് ചൂഷണം ചെയ്തു
നിൻ മാറു പിളർന്നവർ....
പ്രളയമായ് സുനാമിയായ്
വരൾച്ചയായ് മഹാമാരിയായ്
നീ പ്രതികരിച്ചപ്പൊഴും
ഉയർത്തെഴുന്നേറ്റവർ
ഇന്നിതാ കൊറോണയെന്നൊരു
വൈറസിൻ മുന്നിൽ
പകച്ചു നിൽക്കുന്നു.
ഈ പ്രപഞ്ചമെന്ന
മായാ ലോകത്തിൽ
നാം ഒന്നുമല്ലെന്ന്
തിരിച്ചറിയുന്നിന്നവർ
ഇനിയും പ്രകൃതിയാം അമ്മയെ ദ്രോഹിക്കുകിൽ
വരാനിരിക്കുന്നതെന്ത് മായ
മനുഷ്യരാശിയുടെ നാശമോ
തിരിച്ചറിയൂ കൂട്ടരെ....
ഭൂമിയാം അമ്മയെ.
പ്രകൃതിയുടെ മുന്നറിയിപ്പുകൾ..

**അഭയദേവ് എം**
6എ ജി എച്ച് എസ് എസ് ചാല
കണ്ണൂർ നോർത്ത് ഉപജില്ല
കണ്ണൂർ

# അടച്ചുപൂട്ടിയ ലോകം

ലക്ഷങ്ങളെ ഭീതിയിലാഴ്ത്തി
യാത്ര തുടരുന്നു കൊറോണ
അടച്ചിട്ട മുറിയിൽ പാർക്കാൻ നിർദ്ദേശം നൽകിയ ലോകം
നാല് ചുവരുകൾക്കുളിൽ നിന്നും...........
ഭൂഖണ്ഡങ്ങൾ പൊട്ടിത്തെറിച്ചും....
നഗരങ്ങളും ചെറിയ
പട്ടണങ്ങളും എല്ലാം
കരിഞ്ഞുപോയ കറുത്ത പന്തായി മാറുന്നു.......
ആഴ്ചയിൽ ഒരു ദിവസം ആയിരുന്നു വിശ്രമം
അത് ലോക്ക്ഡൗൺ ആയി മാറിയിരിക്കുന്നു...
കൊറോണ പേടി പരത്തുമ്പോൾ എത്തുന്നു ഭീതി പരത്തുന്ന പുതിയ വാർത്തകൾ
കോറോണക്ക് ഏക മരുന്നുള്ളത്
വീട്ടിൽ ഇരിക്കുക എന്ന് മാത്രം.

**ദിയ, ദിൽഷൻ**
7 B ജി.എച്ച്.എച്ച്.എസ്.എസ്.പള്ളിക്കുന്ന്
പാപ്പിനിശ്ശേരി ഉപജില്ല
കണ്ണൂർ

# വുഹാനിലെ ഭൂതം

അച്ഛൻ വന്നൊരു നാളിൽ
കാത്തു കാത്തൊരു നാളിൽ
ഒരു നോക്ക് കാണാൻ കഴിയാതെ
ദുഃഖിതനായി ഞാൻ നിന്നു
അടച്ചിട്ട മുറിയിൽ ഏകനായി
അച്ഛനിരിക്കും നേരം
ഓടിച്ചെന്നാകൈകൾ പിടിക്കാൻ
തിടുക്കം കൂട്ടി ഞാൻ
പതിനാലു ദിനം കഴിയും വരെ
ദൂരെ നിന്ന് കണ്ടു
വുഹാനിലെ ഭൂതം
അച്ഛനെ തൊട്ടില്ലെന്നറി!ഞ്ഞ നേരം
ആഹ്ലാദിച്ചു ഏറെ
നാടിനേറ്റ വിപത്തിനെ
അതിജീവിക്കും നമ്മൾ ഒറ്റക്കെട്ടായി
ലോക നന്മയ്ക്കായി ഞാൻ
പ്രാർത്ഥിച്ചീടുന്നു എന്നും

**സമന്വയ വി**
7 A ജി എച്ച്.എസ്.എസ് പള്ളിക്കുന്ന്
പാപ്പിനിശ്ശേരി ഉപജില്ല
കണ്ണൂർ

# മഹാമാരി

വന്നെത്തിയല്ലോ ലോകത്തെ വിഴുങ്ങുവാൻ
വിഷസർപ്പം പോലൊരു മഹാമാരി
പാപം പരത്തുന്ന ലോകജനതയ്ക്ക്
കൂലിയായി എത്തിയ മഹാമാരി
നാം നമ്മെ അറിയുവാൻ ദൈവം
വിതച്ചൊരു ശാപമാണോ ഈ മഹാമാരി;
അഹന്തയും ധാർഷ്ട്യവും ഒന്നുമല്ലെന്ന്
കാട്ടിത്തരുന്നൊരു മഹാമാരി
ഉന്നത രാഷ്ട്രങ്ങൾ മുട്ടുമടക്കിയ
ലോകം കണ്ട മഹാമാരി
വിശപ്പിന്റെ വില മൊത്തത്തിൽ അറിയിച്ച
ഒരേയൊരു മഹാമാരി;
'കൊറോണ' എന്നൊരു മഹാമാരി;
നിർത്തുക ഭൂമിയിൽ അക്രമങ്ങൾ
നിലയ്ക്കണം ഭൂമിയിൽ പാപങ്ങളും
എങ്കിലേ മാനുഷ മോക്ഷമുള്ളൂ
ദൈവം നമ്മെ അനുഗ്രഹിക്കൂ.

**അരവിന്ദ് ആർ**
7 സി ഗവ: യു പി എസ്സ് പെരിങ്ങമ്മല
പാലോട് ഉപജില്ല
തിരുവനന്തപുരം

# കൊറോണ നൃത്തം

നാടിനെ ഭീതിയിലാഴ്ത്തി
കൊറോണ നൃത്തം ചെയ്യുന്നു.
നാട്ടാരെല്ലാം വീട്ടിലിരുപ്പ്
കുട്ടികൾ ജാലക വക്കിലിരിപ്പ്.
വായ് മൂടി മനുഷ്യനൊളിച്ചു നടപ്പൂ,
ഡ്രോണുകൾ എങ്ങും പാറി നടപ്പൂ.
ചായപ്പീടിക കുശലം തീർന്നു
പോലീസ് അങ്ങാടികൾ പൂട്ടീടുന്നു
എങ്ങും ശാന്തത ശാന്തത മാത്രം.
നല്ലൊരു നാളെ ഇനി വരുമല്ലോ
അന്നാകട്ടെ കളിയും ചിരിയും.

**നന്ദന എൻ എസ്**
5 B ഗവ യു പി എസ്സ് വഞ്ചിയൂർ
കിളിമാനൂർ ഉപജില്ല
തിരുവനന്തപുരം

# നല്ല ഭക്ഷണം

താളും തകരയും കളയരുതേ
ഇലകൾ ദൂരെ കളയരുതേ
വാഴപ്പിണ്ടി കഴിച്ചോളൂ
ഔഷധമൂല്യമറിഞ്ഞോളൂ
പച്ചക്കറികളെ കണ്ടറിയൂ
ഭക്ഷണം നല്ലത് കണ്ടറിയൂ
അടുക്കളത്തോട്ടം ഉണ്ടാക്കാം
കൃത്രിമമായതു ഒഴിവാക്കാം
നമ്മൾ നടുന്നത് തിന്നാല്
നമ്മുടെ വയറിനു സൗഭാഗ്യം

**മുഹമ്മദ് ജസീം**
1 A ഗവ. എച്ച് എസ് പരിയാരം
സുൽത്താൻ ബത്തേരി ഉപജില്ല
വയനാട്

# ശുചിത്വം

ഒരു നേരമെങ്കിലും പറമ്പൊന്നു നോക്കിയാൽ
പലനേരവും അത് വൃത്തിയാകും
ശുചിത്വമല്ലാതെ ഈ പാരിൽ
മാനവസമ്പത്ത് വേറെയുണ്ടോ
നീണ്ടുകിടക്കുന്ന വൻകരപോലും
തൻ വ്യക്തി ശുചിത്വം കാട്ടിത്തരും
കെട്ടിക്കിടക്കുന്ന വെള്ളത്തിലും
രോഗങ്ങൾ പരത്തുന്ന ഭീകരന്മാർ
കണ്ണൊന്നു തെറ്റിയാൽ നേരിൽ കാണാം
രോഗം പിടിപെട്ട മാനവരെ
ഇനിയെങ്കിലും ഒന്നോർത്തു നോക്കൂ
വ്യക്തി ശുചിത്വം പാലിച്ചു നോക്കൂ
രോഗം പലതിനേയും എതിർത്തു നിൽക്കാം
മുഷ്ടി ചുരുട്ടി ആഞ്ഞടിക്കാം
പ്ലാസ്റ്റിക്കിനെ തട്ടിക്കളയൂ
പരിസ്ഥിതി ശുചിത്വം പാലിച്ചിടാം.

**ഹരിനാരായണപിള്ള എം**
7 ബി ഗവ. എച്ച്.എസ്സ് .എസ്സ് ശൂരനാട്
ശാസ്താംകോട്ട ഉപജില്ല
കൊല്ലം

# ശീലങ്ങൾ

നാട്ടിലിറങ്ങി നടന്നവരെല്ലാം
വീട്ടിലിരുന്നു പേടിച്ച്
കൊറോണയെന്നൊരു കീടാണു
നാട്ടിൽ ചുറ്റി നടക്കുന്നു.
കൈ കഴുകീടും നേരത്ത്
കൊറോണ ദൂരെ മറഞ്ഞീടും
പുലരും നല്ലൊരു നാളേക്കായ്
ശുചിത്വശീലം പാലിക്കാം.

**ആത്മിക ടി.എസ്.**
1 ഗവ.എൽ.പി സ്കൂൾ കരുമാല്ലൂർ
വടക്കൻ പറവൂർ ഉപജില്ല
എറണാകുളം

# അവധിക്കാലം

അവധിക്കാലം ചെലവാക്കീടാം
വിത്തുകൾ നട്ടുനനച്ചീടാം
പച്ചക്കറികൾ കഴിച്ചിട്ടങ്ങനെ
ആരോഗ്യത്തെ കാത്തീടാം
രോഗാണുക്കൾ പകരാതിരിക്കാൻ
വീട്ടിൽത്തന്നെ ഇരുന്നീടാം
മാസ്ക് ധരിച്ച് പുറത്തിറങ്ങാം
നന്നായകലവും പാലിക്കാം
കൈകൾ കഴുകാം സോപ്പിട്ട്
ഇടവിട്ടങ്ങനെ കഴുകീടാം
പരിസരവും ശുചിയാക്കീടാം
കൊറോണയെ നമുക്കോടിക്കാം.

**കൃഷ്ണേന്ദു. ടി.എസ്**
IB ഗവ.ബഎൽബപിബഎസ്ബവളയൻചിറങ്ങര
പെരുമ്പാവൂർ ഉപജില്ല
എറണാകുളം

# കൊറോണക്കാലം

കൊറോണയെന്നൊരു വൈറസ് വന്നേ
കിരീടമുള്ളൊരു കുഞ്ഞനിവൻ
മാരികളിൽ ഇവനൊരു രാജൻ തന്നെ
ഭൂലോകം മൊത്തം ഞെട്ടിവിറച്ചേ.....
മാലോകർ മുഴുവൻ വീട്ടിലൊളിച്ചേ...
ഇല്ല ശമനം ഈ ബാധക്കേതുമേ
ഇല്ലൊരു പ്രതിവിധി മരുന്നായിപോലും
അകന്നുനിൽകണം മനുഷ്യർ നമ്മളിൽ ഒരുമയുള്ളൊരു മനസുമായി
കൈകൾ നന്നായി കഴുകീടേണം
മുഖാവരണം ധരിച്ചീടേണം
അങ്ങനെ പ്രതിരോധിക്കേണം
അതിജീവിക്കേണം
വലിയൊരു യുദ്ധം ജയിച്ചിടാൻ....

**Sree narayanan**
4 GLPS ELIPPAKULAM
കായംകുളം ഉപജില്ല
ആലപ്പുഴ

# വൻമരം

വിണ്ണിൽ നിന്നൊരു മഴ വന്നു
മണ്ണിൽ വീണതു കുളിരായി
മണ്ണു നന!ഞ്ഞൊരു മുള വന്നു
കൊമ്പുകൾ വന്നു മരമായി
പൈങ്കിളി വന്നു കുഴലൂതി
പന്തലു പോലതു തണലായി
പൂവുകൾ വന്നു തിരിയായി
കായ വിളഞ്ഞു ഫലമായി
കണ്ണിനു കാണാൻ കണിയായി
അണ്ണാനുണ്ടതു പതിവായി
കാലം അതു വൻമരമാക്കി
നാടിനു നല്ലൊരു വരമാക്കി!

**അഖിൽ എം.**
5 A ഗവ. എൽ പി എസ് പൂങ്കുളം
തിരുവനന്തപുരം സൗത്ത് ഉപജില്ല
തിരുവനന്തപുരം

# ശുചിത്വവും കൊറോണയും

കൊറോണ എന്നൊരു വൈറസ് വന്നേ
ലോകം മുഴുവൻ കാർന്നു തിന്നാൻ
ഭീതി വേണ്ട ഭീതി വേണ്ട
ഒന്നായി നമുക്ക് തുരത്തീടാം
വീടിനുള്ളിൽ ഇരുന്നിടാം
ഒത്തുചേരൽ നിർത്തിടാം
ഇടയ്ക്കിടെ കൈകൾ കഴുകിടാം
കൊറോണ യെ തുരത്തിടാം
കൂട്ടുകാരെ വന്ദിച്ചിടാം
ഹസ്തദാനം ഒഴിവാക്കാം
പുറത്തുപോയി വന്നാലുടനെ
കയ്യും കാലും കഴുകിടാം
പരിസരങ്ങൾ ശുചിയാക്കാം
പലപല മാരികൾ ഒഴിവാക്കാം
ഭീതി വേണ്ട ഭീതി വേണ്ട
ശുചിത്വമാണ് പ്രതിരോധം.

**പവിത്ര എ നായർ**
3A ഗവ. എൽ. പി. എസ്. മടത്തുവാതുക്കൽ
ആറ്റിങ്ങൽ ഉപജില്ല
തിരുവനന്തപുരം

# മനുജാ മടങ്ങുക

കടലമ്മയിതാ കേഴുന്നു മനുജാ...
ഞങ്ങൾതൻ അതിർ കടക്കാൻ നിർബന്ധിക്കരുതേ
വനദേവതയിതാ ഞരങ്ങുന്നു! മർത്യാ
ഞങ്ങൾതൻ അതിർ വെട്ടിപ്പിടിക്കരുതേ

വായു ഭവാനിതാ യാചിക്കുന്നു മനുഷ്യാ
ഞങ്ങളെ മലിനമാക്കി നശിപ്പിക്കരുതേ
ജലദേവതയിതാ കേഴുന്നു മാനവരേ
ഞങ്ങൾ തെളിമയോടെ ഒഴുകട്ടേ

ഭൂമിതൻ ഗദ്ഗദം കേൾക്കുവാൻ മനുജാ
മനസ്സില്ലാത്തിടത്തോളം കാലം
സ്വൈര്യമായി !!ജീവിക്കുവാൻ നിനക്കാവതില്ല
എന്നോർത്ത് മടങ്ങുക നല്ല നാളുകളിലേക്ക്

**ആദിത്യലക്ഷ്മി**
5 B ഗവ. എൽ. പി. എസ്. വിളപ്പിൽ
കാട്ടാക്കട ഉപജില്ല
തിരുവനന്തപുരം